2016
ജനുവരി 25
വാല്യം 09
ലക്കം 02

ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription 150/- Pages:16

# കുമ്പനാട് കൺവൻഷന് ഉജ്വല തുടക്കം

## ഹെബ്രോൻ പുരത്തേക്ക് ജന പ്രവാഹം




92-ാമത് ഐ. പി. സി. ജനറൽ കൺവൻഷൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ ബേബി വർഗീസ് (വൈസ് പ്രസിഡന്റ്), സാം ജോർജ്ജ് (ആക്ടിംഗ് ജനറൽ സെക്രട്ടറി), കെ. സി. ജോൺ (മുൻ ജനറൽ പ്രസിഡന്റ്) തുടങ്ങിയവർ മുൻനിരയിൽ (വാർത്ത പേജ് 10)

# ഡാളസ് പിസിനാക്ക് റെയ്നാർഡ് ബോങ്കെ മുഖ്യപ്രസംഗകൻ


റവ. റെയ്നാർഡ് ബോങ്കെ


റവ. ഡാനിയേൽ കൊളാൻഡോ


റവ. ഫ്രാൻസിസ് ചാൻ


പാസ്റ്റർ ബാബു ചെറിയാൻ

**ഡാളസ്:** നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്തു സമൂഹത്തിന്റെ 34-ാമത് ദേശീയ സമ്മേളനത്തിൽ ലോകപ്രശസ്ത സുവിശേഷകനും ആഫ്രിക്കയുടെ അപ്പോസ്തലനുമായ റവ. റെയ്നാർഡ് ബോങ്കെ മുഖ്യപ്രസംഗകനായി എത്തും. അദ്ദേഹത്തിന്റെ ശിഷ്യനും അഞ്ചാം തലമുറയിലെ ഉജ്വലപ്രസംഗകനുമായ റവ. ഡാനിയേൽ കൊളാൻഡോ, ചൈനീസ് വംശജനായ അമേരിക്കൻ പ്രസംഗകൻ റവ. ഫ്രാൻസിസ് ചാൻ ഇവരോടൊപ്പം മലയാളികളുടെ പ്രിയ പ്രസംഗകനായ പാസ്റ്റർ ബാബു ചെറിയാൻ എന്നിവരാണ് ഇത്തവണത്തെ അതിഥി പ്രസംഗകർ.

കേരളത്തിനു പുറത്ത് ഏറ്റവുമധികം മലയാളികൾ പങ്കെടുക്കുന്ന സമ്മേളനമെന്ന നിലയിൽ പ്രശസ്തനായ പിസിനാക്കിന്റെ 34-ാം ഒത്തുചേരലിന് വേദിയാകുന്നത് ഡാളസിലെ ആഡിസനിലുള്ള ഇന്റർകോണ്ടിനെന്റൽ ഹോട്ടലാണ്. ജൂൺ 30-ജൂലൈ 3 വരെയാണ് സമ്മേളനം. എണ്ണായിരത്തോളം പേർക്ക് താമസിച്ച് കോൺഫറൻസിൽ പങ്കെടുക്കുവാനുള്ള ക്രമീകരണങ്ങളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്.

റവ. ഷാജി കെ. ദാനിയേൽ നാഷണൽ കൺവീനർ, ടിജു തോമസ് നാഷണൽ സെക്രട്ടറി, തോമസ് വർഗീസ് നാഷണൽ ട്രഷറർ, ഏബ്രഹാം മോനിസ് യൂത്ത് ഡ

04

# ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് 93-ാമത് ജനറൽ കൺവൻഷൻ

## ജനുവരി 25 മുതൽ 31 വരെ

● വാർത്ത: പാസ്റ്റർ പി.പി.കുര്യൻ (മീഡിയ സെക്രട്ടറി)


പാസ്റ്റർ പി. ജെ. ജെയിംസ്


പാസ്റ്റർ പി. ജി. മാത്യൂസ്


പാസ്റ്റർ പി. സി. ചെറിയാൻ

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ്(ഫുൾ ഗോസ്പൽ)ഇന്ത്യയുടെ കേരള സ്റ്റേറ്റിന്റെ 93-ാമത് ജനറൽ കൺവൻഷൻ 2016, 25 തിങ്കൾ മുതൽ 31 ഞായർ വരെ തിരുവല്ലായിൽ ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ വച്ച് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു. സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ പി.ജെ. ജെയിംസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. രാവിലെയും ഉച്ചയ്ക്കും ബൈബിൾ ക്ലാസുകൾ, ഉണർവ്വ് യോഗങ്ങൾ നടത്തപ്പെടും. 1 യോഹ:2:28 (ക്രിസ്തുവിൽ വസിപ്പിൻ) എന്ന വേദവാക്യം ആ

04

## സാക്ഷി



ചർച്ച് ഓഫ് ഗോഡിൽ കേരളാ സൂപ്രണ്ട്?

*സൂപ്രണ്ടിനുവേണ്ടി സൂപ്രണ്ടനാൽ സൂപ്രണ്ട് തന്നെ തെരഞ്ഞെടുക്കുന്ന ഏകാധിപതി.*

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സൂപ്രണ്ട് നിയമനത്തിനെതിരെ പ്രതിഷേധം വ്യാപകം

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ ഓവർസിയർമാരുടെ മുകളിൽ കേരളാ സൂപ്രണ്ടിനെ അവരോധിക്കുന്നതിനെതിരെ പ്രതിഷേധം വ്യാപകമാകുന്നു. സൂപ്രണ്ടിന്റെ നിയമനം സംബന്ധിച്ച കരട് നിർദ്ദേശം ചർച്ചകൾക്കും തീരുമാനത്തിനുമായി ഓവർസീയർമാർക്കും കൗൺസിൽ അംഗങ്ങൾക്കും ലഭിച്ചു. ഗൗരവമായ ചർച്ചകൾ നടത്താതെ വേഗത്തിൽ തീരുമാനം നടപ്പിലാക്കാനുള്ള നീക്കമാണ് ഇപ്പോൾ നടത്തുന്നത്. പാസ്റ്റേഴ്സിന്റെ ജനറൽ ബോഡിയിൽ വിഷയം ചർച്ച ചെയ്യണമെന്നും സ്റ്റേറ്റ് ഓവർസിയറുടെയും കൗൺസിലിന്റെയും അധികാരങ്ങളെയും അവകാശങ്ങളെയും കവർന്നെടുത്ത യാതൊരു തീരുമാനങ്ങൾക്കും പിന്തുണ നൽകേണ്ടതില്ല എന്ന തീരുമാനത്തിലാണ് ശുശ്രൂഷകന്മാർ.

കേരളാ സ്റ്റേറ്റിനെ മൂന്ന് റീജിയനുകളായി തിരിച്ച്, മൂന്ന് ഓവർസിയർമാർക്ക് മുകളിൽ കേരളാ സൂപ്രണ്ടിനെ നിയമിക്കാനാണ് പുതിയ നീക്കം. ഓവർസിയർമാരുടെ ഭരണപരമായ അധികാരങ്ങളും കൗൺസിലിന്റെ ജനാധിപത്യപരമായ അവകാശങ്ങളും ചവിട്ടിമെതിക്കുന്നതാണ് പുതിയ നിർദ്ദേശം. സൗത്ത്, നോർത്ത്, പാക്കിൽ ആസ്ഥാനമാവുന്ന കേരളാ റീജിയൻ എന്നീ മൂന്ന് റീജിയനുകളും ഇവർക്ക് മുകളിൽ സൂപ്രണ്ടിനെ നിയമിക്കാനാണ് ആലോചന.

കേരളത്തിലെ സഭകൾ വളർച്ചയുടെ പാതയിലാണ്. സമർത്ഥരായ ശുശ്രൂഷകന്മാരാണ് ഇവിടെയുള്ളത്. സ്വയം പര്യാപത്മായ സഭകളും അനുഗ്രഹീതരായ വിശ്വാസിസമൂഹവുമാണുള്ളത്. 126 കോടി ജനവും 29 സംസ്ഥാനങ്ങളും ഉള്ള ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. ഉത്തരേന്ത്യൻ മേഘലകളിൽ ഇനിയും സുവിശേഷം അറിയാനുണ്ട്. അനവധി സംസ്ഥാനങ്ങളിൽ സഭാസ്ഥാപനം ഒരു മരീചികയായി തുടരുകയാണ്. ഈ മേഘലകളിൽ സഭാ വളർച്ചയ്ക്കുവേണ്ടി ഒന്നും ചെയ്യാതെ

13

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

അറിയിപ്പ്
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ

# നമ്മുടെ കൺവൻഷനുകൾ പരിശുദ്ധാത്മ നിറവിലാകട്ടെ




അമേരിക്കയിൽ നിന്നും വീണ്ടും കേരള മണ്ണിലേക്ക് വന്നത് വലിയ പ്രതീക്ഷയോടെയാണ്. കുമ്പനാട് കൺവൻഷന്റെ ഉദ്ഘാടന ദിനം മുതൽ സംബന്ധിക്കുവാൻ കഴിഞ്ഞത് അനുഗ്രഹമായി. മൂന്നും നാലും പ്രസംഗകരാണ് വൈകിട്ട് പൊതുയോഗത്തിൽ പ്രസംഗിക്കുന്നത്. അവകാശത്തിന്റെയും കടപ്പാടിന്റെയും ഒക്കെ പേരിൽ നടക്കുന്ന വീതം വെയ്പ്പാണ് പല പ്രസംഗകരും സ്റ്റേജിലെത്തുവാൻ കാരണമാകുന്നത്. ആരംഭിക്കുന്ന പ്രസംഗം എങ്ങനെ അവസാനിപ്പിക്കണമെന്ന് അറിയാതെ തത്രപ്പെടുന്നവരും സഭാകമ്പം ബാധിച്ച് പ്രസംഗം മുന്നോട്ടുകൊണ്ടുപോകുവാൻ പാടുപെടുന്നവരുമൊക്കെ സ്റ്റേജിൽ നിറയുമ്പോൾ സങ്കടം തോന്നാറുണ്ട്. എന്നാൽ അതിലും വലിയ സങ്കടം നല്ല പ്രസംഗകർക്ക് ആവശ്യത്തിനു സമയം ഈ വീതം വെയ്പ്പിനിടയിൽ കിട്ടാതെ പോകുന്നു എന്നുള്ളതാണ്.

വലിയ ജനസമൂഹം തടിച്ചുകൂടുമ്പോൾ അവർക്ക് പ്രയോജനപ്രദവും ആവശ്യമുള്ളതുമായ സന്ദേശം ലഭിക്കുന്നതിന് മതിയായ ക്രമീകരണം ചെയ്യേണ്ടത് സംഘാടകരുടെ കടമയാണ്. ഏറ്റവും കുറഞ്ഞത് 45 മിനിറ്റ് എങ്കിലും പ്രധാന പ്രസംഗകന് നൽകണം. ഇത് എല്ലാ പ്രസ്ഥാനത്തിലും കാണുന്ന അനുഭവങ്ങളാണ്.

പണം നൽകിയതുകൊണ്ടോ നേതാവിന് ആതിഥേയത്വം നൽകിയതുകൊണ്ടോ കുമ്പനാട്ടും തിരുവല്ലയിലുമൊന്നും പ്രസംഗിക്കുവാൻ ഉള്ള യോഗ്യത ആകുന്നില്ല. സഭയുടെ ജനറൽ കൺവൻഷനുകളിൽ പ്രസംഗകരെ നിയോഗിക്കുക എന്നത് സംഘാടകർക്ക് എന്നും തലവേദന തന്നെയാണ്. അവകാശവാദങ്ങളും ശുപാർശകളും ഒക്കെ ഈക്കാര്യത്തിൽ ഒരു പരിധി വരെ സ്വാധീനം ചെലുത്താറുണ്ട്. എങ്കിലും നന്നായി ശുശ്രൂഷിക്കുന്ന ഒരു പ്രധാന പ്രസംഗകൻ എല്ലാ പൊതുയോഗങ്ങളിലും പ്രസംഗിക്കുവാൻ പങ്കെടുക്കുന്നവർക്കും കൺവൻഷനു പൊതുവേയും അത് അനുഗ്രഹവും മനോഹരവും ആയിരിക്കും.

കുമ്പനാട് കൺവൻഷനിൽ ഇക്കുറി ഉദ്ഘാടന ദിവസം പതിവിൽ കവിഞ്ഞ ജനസാന്നിധ്യം കണ്ടത് എനിക്ക് സന്തോഷകരമായി തോന്നി. നാം കാലഘട്ടത്തെ വിവേചിക്കേണ്ടവരാണ്. സുവിശേഷത്തിന് അനുകൂലമല്ലാത്ത ഒരു രാഷ്ട്രീയ കാലാവസ്ഥയാണ് ശക്തി പ്രാപിക്കുന്നത്. അപ്പോൾ ശുശ്രൂഷകരെയും വിശ്വാസികളെയും ആത്മസജ്ജരാക്കേണ്ടത് ആത്മീയ നേതൃത്വത്തിന്റെ കടമയാണ്. പുതിയ ദർശനവും ആത്മശക്തിയും പ്രാപിച്ച് ജനം ഒരുങ്ങുവാൻ ഇത്തരം കൺവൻഷനുകളാണ് മുഖാന്തിരമാകേണ്ടത്. ബാഹ്യമായ പ്രകടനങ്ങളോ ക്രമീകരണങ്ങളോ ഒന്നും ദൈവം പ്രസാദിക്കുന്നതല്ല. ആന്തരികമായ മാറ്റവും ക്രമീകരണവുമാണ് ദൈവം ശ്രദ്ധിക്കുന്നത്. വിശ്വാസം, ആത്മീയ ശുശ്രൂഷ, ലളിത ജീവിതം തുടങ്ങിയവയും നമ്മുടെ കൺവൻഷനുകളിലൂടെ ജനത്തിന് പഠിക്കുവാൻ കഴിയണം.

സുവിശേഷത്തിന്റെ പേരിൽ ജീവത്യാഗം ചെയ്യേണ്ടി വന്ന ശുശ്രൂഷകരുടെ കുടുംബത്തെ സഹായിക്കുവാനും ആദരിക്കുവാനും ഇക്കുറി കുമ്പനാട്ട് ക്രമീകരണം ചെയ്തത് അഭിനന്ദനാർഹം തന്നെയാണ്. ഐ. പി. സി. ജനറൽ കൺവൻഷന്റെ ചിന്താവിഷയവും യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ കൂട്ടാളിയാകുക എന്നുള്ളതാണല്ലോ. പീഢ അനുഭവിക്കുന്ന പ്രിയപ്പെട്ടവരെ പലപ്പോഴും തിരിഞ്ഞുനോക്കുവാൻ പോലും മിക്ക പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെയും നേതാക്കന്മാർ തയ്യാറാകാറില്ല. കംഫർട്ട് സോണിൽ മാത്രം ശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്ന ഭൂരിപക്ഷത്തിനിടയിൽ ത്യാഗപൂർണ്ണമായ ശുശ്രൂഷ ചെയ്യുന്ന ന്യൂനപക്ഷത്തെ പലപ്പോഴും അംഗീകരിക്കാറില്ല. അവർക്കുവേണ്ട ധാർമ്മിക സാമ്പത്തിക പിന്തുണയും പലപ്പോഴും ലഭിക്കാറുമില്ല. എന്നാൽ ഇതിനെല്ലാം ഒരു മാറ്റമുണ്ടാകണം. ഐ. പി. സി. നേതൃത്വം അവരെ അംഗീകരിച്ച് ആദരിക്കുന്നതിൽ അഭിനന്ദനം അറിയിക്കുന്നു.

2016 ന്റെ പ്രാരംഭദിനങ്ങളിൽ തന്നെ ആത്മശക്തി പ്രാപിച്ച് ഒരു കുതിപ്പിനായി നമുക്കൊരുങ്ങാം. മണവാളൻ വരുവാൻ സമയം ആസന്നമായിരിക്കുന്നു. ഈ കൺവൻഷൻ സീസൺ നമുക്ക് അനുഗ്രഹമാകട്ടെ. സത്യ സുവിശേഷത്തിന്റെ സാക്ഷികളായി നിൽക്കുവാൻ ഇതെല്ലാം പ്രചോദനമാകട്ടെ. നമുക്കൊരുങ്ങാം.



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

---

യുവജന പംക്തി

# വിവാഹം – ദൈവഹിതം



ബിനു ജോസഫ്
വടശ്ശേരിക്കര

വിവാഹം മനുഷ്യന്റെ സൃഷ്ടിയല്ല, ദൈവമാണ് വിവാഹം എന്ന സംരംഭത്തെ ആരംഭിച്ചത്. വിവാഹത്തിൽ ദൈവം ആണ് ദമ്പതികളെ കൂട്ടിയോജിപ്പിക്കുന്നത്. ഓരോ കുടുംബങ്ങളെ പറ്റിയും ദൈവത്തിന് വ്യക്തമായ പദ്ധതി ഉണ്ട്.

**1. ദൈവീക പദ്ധതി അറിയുക**

ഓരോ വ്യക്തികളെപറ്റിയും ദൈവത്തിന് പദ്ധതി ഉണ്ട്. ഒരു മാതാവും-പിതാവും മക്കളുടെ ഭാവിയെപ്പറ്റി വിചാരപ്പെടുമ്പോൾ അവരുടെ നല്ല നാളെക്കായുള്ള വിശാല പദ്ധതി ദൈവകരങ്ങളിലുണ്ട് -കാരണം സൃഷ്ടാവായ ദൈവം മക്കളുടെ നല്ല ഭാവി ആഗ്രഹിക്കുന്നു എന്നതു തന്നെ. നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു. അവ തിന്മക്കല്ല നന്മക്കത്രേ ആകുന്നു (യിരെ.29:11). ദൈവീക പാതയിൽ ജീവിക്കുന്ന ഏതൊരു വ്യക്തിയുടെയും വിവാഹം, കുടുംബജീവിതം, മക്കൾ, ഭാവി, ജോലി തുടങ്ങിയവയെ പറ്റി ദൈവത്തിന് വ്യക്തമായ പദ്ധതി (God's plan) ഉണ്ട്.

**2. ദൈവീക പദ്ധതിക്കായി കാത്തിരിക്കുക (wait for Lords plan)**

ആദമിന് തക്കതായ തുണയെ നൽകിയത് ദൈവമാണ്. ഞാൻ അന്വേഷിച്ച് കണ്ടുപിടിച്ചില്ലെങ്കിൽ വിവാഹം നടക്കാതെ വന്നാലോ എന്ന് ആശങ്കപ്പെടുന്നവർ ഉണ്ട്.

കാത്തിരിപ്പ് പലപ്പോഴും നമ്മെ നിരാശപ്പെടുത്തുന്നതാണ്. ദൈവത്തിന് മികച്ച പദ്ധതി (better plan) ഉണ്ടെന്ന് വിശ്വസിക്കണം. ഒപ്പം കാത്തിരിക്കണം Better plan always comes late..so wait.

പലരും മനുഷ്യരുടെ വാക്കുകൾക്ക് മുമ്പിൽ വർഷങ്ങൾ കാത്തിരിക്കുവാൻ തയ്യാറാകും,...എന്നാൽ ദൈവവാഗ്ദത്തങ്ങൾക്കായി കാത്തിരിക്കുവാൻ പലരും വിമുഖത കാണിക്കാറുണ്ട്. ആദമിന്റെ അന്വേഷണത്തിന് വിരാമം കുറിക്കുന്നത് ദൈവമാണ്. ആദമിന് അനുയോജ്യമായ തുണയെ ഉണ്ടാക്കി കൊടുക്കാൻ ദൈവം തന്നെ മുൻകൈ എടുക്കുകയാണ്. ആദമിന്റെ പങ്ക് അനുസരണയോടെ വിധേയപ്പെടുക എന്നതു മാത്രം. ഏറ്റവും ബൈസ്റ്റ് ആയതും അനുയോജ്യമായതും (suitable) നൽകി തരുവാനാണ് ദൈവപ്രസാദം ഇന്ന് പലരും പങ്കാളിയെ സ്വയമായി തിരഞ്ഞെടുക്കും. പിന്നെ വിവാഹദിനത്തിലെ കാലാവസ്ഥ നന്നാക്കുന്ന പണി ദൈവത്തിനും.

**3. ദൈവീക സമയത്തിനായി കാത്തിരിക്കുക (wait for -lords time)**

എല്ലാറ്റിനും, വ്യക്തമായ ഒരു സമയം ദൈവത്തിനുണ്ട്. ദൈവത്തിന്റെ സമയം പദ്ധതികൾ, വാഗ്ദത്തങ്ങൾ ഇവയൊന്നും തെറ്റുകയില്ല. വചനം പറയുന്നു, ദർശനത്തിന് ഒരു അവധി വെച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു. സമയം തെറ്റുകയില്ല. വൈകിയാലും അതിനായി കാത്തിരിക്കുക. അത് വരും നിശ്ചയം (ഹബകുക്ക്.2:3).

ദൈവത്തിന് നമ്മോടുള്ള വാഗ്ദത്തങ്ങൾക്കായി നാം-ക്ഷമയോടെ കാത്തിരിക്കണം. ദൈവത്തിന്റെ സമയം ഒരിക്കലും തെറ്റുകയില്ല. മനുഷ്യന്റെ സമയമല്ല ദൈവ സമയം. ദൈവത്തിന്റെ സമയത്തിനായി നാം ക്ഷമയോടെ കാത്തിരിക്കണം. വൈകിയാലും വരും നിശ്ചയം...താമസിച്ചാലും ഏറ്റവും മികച്ചത് നൽകുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പലപ്പോഴും നാം ധൃതിപ്പെടുമ്പോൾ, അക്ഷമയാകുമ്പോൾ ദൈവഹിതം നിറവേറ്റപ്പെടാതെ പോകുന്നു. ദൈവ പദ്ധതികൾ നിറവേറാൻ സഹിഷ്ണത ഏറെ ആവശ്യമാണ്. പാസ്പോർട്ടിനായി അപേക്ഷിച്ച് കാത്തിരിക്കുന്നവർ ഉണ്ട്. എന്നാൽ വേരിഫിക്കേഷൻ നടത്താൻ പോലീസ് വരുമ്പോൾ ആൾ നാട് വിട്ടുപോയി എന്ന് പറഞ്ഞാൽ പാസ്പോർട്ട് ഒരിക്കലും ലഭിക്കുകയില്ല. ഇതുപോലെയാണ് പലരും പ്രാർത്ഥനയുടെ ഉത്തരവുമായി ദൂതൻ എത്തുമ്പോൾ ദൈവഹിതത്തിനായി കാത്തിരിക്കാതെ ഇഷ്ടമുള്ള വഴി പോയി കാണും. ദൈവവഴിയിൽ നടന്ന് ദൈവഹിതത്തിനായി കാത്തിരിക്കാതെ ഇഷ്ടമുള്ള വഴിപോയി കാണും. ദൈവവഴിയിൽ നടന്ന് ദൈവഹിതത്തിനായി കാത്തിരുന്നെങ്കിലേ ദൈവീക നന്മകൾ പ്രാപിക്കാൻ കഴിയൂ. ദൈവഹിതം അറിഞ്ഞ് യാത്ര ചെയ്യുന്നതിൽ അധികമായ അനുഗ്രഹം മറ്റൊന്നില്ല:-. "എന്റെ ഇഷ്ടമല്ല അങ്ങയുടെ ഹിതം നിറവേറണം എന്ന പ്രാർത്ഥനയാണ് നമുക്ക് അനുദിനം ആവശ്യം. ജീവിതത്തിലെ ഉയർച്ചകൾക്കു പലപ്പോഴും തടസമാകുന്നത് എന്റെ പദ്ധതികളാണ്. ഞാൻ ദൈവഹിത്തതിനും സമയത്തിനുമായി കാത്തിരുന്നാൽ ശ്രേഷ്ഠമേറിയ നന്മകൾ പ്രാപിക്കുവാൻ കഴിയും.

(തുടരും....)

**എനിക്കും പറയാനുണ്ട്**

# ഏകാധിപതിയായ സൂപ്രണ്ട് ആവശ്യമില്ല



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ ഇനി മുതൽ സൂപ്രണ്ട് ആയിരിക്കും ഭരിക്കുന്നത് എന്ന വാർത്തയാണ് ഇപ്പോൾ പൊതു ചർച്ചയായിരിക്കുന്നത്. കേരളാ സ്റ്റേറ്റിനെ രണ്ടായി വിഭജിക്കുകയും കേരള റീജിയൻ കൂടി ഉൾപ്പെടുത്തി മൂന്നു റീജിയനുകളും മൂന്നു ഓവർസിയർമാരും അതിനു മുകളിൽ സൂപ്രണ്ട് എന്ന നിർദ്ദേശവുമാണ് ഉയർന്നുവന്നിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ ഓവർസിയറുമാരുടെ അധികാരമെല്ലാം സൂപ്രണ്ട് കവരുകയും ഓവർസിയർ കസേര പേരിനുമാത്രവുമാകുകയും ചെയ്യും. എന്നു പറഞ്ഞാൽ പ്യൂണിന്റെ ജോലി മാത്രം ചെയ്യുന്ന പദവിയായി ഓവർസിയർ കസേര മാറും.

അധികാര കേന്ദ്രീകരണം എന്ന അവസ്ഥമാറി ഇന്ന് അധികാര വികേന്ദ്രീകരണത്തിന്റെ കാലമാണ് ഇത്. അധികാരം ജനങ്ങളിലേക്ക് എല്ലാ തലത്തിലും എത്തിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. ജനാധിപത്യ സംവിധാനം വളരെ കുറവുള്ള പ്രസ്ഥാനമാണ് ചർച്ച് ഓഫ് ഗോഡ്. പുതിയ നീക്കത്തിലൂടെ ഉള്ള അവകാശങ്ങളും കവരുവാനാണ് ശ്രമിക്കുന്നത്. പാസ്റ്റർ എം. കുഞ്ഞപ്പി ഓവർസിയറായിരുന്ന കാലത്ത് സായ്പന്മാരുടെ സാന്നിധ്യത്തിൽ നടന്ന കൗൺസിൽ മീറ്റിംഗിൽ ഓവർസിയർ കാലാവധി 4 വർഷം എന്ന പരിധി തീരുമാനിച്ചിരുന്നു. അക്കാലത്തെ മിനിറ്റ്സിൽ അത് രേഖപ്പെടുത്തിയിരുന്നു. എന്നാൽ അത്തരം തീരുമാനങ്ങളെ എല്ലാം അപ്രസക്തമാക്കുന്ന നിലയിലാണ് ഇപ്പോൾ നടക്കുന്ന അടിയൊഴുക്കുകൾ. അധികാര കസേരയ്ക്കായി നടത്തുന്ന കളികളാണ് പാസ്റ്റർ പി. ജെ. ജെയിംസിനെ ഇപ്പോൾ ശ്രദ്ധേയനാക്കുന്നത്. കഴിഞ്ഞ നാലുവർഷങ്ങളിലെ തന്റെ ഭരണം കൊണ്ട് ചർച്ച് ഓഫ് ഗോഡിന് ഒരു ഗുണവും ഉണ്ടായില്ല എന്നതാണ് സത്യം. ഒരു പ്രാദേശിക സഭാ വിഷയംപോലും പരിഹരിക്കുവാൻ തനിക്കു കഴിഞ്ഞില്ല. മാത്ര സഭ മുതൽ ഇപ്പോൾ മഴുക്കീർ സഭ വരെ ഉദാഹരണം. മുൻഗാമികൾ പണിപൂർത്തിയാക്കാനാവാതെ പുറത്തായപ്പോൾ ഓഫീസ് കോംപ്ലക്സിൽ ഒരു രൂപയുടെ പണിപോലും ചെയ്യാതെ ഇരുന്ന റവ. പി. ജെ. ജയിംസ് കാട്ടിയത് വലിയ തെറ്റുതന്നെയാണ്. ഗ്ലാസിട്ട് മനോഹരമെന്ന് പുറമെ തോന്നിക്കുന്ന കെട്ടിടത്തിന്റെ ഉൾവശത്തെ സ്ഥിതി എത്ര ദയനീയമാണ്. താൻ തന്നെ പണിതുയർത്തിയ ബൈബിൾ കോളജ് കെട്ടിടത്തിന്റെ സ്ഥിതിയും ശ്രദ്ധിക്കുക. ഇപ്പോഴത്തെ ചുമതലക്കാർ നടത്തുന്ന ശ്രമങ്ങൾ കൊണ്ട് മാത്രമാണ് ചില പണിയെങ്കിലും അവിടെ നടന്നത്. അതിനും ഇടങ്കോലിടുവാനാണ് ഓവർസിയറുടെ ശ്രമങ്ങൾ. ഇത്രയും പണികൾ പൂർത്തീകരിക്കുവാനുള്ളപ്പോഴാണ് പുതിയ പ്രോജക്ടുകൾ അവതരിപ്പിക്കുന്നത്. വസ്തു വാങ്ങണം, കോളജ് തുടങ്ങണം തുടങ്ങി ഒരു തരം ആക്രാന്തം കാട്ടുന്ന ഓവർസിയറോട് സ്നേഹപൂർവ്വം ഒരു വാക്ക്. 4 വർഷത്തെ ഭരണത്തെ സ്വയം വിലയിരുത്തുക. ശുശ്രൂഷകന്മാർ തെരഞ്ഞെടുത്ത കൗൺസിലിനെ ഇത്രയും അവഗണിച്ച ഒരു ഓവർസിയർ ഇതിനു മുമ്പുണ്ടായിട്ടില്ല. തികഞ്ഞ ഏകാധിപതിയെപ്പോലെ താൻ നടത്തിയ ഭരണം പരാജയമാകാനും കാരണം ഇതാണ്. തന്നെ പിന്തുണച്ചിരുന്ന ബിലീവേഴ്സ് ബോർഡിനെയും താൻ സഹായിച്ചില്ല എന്നതാണ് വസ്തുത. വിശ്വാസികൾക്ക് അർഹമായ പ്രാതിനിധ്യം കൗൺസിലിൽ നൽകാതെ അവരെ വഞ്ചിക്കുകയായിരുന്നു. എന്തിനും ഏതിനും വേൾഡ് മിഷൻ, ഗവേണിംഗ് ബോഡി എന്നൊക്കെ പുലമ്പി എല്ലാവരെയും തെറ്റിദ്ധരിപ്പിച്ച് രക്ഷപ്പെടുന്ന പതിവ് ഇനി വിലപ്പോവില്ല.

ജെയിംസ് സാർ മാറുന്നതാണ് ഉചിതമെന്ന് പറയുവാൻ മൂന്നു കാരണങ്ങളാണുള്ളത്.

1. ഓവർസിയർ കാലാവധി 4 വർഷമെന്ന കൗൺസിൽ മിനിട്ട്സ് പ്രകാരം (ഇനി വരുന്നവർക്കും ഇത് ബാധകമായിരിക്കണം).

2. രണ്ട് ആഴ്ചത്തെ വ്യത്യാസം വന്നുവെന്ന പേരിൽ പ്രായപരിധി നിർബന്ധമാക്കി പാസ്റ്റർ ഈപ്പൻ ചെറിയാനെ കൗൺസിലിൽ മത്സരിക്കാൻ അനുവാദം നൽകാതിരുന്ന ഓവർസിയറുടെ നടപടി സത്യത്തിനും നീതിക്കും വേണ്ടിയായിരുന്നെങ്കിൽ ഓവർസിയർക്കും ഇത് ബാധകമായി നിയമം നടപ്പിലാക്കണം.

3. ഇക്കുറി നടന്ന കൗൺസിൽ തെരഞ്ഞെടുപ്പിൽ ശുശ്രൂഷകർ നൽകിയ സന്ദേശം വ്യക്തമായതിനാൽ.

നിയമവും കീഴ്‌വഴക്കങ്ങളും എതിരായിരുന്നിട്ടും സൂപ്രണ്ടാകാൻ നടത്തുന്ന നീക്കങ്ങൾ താങ്കളുടെ നിലപാടുകളും പുറമെ കാട്ടുന്ന ആത്മീയതയുമെല്ലാം വെറും പുറംപൂച്ച് മാത്രമാണെന്ന് വ്യക്തമാക്കുന്നു. പാഴായിപ്പോയ നാലു വർഷങ്ങളെക്കുറിച്ച് താങ്കൾക്ക് മനസ്താപമില്ലെങ്കിലും സാധാരണക്കാർ അതിൽ ദുഃഖിക്കുന്നുവെന്ന് അറിഞ്ഞാലും.

സൂപ്രണ്ട്, റീജിയൻ ഓവർസിയർമാർ തുടങ്ങിയ മാറ്റം ദൈവസഭയ്ക്ക് ഗുണം ചെയ്തേനേ. പക്ഷെ സഭാവളർച്ചയും സഭയുടെ നന്മയും ലാക്കാക്കി അത് നടപ്പിലാക്കിയിരുന്നെങ്കിൽ. മലബാറിലും ഹൈറേഞ്ചിലും തിരുവനന്തപുരത്തുമൊക്കെ ഉള്ള ദൈവദാസന്മാർ എന്തിനും ഏതിനും മുളക്കുഴയിലെത്തേണ്ട സാഹചര്യം ഒഴിവാക്കാമായിരുന്നു. എന്നാൽ അധികാരം, ശുശ്രൂഷ, പണം ഇവയെല്ലാം സൂപ്രണ്ടിൽ മാത്രം കേന്ദ്രീകരിക്കുകയും റീജിയൻ ഓവർസിയർമാർ നോക്കുകുത്തികളാകുകയും ചെയ്യുമ്പോൾ മാറ്റങ്ങൾക്ക് എന്ത് പ്രസക്തി. നമ്മുടെ നാട്ടിൽ കേട്ടുകേൾവിയില്ലാത്ത നിലയിൽ ഉള്ള മാറ്റത്തെ ആരും അംഗീകരിക്കുകയില്ല. ജനപിന്തുണ നഷ്ടപ്പെട്ട ഒരു നേതാവിന് അധികം നാൾ പിടിച്ചുനിൽക്കാൻ കഴിയില്ല. കൂട്ടുപ്രവർത്തകരെ വിശ്വാസത്തിലെടുക്കുകയും വാക്കുകളിലും പ്രവർത്തിയിലും സത്യസന്ധത പുലർത്തുകയും ഭരണത്തിൽ സുതാര്യത പാലിക്കുകയും ചെയ്യുന്ന ഒരു നേതാവിനെയാണ് ഈ കാലഘട്ടത്തിൽ പ്രസ്ഥാനത്തിനാവശ്യം. ഇതെല്ലാം എന്റെ നിരീക്ഷണങ്ങളാണ്. ജെയിംസ് സാർ സദയം ക്ഷമിച്ചാലും. ഈ കുറിപ്പുകൊണ്ട് ഈ വിഷയം ഇവിടെ അവസാനിപ്പിക്കുന്നു. സൂപ്രണ്ട് നിയമനത്തിന്റെ പ്രൊപ്പോസലിന്റെ പരിഭാഷ 11-ാം പേജിൽ വായനക്കാർക്ക് വായിക്കുകയും ചെയ്യാം. നന്ദി..നമസ്കാരം.

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്, വേങ്ങൂർ
9961336353

അപ്പോസ്തലിക കാലത്ത് സഭകളിൽ സ്നാനം, കർത്തൃമേശ, സഭായോഗം, കൂട്ടായ്മ, പ്രാർത്ഥന എന്നിവയായിരുന്നു പ്രധാന ആചാരഅനുഷ്ഠാനങ്ങൾ. അല്ലാതെ പട്ടത്വസഭകളിൽ കാണുന്നതുപോലുള്ള ചടങ്ങുകളോ രീതികളോ, കർമ്മങ്ങളോ, കൂദാശകളോ ഉള്ളതായി കാണുന്നില്ല. ഇന്നു പട്ടത്വസഭകളിൽ കാണുന്ന പൗരോഹിത്യക്രമങ്ങളും അവർക്കു ഉണ്ടായിരുന്നില്ല. വളരെ സംഘടിതമായ നിലയിലോ ക്രമീകൃതമായ രീതിയിലോ പൗരോഹിത്യക്രമങ്ങളും അവർക്കുണ്ടായിരുന്നില്ല. എന്നാൽ യെരുശലേമിൽ കൂടിയ സമ്മേളനത്തിൽ സഭയുടെ സജീവമായ സാന്നിധ്യം ഉണ്ടായിരുന്നതായി കാണുന്നു. ഭരണകേന്ദ്രങ്ങളും സംവിധാനങ്ങളും അധികാരങ്ങളും സഭയുടെ വളർച്ചയോടെ വികാസം പ്രാപിച്ചു. ഇന്നു കാണുന്ന വിധത്തിലുള്ള സഭയുടെ വളർച്ചയോ ഭരണസംവിധാനങ്ങളോ വികാസം പ്രാപിച്ചിരുന്നില്ല. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോഴെക്കും ക്രിസ്തീയ സഭയിൽ പല ജാതീയ ആചാരങ്ങളും സമ്പ്രാദായങ്ങളും കടന്നു കൂടി, അവയെല്ലാം ഓരോ മതത്തിന്റെയും പശ്ചാത്തലത്തിന്റെയും സംഭാവനകളായിരുന്നു. കത്തോലിക്കസഭയുടെയും പുരോഹിതന്മാരും പോപ്പും ഓർത്തഡോക്സു സഭകളിലെയും ബിഷപ്പുമാരും ശെമ്ശാനും കശ്ശീശയും മെത്രാനും ഇവരുടെ സ്ഥാനങ്ങളും തലമുടി കത്രിച്ച് പട്ടത്വം നൽകുകയും പ്രത്യേക വസ്ത്രങ്ങൾ ധരിച്ച് ദയറാ സ്ഥാനത്തിനായി വേർതിരിക്കുന്നതും മസ്നപ്സ, ഇടക്കെട്ട്, പുറംകുപ്പായം, ചെരുപ്പ് ഇങ്ങനെയുള്ള പലതും പ്രൊട്ടസ്റ്റന്റ് സഭയ്ക്കും അവരുടെതായ ആരാധനരീതികളുമുണ്ട് പ്രസിഡന്റും സെക്രട്ടറിയും ഇലക്ഷൻ പ്രവണതകളും മറ്റും. അധികാരത്തെ സൂചിപ്പിക്കുന്ന വിവിധമോടികളും മോതിരങ്ങളും വസ്ത്രങ്ങളും അംശവടിയും ചിഹ്നങ്ങളും അധികാരഭ്രമവും വേണ്ടാതീനങ്ങളും ബൈബിളിനോ ദൈവമക്കൾക്കോ നിരക്കാത്ത ആചാരങ്ങളും പദവികളും ശ്രേഷ്ഠസ്ഥാനങ്ങളും ക്രിസ്തുവിന്റെ പേര് പറഞ്ഞു പണം പിരിക്കുന്നതും സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതും വഴിതെറ്റിയുള്ള ജീവിതവും ശക്തിപ്രാപിച്ചു വരുന്നതും ജാതീയരീതികളെ വെല്ലുന്ന ജീവിതവും ദൈവസഭയ്ക്കു ദോഷവും മഹത്വവും നഷ്ടമാക്കുകയാണ് ചെയ്യുന്നത്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മാനസാന്തരത്തോടെ സഭ തലതിരിഞ്ഞു എന്നു പറയുന്നതാണ് ശരി. അപ്പോസ്തലിക കാലഘട്ടത്തിനു ശേഷം യഹൂദമത പാരമ്പര്യത്തിന്റെയും ബാബിലോണ്യ ഗ്രീക്കു റോമാ മതപാരമ്പര്യങ്ങളുടെയും പൗരോഹിത്യ ക്രമങ്ങളും അധികാരഭ്രമവും സഭയിലേക്കു കടക്കപ്പെട്ടു. മിലാൻ പ്രഖ്യാപനത്തോടെ ഏ.ഡി. 313-ൽ ക്രിസ്തുമതം രാജകീയമതമായി മാറിക്കഴിഞ്ഞു ശേഷം റോം, അന്ത്യോക്യ, അലക്സാന്ദ്രിയ,കോൺസ്റ്റാന്റിനോപ്പിൾ, എഫെസൊസ് എന്നിവ ക്രിസ്തീയ സഭയുടെ ശക്തി കേന്ദ്രങ്ങളായി മാറികഴിഞ്ഞു. നാലാം നൂറ്റാണ്ടോടുകൂടി ശിശുസ്നാനം, ക്രിസ്തുജയന്തി, ഈസ്റ്റർ, വ്യക്തിപൂജ, ഉത്സവങ്ങൾ സഭയിൽ കടന്നുകൂടി. ക്രൈസ്തവസഭയിലെ ചിഹ്നങ്ങളായി ഉപയോഗിച്ചു കൊണ്ടിരുന്ന പ്രാവ്, പാനപാത്രം, മുന്തിരിവള്ളി, നങ്കൂരം, മത്സ്യം എന്നിവയ്ക്കു പകരം കുരിശ് ക്രിസ്ത്യാനികളുടെ ഔദ്യോഗിക ചിഹ്നമായി ഉപയോഗിക്കുവാൻ തുടങ്ങി. സഭയും ഭരണകൂടവും തമ്മിൽ അവിശുദ്ധ കൂട്ടുകെട്ട് ഉണ്ടാകുകയും അത് സഭയുടെ വിശുദ്ധിക്കു കളങ്കം വരുത്തുകയും ചെയ്തു. മറ്റുമതങ്ങളിലെ പുരോഹിതന്മാരെയും അംഗീകരിക്കുകയും ബൈന്റിയാ കേന്ദ്രമായി ഭരണം നടത്തുകയും ചെയ്തുപോന്നു.



**സഭാഭരണകൂടം**

ഇന്നത്തെ കാലഘട്ടം സഭാഐക്യത്തിനും സാർവ്വമത ഐക്യത്തിനും വലിയ പ്രാധാന്യം കൊടുക്കുന്നു. എക്യുമിനിസം എന്നു കേൾക്കുമ്പോൾ, വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ്സ് എന്നു പറയുമ്പോൾ പൊട്ടിത്തെറിക്കുന്നവർ ധാരാളമുണ്ട്, എല്ലാ സഭകൾക്കും സംഘടനകൾക്കും എന്തുകൊണ്ട് ഒരുമിച്ചു നിന്നുക്കൂടാ. എന്തുകൊണ്ട് തങ്ങളുടെ അവകാശങ്ങൾ നേടിയെടുത്തുകൂടാ എന്നു പറഞ്ഞു ആളുകളെ ബോധവൽക്കരിക്കുവാൻ ശ്രമിക്കുന്നവർ ഏറെയുണ്ട്. ഇന്നത്തെ ക്രൈസ്തവസഭയിലെ ഭരണകൂടം പലവിധത്തിലാണ്, പ്രധാനപ്പെട്ട ചില ഭരണസംവിധാനങ്ങളെ കുറിച്ച് ചിന്തിക്കാം.

**1. എപ്പിസ്ക്കോപ്പൽ സമ്പ്രദായം** – സഭയുടെ അധികാരം പൂർണ്ണമായും ബിഷപ്പിൽ നിക്ഷിപ്തമായതിനെ എപ്പിസ്ക്കോപ്പസി

**– തുടർച്ച –**

എന്നാണ് പറയുന്നത്. യെരുശലം സഭയിൽ യാക്കോബിനുണ്ടായിരുന്ന സ്ഥാനം അധികാരത്തിന്റേതായിരുന്നു. ബിഷപ്പ് അതിന്റെ പിൻതുടർച്ചയാകുന്നു എന്നുള്ളവാദമാണ് ഈ സമ്പ്രദായത്തിനു ഉപോൽബലമായി കാണുന്നത്.

**2. കോൺഗ്രിഗേഷണൽ സമ്പ്രദായം** – സഭയുടെ അംഗങ്ങൾക്കെല്ലാം തുല്യനീതിയും യാതൊരുവിധ ഉച്ചനീചത്വം ഇല്ലാതെ ഒരുപോലെ കാണുന്ന രീതിയാണ് കോൺഗ്രിഗേഷണൽ രീതി. പ്രാദേശിക സഭ സ്വയം ഭരണമാണ് കോൺഗ്രിഗേഷണൽ സിസ്റ്റം വച്ചുപുലർത്തുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരുപ്രാദേശികസഭയുടെ മേൽ മറ്റൊരു സഭയോ വ്യക്തിക്കോ അധികാരം നടത്തുവാൻ അവകാശമില്ല. ബാപ്റ്റിസ്റ്റു സഭ, ചില ലൂഥറൻ സഭകൾ ഈ കോൺഗ്രിഗേഷണൽ രീതിയെ പിൻതുണയ്ക്കുന്നു.

**3. പ്രസ്ബിറ്റേറിയൻ സമ്പ്രദായം** – സഭയുടെ അധികാരം ഏകവ്യക്തിയിലാണ് എന്നു അനുശാസിക്കുന്ന രീതിയാണ് പ്രസ്ബിറ്റേറിയൻ രീതി, പൊതുസഭയിൽ നിന്ന് പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടുവരുന്ന പ്രതിനിധിയാണ് സഭ, അത് നിയന്ത്രിക്കുവാനും നിയമിക്കുവാനും ഒരു പ്രധാന വ്യക്തി മൂപ്പനായി അറിയപ്പെടുന്നു. ഈ രീതിയെ പ്രസ്ബിറ്ററിയൻ സിസ്റ്റം എന്നു അറിയപ്പെടുന്നു.

**4. പാപ്പാധിപത്യം** – പ്രഥമ നൂറ്റാണ്ടുകളിൽ ഇല്ലാത്തതും പിൽക്കാലത്ത് രൂപപ്പെട്ടതും വളരെ സ്വാധീനമുള്ള സിസ്റ്റമാണ് പാപ്പാധിപത്യം. ബിഷപ്പുമാർക്കു അധികാരം

04

## ചോദ്യോത്തരവേദി

# മുല്ലപെരിയാർ ഡാം തകരുമോ?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

***ചോദ്യം:*** 120 വർഷം മുമ്പ് പണിത മുല്ലപെരിയാർ ഡാമിന് ഒരു കുഴപ്പവുമില്ലെന്ന് ഉന്നതാധികാര സമിതി അംഗമായിരുന്ന ജസ്റ്റിസ് കെ.ടി.തോമസ് പറയുമ്പോൾ ചുണ്ണാമ്പുകൊണ്ട് പണിത ഡാം ഉടനെ പുതുക്കിപ്പണിയണമെന്ന് പ്രതിപക്ഷ നേതാവ് വി.എസ്സ്. അച്യുതാനന്ദൻ ആവശ്യപ്പെടുന്നു. മുല്ലപെരിയാറിനെക്കുറിച്ച് താങ്കൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ വിശദീകരിക്കുക – **ജെസ്സി, ആലുവ**

***ഉത്തരം:*** മുല്ലയാറും പെരിയാറും ചേർന്ന് ഒഴുകുന്ന നദിയിൽ ഡാം പണിതതിനാണ് മുല്ല പെരിയാർ എന്ന പേര് വന്നത്. സമുദ്രനിരപ്പിൽ നിന്ന് 5000 അടി ഉയരത്തിലാണ് ഡാം സ്ഥിതി ചെയ്യുന്നത്. 1200 അടി നീളവും 155 അടി ഉയരവുമാണ് അണക്കെട്ടിന്. ബ്രിട്ടീഷ് എൻജിനീയർ ജോൺ ഫെനികിക്ക് ആണ് മുല്ലപെരിയാർ ഡാം പണിയുന്നതിന്റെ ആശയവും നിർമ്മാണവും നടത്തിയത്. അതിന് ദൈവസ്നേഹത്തിന്റെയും മാനുഷിക കരുണയുടെയും കഥയുണ്ടായിരുന്നു. ബ്രിട്ടിഷുകാർ ഇൻഡ്യ ഭരിക്കുമ്പോൾ തമിഴ്നാടിന്റെ തേനി, മധുര, ദിണ്ടിക്കൽ, ശിവഗംഗ, രാമനാഥപുരം മുതലായ ജില്ലകളിലെ ജനങ്ങൾ ഭൂരിഭാഗവും കൊള്ളക്കാരായിരുന്നു. അതിന് കാരണം ജനങ്ങൾക്ക് വരുമാനമാർഗ്ഗമൊന്നുമില്ലായിരുന്നതാണ്. പോലീസിനെയും പട്ടാളത്തെയും ബ്രിട്ടീഷുകാർ യഥേഷ്ടം ഉപയോഗപ്പെടുത്തിയിട്ടും ജനങ്ങളുടെ മനോഭാവം മാറിയില്ല. അപ്പോഴാണ് എൻജിനീയർ ജോൺ ഫെനികക്ക് വെള്ളം സുലഭമായി ഒഴുകുന്ന മുല്ലപെരിയാറിൽ ഡാം കെട്ടി തമിഴ്നാട് ജില്ലകളിലേക്ക് പൈപ്പ് വഴി വെള്ളം കൊണ്ടു പോയാൽ ജനങ്ങൾ കൃഷി ചെയ്തു വരുമാന മാർഗ്ഗം കണ്ടെത്തി തങ്ങളുടെ അക്രമ, മോഷണ സ്വഭാവം മാറ്റിക്കോളും എന്ന് ചിന്തിച്ചതും ബ്രിട്ടീഷ് ഭരണാധികാരികളെ ഈ ആശയം ബോദ്ധ്യപ്പെടുത്തിയതും. അങ്ങനെ 1886 ഒക്ടോബർ 29–ന് തിരുവതാംകൂർ മഹാരാജാവ് വിശാഖം തിരുനാളും ബ്രിട്ടീഷ് ഭരണാധികാരികളും എഗ്രിമെന്റ് ഉണ്ടാക്കി. അന്നത്തെ തിരുവിതാംകൂർ ദിവാൻ വി. രാമയ്യരും മദ്രാസ് സംസ്ഥാനത്തിനുവേണ്ടി സ്റ്റേറ്റ് സെക്രട്ടറി ജെ. സി. ഹാനിങ്ടനും കരാറിൽ ഒപ്പു വെച്ചു. പണി തുടങ്ങിയെങ്കിലും പണത്തിന്റെ ലഭ്യതക്കുറവും ധാരാളം തൊഴിലാളികൾ മലമ്പനി പിടിപെട്ട് മരണപ്പെട്ടതിനാലും എഞ്ചിനീയർ ഫെനി കിക്ക് നിരാശനായി നിർമ്മാണം ഉപേക്ഷിച്ച് ഇംഗ്ലണ്ടിലേക്ക് തിരിച്ചുപോയി. ഞായറാഴ്ച പള്ളിയിൽ പോയ ഫെനി കിക്കിന്റെ മനസ്സ് വീണ്ടും ഉണർത്തപ്പെട്ടു. മറ്റുള്ളവർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനെക്കുറിച്ചുള്ളതായിരുന്നു പ്രസംഗം. ഫെനി കിക്ക് ഇംഗ്ലണ്ടിലുള്ള തന്റെ കുടുംബസ്വത്തെല്ലാം വിറ്റ് ആ പണവുമായി തിരിച്ചുവന്ന് വീണ്ടും അണക്കെട്ട് നിർമ്മാണം തുടങ്ങി. 1895–ൽ അണക്കെട്ട് കമ്മീഷൻ ചെയ്തു. അണക്കെട്ടിന് 50 വർഷത്തെ ആയു സാണ് നിർമ്മാതാവ് നല്കിയത്. ഇന്നത്തെ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് 30 വർഷത്തെ ആയുസ്സാണ് നിർമ്മാതാക്കൾ നല്കുന്നത്.

മുല്ലപെരിയാർ ഡാമിന് ഒരു കുഴപ്പവും സംഭവിക്കരു തെന്ന് ആഗ്രഹിക്കുന്നതും അതിന് വേണ്ടി പ്രവർത്തിക്കുന്ന തും തമിഴ്നാടാണ്. കാരണം ഡാമില്ലെങ്കിൽ തമിഴ്നാട്ടിലെ 5 ജില്ലകൾ നശിച്ചുപോകും. 70 ലക്ഷം ജനങ്ങൾ പട്ടിണിയിലാകും. അതുകൊണ്ടാണ് അവർ ഡാം ബല പ്പെടുത്തുന്നത്. ഉന്നതാധികാര സമിതിയുടെ കണ്ടെത്തലനുസരിച്ച് പഴയ ഡാം പുതുതായി നിർമ്മിക്കപ്പെട്ട ഡാം പോലെ ശക്തമാണ്. പുതിയ ഡാം പണിതാലും റിക്ടർ സ്കെയിലിൽ (Ritcher Scale) 6–ന് മുകളിൽ രേഖപ്പെടുത്തുന്ന തീവ്രതയോടു കൂടിയ ഭൂകമ്പം ഡാമിനടുത്ത് ഒരു മിനിറ്റ് നേരം ഉണ്ടായാൽ അതും തകരും. ഭൂകമ്പത്തിന്റെ മുമ്പിൽ പുതിയതും പഴയതും വിഷയമല്ല. ജനങ്ങളുടെ അപേക്ഷയാലും ആശ്രയത്താലും ഭൂമികുലുക്കം മാറ്റിവിടാനും സംഭവിക്കാതിരിക്കാനും സർവ്വസൃഷ്ടിയുടെയും സൃഷ്ടാവായ കർത്താവിന് കഴിയും. എന്താ യാലും അണക്കെട്ടിന്റെ നിർമ്മാണത്തിന് ദൈവത്തിന്റെ കൈയ്യുള്ളതിനാൽ അണക്കെട്ട് ഉട നെയെങ്ങും പുതുക്കി പണിയാൻ സാധ്യതയില്ല. ആ പ്രദേശത്ത് ഭൂമികുലുക്കം ഉണ്ടാകാനും സാധ്യതയില്ല. തൽസ്ഥിതി തുടരും.

മുല്ലപെരിയാർ ഡാമിൽ നിന്ന് വെള്ളം കുടുതലൊഴുകി യാൽ, ഇടുക്കി ഡാമിന്റെ റിസർ വോയറിലേക്ക് ഈ വെള്ളം ഒഴുകിയെത്തുന്നതിന്റെ മുൻപ് പീരുമേട് താലൂക്കിലെ ഏഴു വില്ലേജുകളിലെ പെരിയാർ തീരപ്രദേശത്ത് താമസിക്കുന്ന 200 കുടുംബങ്ങളെയാണ് നീ രൊഴുക്ക് ബാധിക്കുക. ഏഴു വില്ലേജുകൾ താഴെപ്പറയുന്നവയാണ്. 1. കാഞ്ചിയാർ 2. അയ്യപ്പൻകോവിൽ 3. ഉപ്പുതറ 4. ഏലപ്പാറ 5. പീരുമേട് 6. മഞ്ചുമല 7. പെരിയാർ. അഥവാ മുല്ല പെരിയാർ ഡാം തകർന്ന് ഇടുക്കി ഡാമിന് ആ വെള്ളം തടഞ്ഞുനിർത്തുന്നതിനുള്ള ശേഷി നഷ്ടപ്പെട്ടാൽ, ഇടു ക്കി ഡാമും തകർന്നാൽ, വെള്ളം പെരിയാറിൽ കൂടി ഒഴുകുന്നത് 60 അടി പൊക്കത്തിൽ 4 മണിക്കൂർ സമയ ത്തേക്കായിരിക്കും. പെരിയാർ കരകവിഞ്ഞ് ആലുവ എറണാകുളം മുഴുവൻ നശിപ്പിച്ച് 40 ലക്ഷം ജനങ്ങൾ മരിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

പ്രകൃതിദുരന്തമല്ലാതെ മതതീവ്രവാദം കൊണ്ട് സിറിയ, ഇറാഖ്, പാക്കിസ്ഥാൻ, ഇറാൻ, സോമാലിയ, സുഡാൻ, നൈജീരിയ, ലിബിയ മറ്റു ആഫ്രിക്കൻ രാജ്യങ്ങളിലെ എത്രയോ ലക്ഷം സാധാരണ ജനങ്ങൾക്ക് ജീവൻ നഷ്ടപ്പെട്ടിരിക്കുന്നു. തെറ്റായ ഒരു ചിന്താഗതി വിശ്വസിച്ച് പ്രവർത്തിച്ചതിനാൽ 60 ലക്ഷം യെഹൂദരെ കൂട്ടക്കൊല ചെയ്ത ഹിറ്റ്ലറുടെയും കംബോഡിയായിലെ ഏകാധിപതിയായിരുന്ന പോൾപോട്ടിന്റെയും ഉഗാണ്ടയിലെ ഏകാധി പതിയായിരുന്ന ഇദി അമീന്റെയും ഭീകരമുഖം ഈ യവസരത്തിൽ മത തീവ്രവാദ നശീ കരണത്തിന്റെ കൂടെ ഓർക്കുകയാണ്.

## 03 വേദ പഠനം.....

എന്നു പറയുമ്പോൾ തന്നെ ബിഷപ്പുമാർക്ക് ബിഷപ്പുണ്ട് അതാണ് പാപ്പാ അഥവാ പോപ്പ്. ബിഷപ്പുമാരിൽ കൂടെ ശ്രേഷ്ഠാധിപത്യം നടത്തിയെടുക്കുക എന്നുള്ളതാണ് മാർപാപ്പായുടെ പദ്ധതി, അവൻ സ്വയമായി അധികാരം പ്രയോഗിക്കുന്നു എങ്കിലും അധികാരം പോപ്പിൽ നിന്നും പ്രാപിക്കുന്നതാണ് സഭയുടെ പരമോന്നതസ്ഥാനം പോപ്പിനും തന്നെ.

**5. ഭരണകൂടമില്ലാത്ത ഭരണം** – സ്വതന്ത്രസഭകളും ന്യൂജനറേഷൻ സഭകളും ഇതിൽ ഉൾപ്പെടുന്നു. അദ്ധ്യക്ഷാധിപത്യത്തെ ഭയന്നു, ശക്തമായ നേതൃത്വത്തെയും ഭരണകൂടങ്ങളെയും ഭയന്നു യാതൊരു ഭരണ രീതികളിലും താല്പര്യമില്ലാത്ത സഭകളാണ് ഭരണകൂടമില്ലാത്ത ഭരണം. പണ്ട് ക്വയ്ക്കേഴ്സ്, പ്ലീമത്ത് ബ്രദറൺ എന്നിവയാണ് ഇവയിൽ പ്രധാനമായിട്ടുള്ളത്. എന്നാൽ ഇന്നു അതിനു ഒക്കെ മാറ്റം വന്നു തുടങ്ങി. പരിശുദ്ധാത്മാവ് വ്യക്തിയെ നിയന്ത്രിക്കുന്നുവെന്ന തത്വപ്രകാരം മാനുഷികനിയന്ത്രണങ്ങൾ ആവശ്യമില്ലെന്നാണ് അവരുടെ വാദം. ഒരു വിശ്വാസി മറ്റൊരാളുടെ അടിമയല്ല, ക്രിസ്തുവിൽ അന്യോന്യം കീഴ്പെട്ടിരിക്കുന്നു എന്നതാണ് ഇവർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്.

**6. പെന്തെക്കോസ്ത് സഭ സിസ്റ്റം** – പെന്തെക്കോസ്തു സഭകളിൽ നടക്കുന്ന ഇലക്ഷൻ രീതികൾ, വോട്ടിംഗ് സമ്പ്രദായം, പഴയനിയമകാലത്ത് ദൈവത്തിന്റെ തിരഞ്ഞെടുപ്പും ഇഷ്ടവും മഹാപുരോഹിതന്റെ മാർപതകത്തിൽ പതിച്ചിരുന്ന രണ്ടു കല്ലുകളിലൂടെയും ഊറീമും തുമ്മീമിലൂടെയും ചീട്ടിട്ട് ദൈവത്തിന്റെ ഇഷ്ടവും ഹിതവും മനസ്സിലാക്കിയിരുന്നു. എന്നാൽ ഇന്നു പെന്തെക്കോസ്തു സഭകളിൽ പണത്തിന്റെ സ്വാധീനം മുഖാന്തരം പാനലുകളും പരിചയപ്പെടുത്തുന്ന കാർഡുകളും പ്രചരണങ്ങളും വൻതോതിൽ വിതരണം ചെയ്യപ്പെടുകയും ഒടുവിൽ പ്രസിഡന്റ്, സെക്രട്ടറി എന്നിങ്ങനെ പല തസ്തികകളിലേക്കു സ്ഥാനം പിടിച്ചിരിക്കുന്നു. ദൈവത്തെ സഭയിൽ നിന്നും പുറത്താക്കിയുള്ള ഭരണമാണ് ഇന്നു അധികവും നടക്കുന്നത്, രാഷ്ട്രീയക്കാരെക്കാൾ തരം താണരീതിയിലുള്ള പ്രവർത്തനങ്ങളും പ്ചരണങ്ങളും ദൈവസഭയുടെ ശക്തിക്കും മഹത്വത്തിനും മങ്ങലേപ്പിച്ചിരിക്കുകയാണ്. (തുടരും...)

## 01 പിസിനാക്ക്.....

യറക്ടർ എന്നിവരടങ്ങുന്ന നാഷണൽ എക്സിക്യൂട്ടീവാണ് നേതൃത്വം നൽകുന്നത്.

ലോകപ്രശസ്തസുവിശേഷ പ്രസംഗകനായ റെയ്നാർഡ് ബോങ്കെയുടെ സാന്നിധ്യം ഉറപ്പായതോടെ ചരിത്രത്തിലെ ഏറ്റവും വലിയ കോൺഫറൻസായിരിക്കും ഇതെന്ന് ഉറപ്പാക്കികഴിഞ്ഞു.

കേരളത്തിൽ രണ്ടു തവണ മെഗാക്രൂസേഡുകൾ നടത്തിയിട്ടുള്ള ബോങ്കെ മലയാളികൾക്ക് ഏറെ പ്രിയപ്പെട്ട പ്രഭാഷകനാണ്. ഏഴു വർഷം വടക്കൻ ജർമ്മനിയിൽ പെന്തെക്കോസ്തു സഭയുടെ പാസ്റ്ററായിരുന്ന അദ്ദേഹം ആഫ്രിക്കയെക്കുറിച്ചുള്ള ദർശനം ഏറ്റെടുത്ത് 1967–ൽ സൗത്ത് ആഫ്രിക്കയിൽ ടെന്റ് മിനിസ്ട്രി ആരംഭിക്കുകയായിരുന്നു. ചുരുങ്ങിയ കാലംകൊണ്ട് ആഫ്രിക്കയെ ഇളക്കി മറിക്കുന്ന സുവിശേഷവിപ്ലവത്തിന് ബോങ്കെയെ ദൈവം ഉപയോഗിച്ചു. ജനപ്രവാഹം ക്രമാതീതമായപ്പോൾ ഗിന്നസ് ബുക്കിൽ റെക്കാർഡായി രേഖപ്പെടുത്തപ്പെട്ട ഏറ്റവും വലിയ ടെന്റ് വേണ്ടെന്നു വച്ച് ഓപ്പൺ എയർ സമ്മേളനങ്ങൾ ആയി മാറിയ ബോങ്കെ ക്രൂസേഡുകളിൽ ജനലക്ഷങ്ങളാണ് ഇന്നും യേശുവിനെ കണ്ടുമുട്ടുന്നത്. സുവിശേഷപ്രവർത്തകർക്കു വേണ്ടി നടത്തുന്ന ഫയർ കോൺഫറൻസുകളാണ് ബോങ്കെയുടെ ആകർഷകമായ മറ്റൊരു ശുശ്രൂഷ.

ബോങ്കെ വളർത്തിയെടുത്ത പ്രഗത്ഭപ്രസംഗകനാണ് റവ. ഡാനിയേൽ കൊളാൻഡ. ക്രൈസ്റ്റ് ഫോർ ആൾ നേഷൻസിന്റെ പ്രസിഡന്റും പ്രശസ്തമായ നിരവധി പുസ്തകങ്ങളുടെ രചയിതാവും ലോകപ്രസിദ്ധമായ ടെലിവിഷൻ പ്രീച്ചറുമായ ഇദ്ദേഹം ആദ്യമായാണ് മലയാളി സമ്മേളനത്തിൽ ശുശ്രൂഷയ്ക്ക് എത്തുന്നത്.

മറ്റൊരു പ്രസംഗകനായ റവ. ഫ്രാൻസിസ് ചാൻ ബിയോ കാലിഫോർണിയയിലെ കോർണർസ്റ്റോൺ സഭയുടെ സീനിയർ പാസ്റ്ററായിരുന്നു. എറ്റേണിറ്റി ബൈബിൾ കോളജ് സ്ഥാപകൻ, നിരവധി ബെസ്റ്റ് സെല്ലർ ഗ്രന്ഥങ്ങളുടെ രചയിതാവ് എന്നീ നിലകളിൽ പ്രശസ്തനാണ്. ചൈനീസ് വംശജനായ ഇദ്ദേഹത്തിന്റെ സ്റ്റോപ്പ് & തിങ്ക് എന്ന പേരിലുള്ള വീഡിയോ പരമ്പര ഏറെ പ്രശസ്തമാണ്.

ഐ. പി. സി. പിറവം സെന്റർ ശുശ്രൂഷകനും മലയാളക്കരയിലെ ഏറ്റവും പ്രശസ്തനായ പ്രസംഗകനുമാണ് പാസ്റ്റർ ബാബു ചെറിയാൻ. കേൾവിക്കാരെ പശ്ചാത്താപത്തിലേക്ക് നയിക്കുന്ന ലളിതമായ പ്രതിപാദനരീതിയാണ് ബാബു ചെറിയാനെ മറ്റു പ്രസംഗകരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.

മുഖ്യപ്രസംഗകരെക്കൂടാതെ ഇന്ത്യയിലെ പ്രമുഖ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ പ്രതിനിധികളായി ഓരോ പ്രസംഗകർക്കും പ്രത്യേക അവസരങ്ങൾ നൽകുമെന്ന് സംഘാടകർ അറിയിച്ചു. കോൺഫറൻസിനു മുന്നോടിയായി വിവിധ സംസ്ഥാനങ്ങളിൽ നടന്നു വരുന്ന രജിസ്ട്രേഷൻ കിക്കോഫ് സമ്മേളനങ്ങൾക്ക് വൻജന പിന്തുണയാണ് ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.pcnak2016.org–ൽ ലോഗിൻ ചെയ്യുക.

## 01 ചർച്ച് ഓഫ് ഗോഡ് കേരള...

സ്പദമാക്കി തീം തിരഞ്ഞെടുത്തു. സ്വദേശിയരും വിദേശിയരും അടക്കം ഉള്ള അഭിഷിക്തന്മാരായ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. ചർച്ച് ഓഫ് ഗോഡ് കൺവൻഷൻ ക്വയർ ടീം ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകുന്നതാണ്. 29–ാം തീയതി വെള്ളി രാവിലെ 9.30 മുതൽ 1 വരെയും എൽ.എം. വാർഷിക സമ്മേളനവും ഉച്ചയ്ക്കു ശേഷം 2 മുതൽ വിവിധ ബോർഡുകളുടെ സംയുക്ത മീറ്റിംഗും മിഷണറി ചലഞ്ചും നടക്കുന്നതാണ്. 30–ാം തീയതി ശനി രാവിലെ 8 മണിക്ക് സ്നാന ശുശ്രൂഷയും തുടർന്ന് പൊതുയോഗവും ഉച്ചക്കഴിഞ്ഞ് 2 മുതൽ 4.30 വരെ സൺഡേ സ്കൂൾ, വൈ.പി.ഇ വാർഷികവും ഉണ്ടായിരിക്കും. 31ാം തീയതി ഞായർ രാവിലെ 8 മണിക്ക് കർത്തൃമേശയും സംയുക്ത ആരാധനയും നടത്തപ്പെടും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിലേക്ക് വിവിധ കമ്മിറ്റികളെ തിരഞ്ഞെടുക്കുകയുണ്ടായി. യോഗാനന്തരം വിവിധ സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ഗ്രാഡുവേഷൻ



ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ഗ്രാഡുവേഷൻ സർവ്വീസ് ഡിസംബർ 26–ാം തീയതി ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ആഡിറ്റോറിയത്തിൽ നടന്നു. ഡിസംബർ 26 – ന് ന്യൂ ലൈഫ് ഗ്രൗണ്ടിൽ വച്ചുനടന്ന ബിരുദ ദാന സമ്മേളനത്തിൽ സഭാ നേതാക്കൾ, വിശ്വാസികൾ, സാമൂഹികപ്രവർത്തകർ തുടങ്ങി ആയിരങ്ങളെ സാക്ഷി നിർത്തി സെമിനാരിയുടെ സ്ഥാപക പ്രസിഡന്റ് റവ. ജോൺസൺ ഡാനിയേൽ ബിരുദം നൽകി. കോട്ടയം തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാൾ റവ. എബി പീറ്റർ മുഖ്യസന്ദേശം നൽകി. ഈ വർഷം 76 വിദ്യാർത്ഥികളാണ് പ്രേഷിത ദൗത്യം എന്ന മഹാനിയോഗം ശിരസ്സാ വഹിച്ചുകൊണ്ട് സുവിശേഷ വയലുകളിലേക്ക് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ നിന്നും പുറത്തിറങ്ങിയത്.

വീക്ഷണം

# ഐ.എ.എസ് കാരന്റെ പ്രസംഗവും കുറെ ആകുലതകളും



റോബിൻ സാമുവേൽ
തുവയൂർ

*ബഹുമാനപ്പെട്ട കേരളാ പോലീസ് മേധാവി മുൻപാകെ*
*ഹർജിക്കാരൻ*
.........................................
*എതിർകക്ഷി*
*ജിജി തോംസൺ*
*ചീഫ് സെക്രട്ടറി, സെക്രട്ടറിയേറ്റ്*
*തിരുവനന്തപുരം*

*സർ,*

*26-11-2015-ൽ കേരളത്തിന്റെ ചീഫ് സെക്രട്ടറി ആയ എതിർകക്ഷി കോട്ടയത്ത് പഴയ സെമിനാരിയുടെ ദ്വിശതാബ്ദി ആഘോഷ സമാപനസമ്മേളനത്തിൽ അസഹിഷ്ണത ഉളവാക്കുന്ന വിധത്തിലും മതസ്പർദ്ധ ഉണ്ടാക്കുന്ന വിധത്തിലും മറ്റ് സമുദായങ്ങൾക്കും മതങ്ങൾക്കും ഇടയിൽ ക്രിസ്തുമതത്തോടും, തിരിച്ചും ശത്രുത ഉണ്ടാക്കുന്ന വിധത്തിൽ പ്രകോപനപരമായി പരസ്യമായും പ്രസംഗിക്കുകയും അതുവഴി സമൂഹത്തിൽ മതസ്പർദ്ധ വളർത്തുകയും ചെയ്തിട്ടുള്ളതാണ്.*

"സുവിശേഷ ആഹ്വാനവുമായി ചീഫ് സെക്രട്ടറി" കഴിഞ്ഞ നവംബർ 26ന് കോട്ടയം ഓർത്തഡോക്സ് പഴയ സെമിനാരിയുടെ ദ്വിശതാബ്ദി ആഘോഷത്തിന്റെ സമാപന സമ്മേളനത്തിൽ സഭാംഗവും ചീഫ് സെക്രട്ടറിയും കൂടിയായ ജിജി തോംസൺ നടത്തിയ മുഖ്യപ്രഭാഷണത്തെപ്പറ്റി 'ജന്മഭൂമി'യിൽ വന്ന വാർത്തയുടെ തലക്കെട്ടാണിത്.

ഇരുകാലുകൾക്കും ചലനശേഷിയില്ലാത്ത ടോമി എന്ന അനാഥബാലൻ ബഹുനിലകെട്ടിടത്തിന്റെ മുകളിലിരുന്ന് തുണ്ടുകടലാസിൽ ബൈബിൾ വചനങ്ങളെഴുതി തെരുവിലേക്കെറിഞ്ഞ് സുവിശേഷം ഘോഷിച്ചത് ഉദാഹരിച്ചായിരുന്നു ജിജി തോംസന്റെ പ്രസംഗം. ക്രൈസ്തവ സഭയുടെ ഏറ്റവും വലിയ ദൗത്യമായ സുവിശേഷീകരണം ഏറ്റെടുക്കേണ്ടതിനെപ്പറ്റിയായിരുന്നു അദ്ദേഹം സംസാരിച്ചത്. ചീഫ് സെക്രട്ടറി എന്ന നിലയിലല്ല ഓർത്തഡോക്സ് സഭയുടെ പുത്രനെന്ന നിലയിലാണ് താൻ ഇവിടെ നിൽക്കുന്നതെന്ന ആമുഖത്തോടെ നടത്തിയ പ്രസംഗം വിവാദമാകുന്നതിന് പിന്നെ താമസമുണ്ടായില്ല.

മാധ്യമങ്ങളും സഭാംഗങ്ങളും മാത്രം പങ്കെടുത്ത പരിപാടി 'ജനം ടി.വി' ഉടൻ തന്നെ 'ചീഫ് സെക്രട്ടറി' മതപരിവർത്തനത്തിനാഹ്വാനം ചെയ്തെന്ന മട്ടിൽ ബ്രേക്കിംഗ് ന്യൂസ് നല്കുകയായിരുന്നു. തൊട്ടു പിന്നാലെ 'ജന്മഭൂമി' പോലെയുള്ള മാധ്യമങ്ങളും വിവാദവുമായി രംഗത്തെത്തി. മതസ്പർദ്ധ ഉണ്ടാക്കുന്ന പ്രസംഗം നടത്തിയ ചീഫ് സെക്രട്ടറിയെ പുറത്താക്കണമെന്ന് 'ഹിന്ദുത്വ' സംഘടനകൾ ആവശ്യപ്പെട്ടു. ശശികല ടീച്ചറുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിനു മുൻപിൽ ധർണ്ണയും അരങ്ങേറി. അസഹിഷ്ണതയും മതസ്പർദ്ധയും വളർത്തുന്ന പ്രസംഗം നടത്തിയെന്നാരോപിച്ച് ഡി.ജി.പി സെൻകുമാറിന് പരാതി ലഭിക്കുന്നിടത്തോളം എത്തി കാര്യങ്ങൾ.

തന്റെ വിശ്വാസം സധൈര്യമേറ്റു പറഞ്ഞ ചീഫ് സെക്രട്ടറിയെ അഭിനന്ദിച്ചും ഗവർണർ കൂടി പങ്കെടുത്ത ചടങ്ങിൽ ജിജി തോംസൺ നടത്തിയത് തെറ്റാണെന്ന രീതിയിലുള്ള ചർച്ചകളും എഴുത്തുകളും നവമാധ്യമങ്ങളിലടക്കം പ്രത്യക്ഷപ്പെട്ടു. വെള്ളാപ്പള്ളി നടേശൻ നടത്തിയ വിവാദ പ്രസംഗത്തെ പ്രതിരോധിക്കാൻ ചീഫ് സെക്രട്ടറിയുടെ പ്രസംഗത്തെ നിക്ഷിപ്ത താത്പര്യക്കാർ ഉയർത്തി കാട്ടുകയും ചെയ്തു. ഒരു ക്രൈസ്തവ വിശ്വാസി എന്ന നിലയിൽ ജിജി തോംസൺ നടത്തിയ സുവിശേഷീകരണാഹ്വാനം ക്രൈസ്തവ വിശ്വാസികളുടെ അടിസ്ഥാന ദൗത്യങ്ങളിലൊന്നും മാത്രമായിരുന്നു. ആർക്കുമെതിരെ വിദ്വേഷമോ അവഹേളനമോ നടത്താത്ത ഒന്നായിരുന്നിട്ടു കൂടി ആ പ്രസംഗം വിവാദമാക്കുന്നതിൽ തൽപര കക്ഷികൾ വിജയിച്ചു. ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് വിശ്വാസപ്രഖ്യാപനങ്ങളും പ്രസംഗങ്ങളും നടത്താമോ എന്നതു സംബന്ധിച്ചാലും ചില ചർച്ചകൾ ഉയരുകയുണ്ടായി.

ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25(1) പ്രകാരം ഏതൊരിഡ്യാക്കാരനും ഏതി മതത്തിൽ വിശ്വസിക്കാനും ആ വിശ്വാസം പ്രഖ്യാപിക്കാനും പ്രചിപ്പിക്കുവാനുമുള്ള അവകാശമുണ്ട് (....Profess, Practise and Propagate...). ഒരിഡ്യൻ പൗരനെന്ന നിലയിൽ ജിജി തോംസനും മറ്റ് സർക്കാർ ഉദ്യോഗസ്ഥർക്കും ഇത് ബാധകമാണ്. അതിനാലാകണം ഞാൻ ചീഫ് സെക്രട്ടറി എന്ന നിലയിലല്ലാ ഇവിടെ നിൽക്കുന്നതെന്ന ആമുഖത്തോടെ അദ്ദേഹം പ്രസംഗമാരംഭിച്ചത്. അതുപോലെ ഇൻഡ്യൻ ഭരണ ഘടനയുടെ ആർട്ടിക്കിൾ (19)1(a) പ്രകാരമുള്ള അഭിപ്രായ പ്രകടനത്തിനുള്ള അവകാശത്തിന്റെയും(freedom of speech and expression) ലംഘനം അദ്ദേഹം നടത്തിയിട്ടില്ല. കൂടാതെ കേന്ദ്രസംസ്ഥാന സർക്കാരുദ്യോഗസ്ഥരുടെ സർവ്വീസ് ചട്ടങ്ങളൊന്നും തന്നെ ഒരു ജീവനക്കാരുടെയും മതവിശ്വാസങ്ങളെയും വിശ്വാസ പ്രഖ്യാപനങ്ങളെയും വിലക്കുന്നില്ല. ഈ കാരണത്താൽ ചീഫ് സെക്രട്ടറി ജിജി തോംസനു മാത്രമല്ല ഏതൊരു സർക്കാർ ജീവനക്കാരനും മതവിശ്വാസം വെച്ചു പുലർത്തുന്നതിനും അത് പ്രഘോഷിക്കുന്നതിനും ഭരണഘടന ഉറപ്പു നല്കുന്നുണ്ട്.

സർക്കാർ പരിപാടികളിൽ പോലും ചില പ്രത്യേക മതാചാരങ്ങൾ അറിഞ്ഞോ അറിയാതെയോ പിന്തുടരുന്ന ഒരു നാട്ടിലാണ് സർക്കാരുദ്യോഗസ്ഥരുടെ വ്യക്തി സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടാൻ സംഘടിത ശ്രമം നടന്നത്. വിഴിഞ്ഞം പദ്ധതി ഉദ്ഘാടന ചടങ്ങിലെ തേങ്ങയുടപ്പ്, റയിൽ കോട്ട് ഉദ്ഘാടനത്തിന് പൂജ, മെട്രോ റെയിൽ നിർമ്മാണത്തിന് ഭൂമീപൂജ ഇവയൊക്കെ ഔദ്യോഗികമായി നടക്കുന്ന നാട്ടിലാണ് ക്രൈസ്തവ സഭയുടെ ദൗത്യത്തെപ്പറ്റി ഒരു വിശ്വാസി നടത്തിയ പ്രസംഗത്തെ ഇകഴ്ത്തിക്കാട്ടാൻ ശ്രമം നടന്നത്. ഇതേ രീതിയിൽ തന്നെയായിരുന്നു തമിഴ്നാട്ടിൽ ഐ.എ.എസ് ഉദ്യോഗസ്ഥനായ ഉമാശങ്കറിനെതിരെയും നീക്കങ്ങൾ നടന്നത്.

ചിലർ മാത്രം എന്തു പറഞ്ഞാലും വർഗ്ഗീയ കണ്ണോടു കൂടി കണ്ട് അടിച്ചമർത്താൻ നോക്കുന്നതിനെ ഒരു തരത്തിലും അംഗീകരിക്കേണ്ടതില്ല. അല്ലെങ്കിൽ തന്നെ സർക്കാർ ജീവനക്കാരായ എത്രയെത്ര മത പ്രഭാഷകരിവിടെയുണ്ട്. സുവിശേഷത്തെപ്പറ്റി പറയുമ്പോൾ മാത്രം പ്രതിഷേധങ്ങൾ രൂപപ്പെടുന്നതിനു കാരണം അസഹിഷ്ണത മാത്രമാണ്. അടുത്ത സമയത്ത് അമേരിക്കൻ ഗവേഷണ സ്ഥാപനമായ പോ റിസർച്ച് സെന്റർ (Paw Research Centre) വ്യക്തി സ്വാതന്ത്ര്യത്തെപ്പറ്റി 38 രാജ്യങ്ങളിൽ നടത്തിയ സർവ്വേയിൽ മതസ്വാതന്ത്ര്യം ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് കരുതുന്ന രാജ്യങ്ങളുടെ പട്ടികയിലാണ് ഇൻഡ്യ ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന രാജ്യമാണ് ഇൻഡ്യ. അതായത് പലപ്പോഴും അഭിപ്രായ പ്രകടനങ്ങൾ മറ്റുള്ളവർക്ക് ആക്ഷേപകരമായി മാറുകയും പ്രതിഷേധങ്ങൾ ഉണ്ടാവുകയും ചെയ്യുന്നുവത്രെ (ദി ഹിന്ദു, നവംബർ 20, 2015).

വിദ്വേഷ പ്രസംഗങ്ങളുമായി ബന്ധപ്പെട്ട ഒരു കേസ് തള്ളിക്കൊണ്ട് 2014-ൽ ജസ്റ്റീസ് ആർ.എം. ലോധ അദ്ധ്യക്ഷനായ സുപ്രീംകോടതി ബെഞ്ച് അഭിപ്രായപ്പെട്ടത് പൗരന്റെ അഭിപ്രായ സ്വാതന്ത്ര്യത്തിൽ കോടതി ഇടപെടില്ലെന്നായിരുന്നു. "കോടതിക്ക് ജനങ്ങളുടെ മൗലീകാവകാശങ്ങൾ തടയാൻ കഴിയില്ല. അത് ഭരണഘടന ഉറപ്പു നല്കുന്ന വിലപ്പെട്ട അവകാശങ്ങളാണ്. 1280 മില്യൻ ജനങ്ങൾക്ക് 1280 മില്യൻ അഭിപ്രായങ്ങളുണ്ടാകാം. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാതിരിക്കുന്നതിന് ഏവർക്കും സ്വാതന്ത്ര്യമുണ്ട്. ഒരാൾക്ക് വിദ്വേഷപരമായി തോന്നാവുന്ന ഒരു പ്രസ്താവന മറ്റൊരാൾക്ക് അങ്ങനെയായിരിക്കണമെന്നില്ല".

## കല്ലുകടി

# കഴുകൻ കണ്ണുള്ള സൂപ്രണ്ട്

ചർച്ച് ഓഫ് ഗോഡിൽ ശാപത്തിന്റെ വലിയൊരു ലിസ്റ്റുണ്ട്. കുക്ക് സായ്പിന്റെ ശാപം, കേരളാ റീജിയൻ എന്ന ശാപം ഇങ്ങനെ പല ശാപങ്ങളാണ് ലിസ്റ്റിലുള്ളത്. അതിലെ ആദ്യത്തെ ശാപം ഇപ്പോഴത്തെ ഓവർസിയർ മാറ്റിയിട്ടാണ് കസേരയിൽ കയറിയത്. അതുകൊണ്ടാണ് കുക്ക് സായ്പിനുശേഷം മുളക്കുഴയിൽ സ്ഥലം മേടിക്കുവാൻ കഴിഞ്ഞതത്രേ. ശാപം മാറിയതുകൊണ്ടാകും മുൻഗാമികൾ പണിത് പൂർത്തിയാക്കാത്ത കെട്ടിടങ്ങളിൽ ഒരു കല്ലുപോലും ചേർത്ത് പണിയുവാൻ നാലുവർഷം കൊണ്ട് കഴിയാതെ പോയത്. മാത്രമല്ല ഒരു പ്രാദേശിക സഭയിൽപോലും പ്രശ്നങ്ങൾക്ക് പരിഹാരം വരാത്തതും ശാപം അഴിച്ചതു കൊണ്ടാകും.

പ്രായപരിധി നിയമം വെച്ചാൽ ഇനി മത്സരിക്കാൻ സാധ്യതയില്ലാത്തതിനാലാകും ഏകാധിപതിയെപ്പോലെ ഭരിക്കാൻ സൂപ്രണ്ട് ആയാൽ കൊള്ളാമെന്ന് കരുതി അണിയറയിൽ കരുക്കൾ നീക്കുന്നത്. കേരളാ സ്റ്റേറ്റിനെ രണ്ടായി മുറിച്ച് കേരളാ റീജിയനെക്കൂടി ഉൾപ്പെടുത്തി "പാവ ഓവർസിയർമാരെ" ഇരുത്തി അതിനുമുകളിൽ കസേരയിടാം എന്ന് മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെ ദിവാ സ്വപ്നം കണ്ടു നടക്കുകയാണ്. ഈ അടുത്ത് നടന്ന കൗൺസിൽ മീറ്റിംഗിൽ കൗൺസിൽ അംഗങ്ങളെ ആവേശതിരയിൽ ആറാടിച്ച് അദ്ദേഹം നെഞ്ചിൽ കൈയടിച്ച് ഇങ്ങനെ മൊഴിഞ്ഞു. കേരളാ റീജിയന്റെ (പഴയ ഡിവിഷൻ) ശാപം മാറുവാൻ പോകുകയാണ് സഹോദരന്മാരേ! നമ്മൾ ഒന്നാകാൻ പോകുകയാണ്. ഇത് കേട്ട് രോമാഞ്ചകഞ്ചുകം അണിഞ്ഞ് പലരും ഇരുന്നപ്പോൾ ചിലർ അദ്ദേഹത്തിന്റെ കണ്ണിൽ കണ്ടത് ഉയരെ പറക്കുമ്പോൾ അങ്ങ് താഴെ കിടക്കുന്ന ചീഞ്ഞളിഞ്ഞ ശവം കണ്ട കഴുകന്റെ കണ്ണുകളിലെ അതേ ഭാവം തന്നെയാണ്. കാരണം റീജിയന്റെ അധിപതി ആകുവാൻ കഴിഞ്ഞാൽ അവിടെ നടക്കുന്ന കല്യാണങ്ങളും മറ്റും നടത്തി അവരുടെ പിച്ചച്ചട്ടിയിലൂടെ കൈയിട്ടുവാരുകയും അവിടുത്തെ ഓവർസിയറെ ഒതുക്കിയിരുത്തുകയും ചെയ്യാമല്ലോ എന്നൊരു ആക്രാന്തം ആകാം. ഇങ്ങനെ ഏതെങ്കിലും പ്രസ്ഥാനത്തിൽ ശാപം ഉണ്ടെങ്കിൽ അറിയിച്ചാൽ അത് അഴിച്ചുമാറ്റിതരുന്നതായിരിക്കും. ജാഗ്രതൈ!!

**അടിക്കുറിപ്പ്:** അധികാരത്തിന്റെ സിംഹാസനം വിട്ടൊഴിയുകയെന്നതിനേക്കാൾ ഭേദം ചിലർക്ക് ആത്മഹത്യ ചെയ്യുന്നതാണ്.

# 15 അന്ത്യകാലത്ത് ലോകത്തിന് എന്ത്.....

എക്സും മറ്റു ചിലതുമെല്ലാം കൂടി കൂട്ടിക്കലർത്തിയും ബോംബുണ്ടാക്കിയിരുന്നു. 2003ൽ അമേരിക്ക 'എല്ലാ ബോംബുകളുടേയും മാതാവ്' എന്നറിയപ്പെടുന്നൊരു ബോംബുണ്ടാക്കി. ആ ബോംബ് അതു വരെ ഉണ്ടാക്കിയിരുന്ന, ആണവമല്ലാത്ത, എല്ലാ ബോംബുകളേക്കാളും ശക്തമായിരുന്നു. 8500 കിലോ ഇന്ധനം അതിലുണ്ടായിരുന്നെങ്കിലും അതിന്റെ സ്ഫോടകശക്തി 11000 കിലോ ടി എൻ ടി മാത്രമായിരുന്നു. അമേരിക്കയ്ക്കുള്ള മറുപടിയായി റഷ്യ 2007ൽ നാലിരട്ടി ശക്തിയുള്ളൊരു ബോംബുണ്ടാക്കി. അവരതിന് 'എല്ലാ ബോംബുകളുടേയും പിതാവ്' എന്ന പേരും നൽകി. 7100 കിലോ ഇന്ധനം മാത്രമുണ്ടായിരുന്ന ആ ബോംബിന് 44000 കിലോ ടി എൻ ടിയുടെ ശക്തിയുണ്ടായിരുന്നു. 'മാതാവി'ന്റെ നാലിരട്ടി ശക്തി 'പിതാവി'ൻ അതിനു മുമ്പ് ഉണ്ടാക്കപ്പെട്ട ബോംബുകൾക്കൊന്നിനും ഇത്രത്തോളം ശക്തിയുണ്ടായിരുന്നില്ല. മുകളിൽ പരാമർശിച്ച 'മാതാവും' 'പിതാവും' അണുബോംബുകളായിരുന്നില്ല എന്ന് ഒന്നു കൂടി പറഞ്ഞുകൊള്ളട്ടെ. അണുക്കളിൽ നിന്ന് വൻ തോതിൽ ഊർജ്ജം ഉത്പാദിപ്പിക്കാനാകുമെന്ന് 1938ൽ കണ്ടുപിടിക്കപ്പെട്ടതോടെ ആ തത്വത്തെ അടിസ്ഥാനപ്പെടുത്തി മാരകശേഷിയുള്ള അണുബോംബുകളുണ്ടാക്കാമെന്നും വെളിപ്പെട്ടു. അണുബോംബിന് ഭീകരശക്തിയുണ്ടാകാനിടയുണ്ട് എന്നു തെളിഞ്ഞപ്പോൾ അമേരിക്കയും ജർമ്മനിയും റഷ്യയും ബ്രിട്ടനും ഫ്രാൻസുമെല്ലാം അണുബോംബുണ്ടാക്കാൻ തിരക്കുകൂട്ടി. ഹിറ്റ്ലർ 1933-ൽ അധികാരത്തിൽ വന്നയുടൻ നടപ്പിൽ വരുത്തിയിരുന്ന ചില നയങ്ങൾ ശാസ്ത്രജ്ഞർക്ക് അനുകൂലമല്ലാതിരുന്നതിനാൽ ജർമ്മനിയിലെ നല്ലൊരു വിഭാഗം ശാസ്ത്രജ്ഞരും നാടുവിട്ടിരുന്നു. അവരിൽ പലരും അമേരിക്കയിലാണ് എത്തിച്ചേർന്നത്. ജർമ്മനിയുടെ നഷ്ടം അമേരിക്കയുടെ ലാഭമായി പരിണമിച്ചു. അമേരിക്കയുടെ ആണവായുധനിർമ്മാണത്തിൽ ഈ ജർമ്മൻ ശാസ്ത്രജ്ഞർ വിലപ്പെട്ട പങ്കു വഹിച്ചു. വെറും ഒരു വ്യാഴവട്ടം കൊണ്ട് വിനാശകാരിയായ അണുബോംബ് നിർമ്മിക്കപ്പെട്ടു.



# ഐ. പി. സി. ജനറൽ നേതൃത്വത്തിലേക്ക്
# അനുഭവത്തിന്റെ കരുത്തോടെ പാസ്റ്റർ വിത്സൻ ജോസഫ്



മലങ്കരയിലെ പെന്തെക്കോസ്തുകാർക്ക് ഒരിക്കലും മറക്കുവാൻ കഴിയാത്ത ദൈവദാസനാണ് പാസ്റ്റർ വി. റ്റി. ജോസഫ്. വേദപണ്ഗിതനായിരുന്ന പാസ്റ്റർ വി. റ്റി. ജോസഫ് ഐ. പി. സി. യുടെ മുൻ കാല പ്രവർത്തകരിൽ പ്രമുഖനും പ്രഗത്ഭനായ വേദാദ്ധ്യാപകനുമായിരുന്നു. ക്രിസ്തുവിന്റെ നാമം നിമിത്തം പീഢകൾ സഹിച്ച അദ്ദേഹം സുവിശേഷം അറിയിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. തന്റെ മക്കൾ എല്ലാവരും ക്രിസ്തുവിന്റെ പാതയെ പിൻപറ്റുകയും പില്ക്കാലത്ത് ക്രിസ്തുവിൽ പ്രസിദ്ധരാകുകയും ചെയ്തു. തന്റെ മകനും യു. എ. ഇയിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സഭയുടെ പാസ്റ്ററും കർണ്ണാടക ഐ. പി. സി. പേട്രണുമായ പാസ്റ്റർ വിൽസൻ ജോസഫ് തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു. ബാല്യകാല അനുഭവങ്ങളിൽ എന്നും മുന്നിട്ട് നിൽക്കുന്നത് കടന്നുപോയ കഷ്ടതകളാണ്. ശുശ്രൂഷയിൽ പിതാവ് അഭിമുഖീകരിക്കേണ്ടി വന്ന പ്രതികൂല സാഹചര്യങ്ങൾ മനോമുകുരത്തിൽ തെളിഞ്ഞുനിൽക്കുന്നു.

ബിരുദ പഠനത്തിനുശേഷം 22-ാംവയസ്സിൽ ഗൾഫിൽ എത്തിയ പാസ്റ്റർ വിത്സൻ ജോസഫ് സഹോദരനായ ജോൺസൺ ജോസഫിനോടൊരുമിച്ച് ബിസിനസ്സിൽ പങ്കാളിയായി. ഷാർജ ഐ. പി. സി. സഭയുടെ ശുശ്രൂഷകനായിരുന്ന ജ്യേഷ്ഠസഹോദരൻ പാസ്റ്റർ സാമുവിൽ സി. ജോസഫിനോടൊരുമിച്ച് സജീവമായി പ്രവർത്തിച്ചു. മുഴുവൻ സമയം ശുശ്രൂഷകനാകുക എന്നത് സ്വപ്നത്തിൽപോലും ചിന്തിക്കാത്ത കാലമായിരുന്നു അത്. ജോലിയോടൊപ്പം ശുശ്രൂഷ ചെയ്യുകയും സുവിശേഷവേലയ്ക്ക് ആവശ്യമായ സഹായം ചെയ്യുക എന്നതുമായിരുന്നു ആഗ്രഹം. അനേക പ്രവാചകന്മാർ അക്കാലത്ത് മുഴുവൻ സമയ ശുശ്രൂഷയ്ക്കായുള്ള വിളി എനിക്കുണ്ടെന്ന് ദൂതറിയിക്കുമായിരുന്നു. എന്നാൽ അതിനെ ഉൾക്കൊള്ളുവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല.

1995-ൽ എന്റെ ജീവിതത്തെ മുഴുവൻ മാറ്റിമറിച്ച ഒരു സംഭവം ഉണ്ടായി. എന്റെ സ്പോൺസർ എന്നെ കള്ളക്കേസിൽ കുടുക്കിയതു നിമിത്തം ഒരു രാത്രി മുഴുവനും പോലീസ് സ്റ്റേഷനിൽ ചിലവഴിക്കേണ്ടി വന്നു. അന്നു രാത്രി ഞാൻ ദൈവവുമായി ഉടമ്പടി ചെയ്തു. ദൈവം ആ വലിയ പ്രതിസന്ധിയിൽ നിന്ന് എനിക്ക് വിടുതൽ തന്നു. മുഴുവൻ സമയ ശുശ്രൂഷകനാകുവാനുള്ള എന്റെ തീരുമാനം പാസ്റ്റർ കെ. എം. ജോസഫിന്റെ സ്നേഹപൂർവ്വമായ ഇടപെടൽ കൊണ്ട് മാറ്റുകയാണ് ചെയ്തത്. അങ്ങനെയാണ് ബിസിനസ്സിനോടൊപ്പം ഞാൻ ശുശ്രൂഷയിലേക്ക് എത്തിച്ചേരുന്നത്.

ചരിത്രത്തിൽ ആദ്യമായി യു. എ. ഇ.യിൽ പെന്തെക്കോസ്തുകാർക്കും ബ്രദറൺകാർക്കും ഒരു ആരാധനാലയം നിർമ്മിക്കുവാൻ സഹോദരൻ ജോൺ ജോസഫും ബ്രദറൺ അസംബ്ലിയിലെ സാമുവേൽ ഏബ്രഹാമും ചേർന്ന് നടത്തിയ ശ്രമമാണ് ഫലം കണ്ടത്. 1997 മുതൽ ഷാർജ ഐ. പി. സി.യുടെ അസോസിയേറ്റ് പാസ്റ്ററായിരുന്നു. 2000ത്തിൽ ദൈവാത്മ പ്രേരണയാൽ പ്രാർത്ഥനയിൽ ഉറ്റിരുന്നു. അക്കാലത്ത് ഉണ്ടായ ശാരീരിക ക്ലേശങ്ങൾ ശുശ്രൂഷയ്ക്കെതിരെയുള്ള തടസ്സമായിരുന്നെന്ന് തിരിച്ചറിഞ്ഞു. ദൈവാലോചനപ്രകാരം മുന്നേറി. 2001 ഫെബ്രുവരി 2ന് സ്വന്തഭവനത്തിൽ കുടുംബാംഗങ്ങളുൾപ്പെടെ 7 പേരുമായി ആരാധന ആരംഭിച്ചു. എന്റെകൂടെ പ്രയത്നത്താൽ ആരംഭിച്ച യൂണിയൻ ചർച്ചിൽ എനിക്ക് ആരാധന നിഷേധിക്കപ്പെട്ടു. എന്നാൽ ദൈവം എന്റെ പ്രാർത്ഥന കേട്ടു. 50-ൽ താഴെ മാത്രം ആളുകളുള്ളപ്പോഴും 1000പേർക്ക് ഇരിക്കാവുന്ന ആലയത്തിനായി ഞാൻ പ്രാർത്ഥിക്കുമായിരുന്നു. 2003-ൽ ഷാർജ വർഷിപ്പ് സെന്ററിന് സ്ഥലം ലഭിച്ചു. 1500പേർക്ക് ഇരുന്നാരാധിക്കാവുന്ന ആലയം ദൈവം നൽകി. യു. എ. ഇ.യിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സഭയായ ഷാർജ വർഷിപ്പ് സെന്ററിനോട് ചേർന്ന് B.Th, M.Div കോഴ്സുകൾ ഉള്ള ബൈബിൾ കോളജും നടത്തുന്നു.

*ചോദ്യം: യു. എ. ഇ.യിലെ പെന്തെക്കോസ്ത് നേതൃത്വ രംഗത്ത് സീനിയർ ദൈവദാസന്മാരിലൊരാളാണല്ലോ താങ്കൾ?*

19992-ലാണ് ഐ. പി. സി.യുടെ യു. എ. ഇ. റീജിയൻ നിലവിൽ വരുന്നത്. അന്നുമുതൽ ഞാൻ റീജിയൻ കൗൺസിലിലുണ്ടായിരുന്നു. പിന്നീട് റീജിയൻ പി. വൈ. പി. എ. സെക്രട്ടറി, പ്രസിഡന്റ് എന്നീ പദവികളും, റീജിയൻ സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചു. ഗൾഫ് മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ കൺവീനറായും പ്രസിഡന്റായും നേതൃത്വരംഗത്ത് പ്രവർത്തിച്ചു. ഗൾഫിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് കോൺഫറൻസുകൾക്ക് നേതൃത്വം നൽകുവാനും ദൈവം എന്നെ സഹായിച്ചു.

1996-ലെ കുമ്പനാട് കൺവൻഷന്റെ സമയത്ത് എന്നെ ഐ. പി. സി. നേതൃത്വം സുവിശേഷകനായി നിയമിച്ചു. ഒപ്പം പിറവം സെന്ററിന്റെ സ്പോൺസർ മിനിസ്റ്ററുമായും ചുമതലയേറ്റു. ഇക്കാലത്ത് കേരളത്തിൽ ധാരാളം സെന്റർ കൺവൻഷനുകളിലും മറ്റും ഞാൻ പ്രസംഗകനായിരുന്നു. ഇക്കാലത്താണ് എനിക്ക് ഓഡിനേഷൻ ലഭിക്കുന്നതും പത്തനംതിട്ട സെന്ററിന്റെ അസോസിയേറ്റ് സെന്റർ പാസ്റ്ററായി നിയമനം ലഭിക്കുന്നതും. പാസ്റ്റർ വത്സൻ ഏബ്രഹാമും എന്നോടൊപ്പം പത്തനംതിട്ട സെന്ററിന്റെ അസോസിയേറ്റ് സെന്റർ പാസ്റ്ററായി നിയമിതനായെങ്കിലും മൂന്നു മാസത്തിനുശേഷം കുമ്പനാട് സെന്ററിന്റെ ചുമതല ഏറ്റെടുക്കേണ്ടി വന്നതിനാൽ അദ്ദേഹം ആ സ്ഥാനത്തുനിന്നു മാറി.

*ചോദ്യം: താങ്കൾ ഐ. പി. സി. കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റായി ഒരു ടേം പ്രവർത്തിച്ചല്ലോ. എന്തുകൊണ്ടാണ് ആ ചുമതല വിട്ടത്?*

എന്റെ സ്നേഹിതനായ പാസ്റ്റർ സാം ജോർജ്ജ് കർണ്ണാടകയുടെ നേതൃത്വം ഏറ്റെടുക്കുകയും അദ്ദേഹം പണം മുടക്കി ധാരാളം പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അങ്ങനെ കർണ്ണാടകയിലെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അങ്ങനെ കർണ്ണാടകയിലെ പ്രവർത്തനങ്ങൾ വിശാലമായി വരുന്ന സാഹചര്യത്തിലാണ് 2013 ജനുവരിയിൽ നടന്ന ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പിൽ പാസ്റ്റർ സാം ജോർജ്ജ് ജനറൽ ജോയിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത്. അതോടെ അദ്ദേഹത്തിന് കർണ്ണാടകയുടെ ചുമതല ഒഴിയേണ്ടി വന്നു.

കർണ്ണാടകയിലെ പ്രവർത്തനങ്ങൽ മുമ്പോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായും നേതൃത്വപരമായും ഒരാൾ മുന്നോട്ട് വരേണ്ടത് അത്യാവശ്യമായിരുന്നു. പാസ്റ്റർ സാം ജോർജ്ജും കർണ്ണാടകയിലെ ദൈവദാസന്മാരും ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ ആ ചുമതല ഏറ്റെടുക്കുകയായിരുന്നു.

കർണ്ണാടകയിൽ ഞാൻ പ്രസിഡന്റായിരുന്ന രണ്ടുവർഷവും 4 മാസവും പ്രതിമാസം ആറുലക്ഷം രൂപ ആ പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവാക്കി. ദൈവം എനിക്ക് തന്ന നന്മയുടെ ഒരു ഭാഗം കർണ്ണാടകയിലെ പ്രവർത്തനങ്ങൾക്കായി ചിലവഴിക്കുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്.

കഴിഞ്ഞ അനേക വർഷങ്ങളായി ബിസിനസിൽ നിന്ന് ഞാൻ മാറി നിൽക്കുകയാണ്. ഈ അടുത്ത കാലത്തുണ്ടായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് തുടർന്നും ഭീമമായ തുക അവിടുത്തെ പ്രവർത്തനത്തിന് വേണ്ടി മാറ്റി വയ്ക്കാൻ പറ്റാത്ത സാഹചര്യമുണ്ടായി. കർണ്ണാടകയിൽ അടുത്ത ജനറൽ ബോഡിയുടെ സമയമായപ്പോൾ വീണ്ടും ഞാൻ പ്രസിഡന്റായി തുടരണമെന്ന് കർണ്ണാടകയിലെ എക്സിക്യൂട്ടീവ്സും ദൈവദാസന്മാരും വളരെയധികം നിർബന്ധിച്ചെങ്കിലും, ഏറ്റെടുക്കുന്ന കാര്യങ്ങൾ നന്നായി ചെയ്യണമെന്ന് ആഗ്രഹമുള്ളതിനാൽ സാമ്പത്തിക ബുദ്ധിമുട്ട്, സമയക്കുറവ് എന്നിവയുമായുള്ള ബന്ധത്തിൽ ഞാൻ ആ ചുമതലയിൽ നിന്ന് പിന്മാറുകയായിരുന്നു. കർണ്ണാടകയിൽ തന്നെയുള്ള ഒരാൾ പ്രസിഡന്റിന്റെ ചുമതല എടുത്താൽ എന്നാലാവുംവിധം സാമ്പത്തിക സഹകരണം തുടരാമെന്നും ഞാൻ വാക്കു കൊടുത്തു. അപ്രകാരം അവർ പാസ്റ്റർ റ്റി. ഡി. തോമസിനെ പ്രസിഡന്റായും എന്നെ രക്ഷാധികാരിയായും തിരഞ്ഞെടുത്തു. ഇപ്പോഴും കർണ്ണാടകയിലെ പ്രവർത്തനങ്ങളിൽ ഭാഗികമായി പങ്കാളിയായിരിക്കുവാൻ സാധിക്കുന്നതിൽ സന്തോഷമുണ്ട്.

ഐ. പി. സി.യിലെ എന്റെ കൂട്ടുശുശ്രൂഷകന്മാർക്കും ദൈവജനത്തിനും എന്റെ പിതാവിനേയും എന്നേയും നന്നായി അറിയാം. എന്റെ ശുശ്രൂഷയെക്കുറിച്ചും അറിവുണ്ട്. ദൈവം എനിക്ക് തന്ന ശുശ്രൂഷയുടെ തെളിവാണ് ഷാർജയിൽ അഞ്ഞൂറോളം അംഗങ്ങളുള്ള ലോക്കൽ സഭ. മധ്യതിരുവിതാംകൂറിലെ പ്രമുഖ സെന്ററുകളിലൊന്നായ പത്തനംതിട്ട സെന്ററിൽ കഴിഞ്ഞ 17 വർഷമായി എല്ലാ ശുശ്രൂഷകളും അനുഗ്രഹകരമായ നിലയിൽ ചെയ്തുവരുന്നതിന് സെന്ററിലെ ദൈവദാസന്മാരും ദൈവജനവും സാക്ഷികളാണ്. ഇന്ത്യയുടെ ഒട്ടുമിക്ക സ്റ്റേറ്റുകളിലും ലോകത്തിലെ അനേകം രാജ്യങ്ങളിലും ദൈവവചനവുമായി കടന്നു പോകുവാനും പതിനായിരങ്ങൾ പങ്കെടുക്കുന്ന വലിയ വേദികളിൽ ദൈവവചനവുമായി നിൽക്കുവാനും ദൈവം എന്നെ ബലപ്പെടുത്തുന്നു.

07 ↰

## നല്ല ശമര്യക്കാരന്റെ ദൂതുമായി ഡാളസ് തെരുവിൽ എത്തുന്ന.......



ആഡംബരജീവിതം നയിക്കുവാൻ സാഹചര്യം ഉണ്ടായിട്ടും തെരുവിൽ അലയുന്നവരെ തേടി സുവിശേഷവുമായി എത്തുന്ന പാസ്റ്റർ സന്തോഷ് പൊടിമലയെ നമ്മുടെ സമൂഹം പ്രോത്സാഹിപ്പിക്കണം. അദ്ദേഹത്തിന്റെ പ്രവർത്തനത്തിനായി പ്രാർത്ഥിക്കുവാനും സഹായത്തിന്റെ കരം നീട്ടുവാനും നമുക്കു കഴിയേണം. ഈ പ്രവർത്തനത്തിൽ പങ്കാളിയാകുവാനും സഹകരിക്കുവാനും ആഗ്രഹിക്കുന്നവർക്ക് ഈ പ്രവർത്തനങ്ങൾ നേരിട്ട് കാണുവാനും അവസരമുണ്ട്. തെരുവിൽ നിന്ന് രക്ഷി




ക്കപ്പെടുന്നവരെ ഞായറാഴ്ച രാവിലെ വാനുമായി ചെന്ന് കൂട്ടിക്കൊണ്ടുവന്ന് ഒന്നിച്ചാരാധിക്കുന്നതിൽ സന്തോഷിക്കുകയാണ് ഈ സുവിശേഷകൻ. ഒരു വ്യക്തിയെ ക്രിസ്തുവിനായി നേടുവാൻ കഴിഞ്ഞതിലുള്ള സന്തോഷം. അമേരിക്കയിലായാലും ഇന്ത്യയിലായാലും അത് കറുമ്പനോ വെള്ളക്കാരനോ ഭാരതീയനോ ആയാലും ആത്മാവിന്റെ വില ഒന്നാണല്ലോ.

### ഈ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നവർ

| | |
|---|---|
| ഫൗണ്ടർ & പ്രസിഡന്റ് | – പാസ്റ്റർ സന്തോഷ് പൊടിമല |
| വൈസ് പ്രസിഡന്റ് | – പാസ്റ്റർ ബെഞ്ചമിൻ തോമസ് |
| സെക്രട്ടറി | – ജോൺ കെ. ബാബു (കടവിൽ) |
| ട്രഷറർ | – ജോർജ്ജ് ഏബ്രഹാം ഒക്കലഹോമ |

### കൂടുതൽ വിവരങ്ങൾക്ക്

www.sacredhandsofhope.org സന്ദർശിക്കുക.
Email: sacredhandsofhope@gmail.com, PH: 214 929 3370

### വിലാസം

10701, ST. ANNES Dr.
Rowlett, TX 75089, USA

# നല്ല ശമര്യക്കാരന്റെ ദൂതുമായി ഡാളസ് തെരുവിൽ എത്തുന്ന പാസ്റ്റർ സന്തോഷ് പൊടിമല

അമേരിക്ക! ഏതു മനുഷ്യന്റെയും സ്വപ്നഭൂമിയാണ്. സൗഭാഗ്യങ്ങളുടെ നാട്! അവിടെ എത്തിപ്പെടുക എന്ന സ്വപ്നത്തിനുടമയായിരുന്നു ലോറൻസും. ഗൾഫിലെ മണലാരണ്യത്തിൽ നിന്നും സ്വപ്നഭൂമിയിൽ ചേക്കേറിയ ലോറൻസിന്റെ കുടുംബം അമേരിക്കയിലെ കണ്ണഞ്ചിപ്പിക്കുന്ന പുറംമോടികളിൽ മയങ്ങിപ്പോയി. മദ്യപാനം കുടുംബത്തിൽ താളപ്പിഴകൾ ഉണ്ടാക്കി. ഒരിക്കലുണ്ടായ അപകടം തന്നെ ജോലി ചെയ്യുവാൻ ശേഷിയില്ലാത്തവനാക്കി. ഒടുവിൽ ഭാര്യ മക്കളെയും കൂട്ടി മറ്റൊരിടം തേടി യാത്രയായപ്പോൾ ലോറൻസ് യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. തന്റെ പേരിൽ ഒരു സ്വത്തുമില്ല. സ്വത്തെല്ലാം മുമ്പേതന്നെ പേരിലാക്കിയിരുന്ന ഭാര്യ മറ്റൊരുവനെ വിവാഹം കഴിച്ചപ്പോൾ ലോറൻസ് സ്വപ്നഭൂമിയിലെ തെരുവിലേക്ക് ഇറങ്ങേണ്ടി വന്നു. മദ്യവും മയക്കുമരുന്നും ഒഴുകുന്ന അമേരിക്കയുടെ മറ്റൊരു മുഖം. ജയിൽ വിമോചിതരും കുറ്റവാളികളുമെല്ലാം ഒരു നേരത്തെ ആഹാരത്തിനായും തല ചായ്ക്കാൻ ഒരു ഇടത്തിനായും അലയുന്ന ഇടം. ലോറൻസിന്റെ ജീവിതം താളപ്പിഴകളോടെ ആഴത്തിലേക്കു നിപതിക്കുകയായിരുന്നു. തിരികെ വരുവാൻ കഴിയില്ലെന്ന ചിന്തയിൽ അലഞ്ഞ ലോറൻസിനെ തേടി ഒരു സുവിശേഷകനെത്തി. തെരുവിൽ നാറുന്ന വേഷവുമായി നടന്നവനോട് ക്രിസ്തുസ്നേഹം പ്രവർത്തിയിലൂടെ കാട്ടുന്ന ആ സുവിശേഷകന്റെ സ്നേഹം ലോറൻസിനെ ക്രിസ്തുവിനോടടുപ്പിച്ചു. തകർന്ന ജീവിതം പതിയെ പച്ച പിടിച്ചു. തെരുവിൽ നിന്നും ചെറിയ ഒരു മുറിയിലേക്കു താമസം മാറ്റിയ ലോറൻസ് പതിയെ നടക്കുകയാണ്, നഷ്ടപ്പെട്ടുവെന്ന് കരുതിയ ജീവിതത്തിന്റെ പടവുകളിലേക്ക്.

ബ്ലെയ്ക്ക് എന്ന വെള്ളക്കാരനായ യുവാവ്, ദൈവവചനത്തിനും ക്രിസ്തീയ മൂല്യങ്ങൾക്കും വില കൊടുക്കുന്ന ഭവനത്തിൽ ജനിച്ചുവളർന്നു. പിതാമഹൻ പാസ്റ്ററും പിതാവ് അസ്സോസിയേറ്റ് പാസ്റ്ററുമായിരുന്നു. സഭയിലെ ആരാധനയിൽ സജീവമായിരുന്ന ബ്ലെയ്ക്ക് സംഗീത ശുശ്രൂഷയ്ക്കും നേതൃത്വം കൊടുത്തു. ക്രിസ്തീയ ശിക്ഷണത്തിൽ വളർത്തപ്പെട്ട ബ്ലെയ്ക്കിന്റെ ജീവിതം വഴിത്തിരിവിലെത്തിയത് തന്റെ കോളജ് പഠനകാലത്താണ്. മാതാപിതാക്കളെ വിട്ട് ഹോസ്റ്റലിലെത്തിയ ബ്ലെയ്ക്ക് ദുഷിച്ച കൂട്ടുകെട്ടിലകപ്പെട്ടു. മദ്യപാനം തുടങ്ങിയ ഈ യൗവനക്കാരൻ മദ്യം വാറ്റിക്കുടിക്കുകയും മയക്കു മരുന്നിനടിമയാകുകയും ചെയ്തു. ആകെ തകർന്ന ജീവിതം കടൽതിരയിലകപ്പെട്ട നൗകപോലെ ആടിയുലഞ്ഞു. മയക്കുമരുന്ന് തന്നെ ജയിലിലെത്തിച്ചു. വീട്ടുകാർക്ക് തല വേദനയായി മാറിയ ബ്ലെയ്ക്ക് ഒടുവിൽ ജയിൽ മോചിതനായി തെരുവിലെത്തി. തലചായ്ക്കാനിടമില്ലാതെയും ഒരു നേരത്ത ആഹാരത്തിനായി വകയില്ലാതെയും അലഞ്ഞ ബ്ലെയ്ക്കിനെ തേടി ആ സന്ദേശം എത്തി. തകർന്നവനെ പണിയുന്ന ക്രിസ്തുസ്നേഹത്തിന്റെ സന്ദേശം. സുബോധം വന്ന ബ്ലെയ്ക്ക് ക്രിസ്തുസ്നേഹത്തിലേക്ക് മടങ്ങിവന്നു. ഇന്നു തെരുവിൽ മയക്കുമരുന്നിനടിമയായവരോട് വിടുവിക്കുന്ന ക്രിസ്തുസ്നേഹത്തെക്കുറിച്ച് പറയുന്നു.

ക്രിമിനൽ പശ്ചാത്തലവും ധാർമ്മികത ലവലേശം പോലുമില്ലാത്ത പശ്ചാത്തലവും മയക്കുമരുന്നും വേശ്യാവൃത്തിയും ഉള്ള കുടുംബത്തിലും ജനിച്ച് മയക്കുമരുന്നിനടിമകളായി ജയിലിലും തെരുവിലും ജീവിച്ചവസാനിക്കുന്ന വലിയ ഒരു കൂട്ടമുണ്ടിവിടെ. അമേരിക്കയിലെ ജീവിതസൗഭാഗ്യത്തിന്റെ പൊൻവെളിച്ചമവിടില്ല. കൊടുംവെയിലും മഞ്ഞും എല്ലാം മാറിമാറി വരുമ്പോൾ ശീതികരിച്ചതും ചൂടുള്ളതുമായ മുറികളും തീൻമേശയിലെ വിഭവസമൃദ്ധിയുമിവർക്കില്ല. ലക്ഷ്യമില്ലാത്ത ജീവിതം. വെള്ളിവെളിച്ചത്തിൽ ജീവിക്കുന്ന പലർക്കും കേട്ടുകേൾവി പോലുമില്ലാത്ത മറ്റൊരു ലോകം. കുളിക്കാതെയും വൃത്തിയുള്ള വസ്ത്രം ധരിക്കാതെയും നാറുന്ന ശരീരവുമായി അടുക്കുവാൻ ആരും അറയ്ക്കുന്ന ഇവരുടെ അടുക്കലേക്ക് വരുവാൻ മലയാളി വിശ്വാസികളോ സഭകളോ താൽപ്പര്യപ്പെടാറില്ല. ഇവിടെയാണ് പാസ്റ്റർ സന്തോഷ് പൊടിമല വ്യത്യസ്തനാകുന്നത്. ക്രിസ്തീയ ശുശ്രൂഷ പ്രസംഗപീഠത്തിലല്ല എന്നു വിശ്വസിക്കുന്ന സുവിശേഷകൻ. പാപികളെ തേടി തെരുക്കോണുകളിൽ എത്തിയ ക്രിസ്തുവിന്റെ പാതയിലൂടെ പോകുവാൻ ആഗ്രഹിക്കുകയാണ് ഈ യുവ സുവിശേഷകൻ.



പാസ്റ്റർ സന്തോഷ് പൊടിമല കുടുംബത്തോടൊപ്പം

പെന്തെക്കോസ്തിലെ നാലാം തലമുറക്കാരനായ സന്തോഷ്, പൊടിമല മത്തായിച്ചന്റെ കൊച്ചുമകൻ പാസ്റ്റർ ബെഞ്ചമിൻ തോമസിന്റെ മകനാണ്. മാതാവ് പൊന്നമ്മ കുമ്പനാട് ചെള്ളേത്ത് കുടുംബാംഗം. 1987ൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. ഡെറാഡൂണിൽ വേദപഠനം നടത്തിയ സന്തോഷ് ഉത്തരഭാരതത്തിലെ ഗ്രാമങ്ങളിൽ സുവിശേഷകനായി. ടീമുകളോടൊപ്പവും തനിയെയും സാധാരണക്കാരിൽ സുവിശേഷമെത്തിക്കുക എന്ന ദൗത്യം നിർവ്വഹിച്ച പാസ്റ്റർ സന്തോഷ് ഡൂൺ ബൈബിൾ സ്കൂളിന്റെ വാർഡനായും പ്രവർത്തിച്ചു. 1995-ൽ പിതാവ് അമേരിക്കയിലേക്കു പോന്നപ്പോൾ അട്ടപ്പാടി സെന്ററിന്റെ ചുമതലയും കുറച്ചുനാൾ വഹിച്ചു. 1996-ൽ തിരുവല്ല വളഞ്ഞവട്ടം പെരുവിഞ്ചൽ കുടുംബാംഗമായ സൂസനെ വിവാഹം കഴിച്ചു. 1997-ൽ ഒക്കലഹോമ ഐ. പി. സി. സഭയുടെ യൂത്ത് പാസ്റ്ററായി അമേരിക്കയിലെത്തി. 8 വർഷം ആ ചുമതലയിൽ തുടർന്ന പാസ്റ്റർ സന്തോഷ് തുടർന്ന് 5 വർഷങ്ങൾ ഡാളസ് ഫെയ്ത്ത് ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററായി പ്രവർത്തിച്ചു. ദൈവാത്മ നിയോഗത്തെതുടർന്ന് 2011-ൽ വിവിധ ഭാഷക്കാരെയും രാജ്യക്കാരെയും ലക്ഷ്യമാക്കി പുതിയ പ്രവർത്തനം ആരംഭിച്ചു. ബെയ്ലർ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ ചാപ്ലയിൻ എന്ന മാന്യമായ ജോലി ചെയ്യുന്ന പാസ്റ്റർ സന്തോഷിന്റെ ഹൃദയം തെരുവിൽ നശിക്കുന്ന ഹോംലസ് ആളുകൾക്കായി തുടിച്ചു കൊണ്ടിരുന്നു. ഒടുവിൽ തന്റെ വാനുമായി തെരുവിലെത്തി. തന്റെ വാക്കുകൾ ശ്രദ്ധിച്ചവരെ കൂട്ടിക്കൊണ്ടു വന്ന് കുളിപ്പിച്ച് വൃത്തിയുള്ള വസ്ത്രവും ഭക്ഷണവും നൽകി, ഒപ്പം സുവിശേഷവും. ഭാര്യ സൂസനും മക്കളായ സ്നേഹയും ശേത്തും ഒപ്പംകൂടി. അവർക്കായി പാടി, ഭക്ഷണം നൽകി. ഇവിടെ ഒരു ശുശ്രൂഷ ആരംഭിക്കുകയായിരുന്നു. സേക്രട്ട് ഹാന്റ്സ് ഓഫ് ഹോപ്പ് ഇന്ത്യൻ മിനിസ്ട്രീസ് എന്ന ശമര്യക്കാരന്റെ ശുശ്രൂഷ. തെരുവിൽ മുറിവേറ്റവനെ താങ്ങിയെഴുന്നേൽപ്പിച്ച് രക്ഷയ്ക്ക് വേണ്ടത് നൽകി സുരക്ഷിത സ്ഥലത്തെത്തിക്കുന്ന ശുശ്രൂഷ. വെടിയുണ്ടകൾ കണക്കു തീർക്കുന്നിടമാണ് ഇത്തരം തെരുവുകൾ. മയക്കുമരുന്നും വേശ്യാവൃത്തിയുമാണ് മുഖമുദ്ര. കുളിക്കാതെയും നനയ്ക്കാതെയും തെരുവിലുറങ്ങുന്നവരുടെ അടുക്കൽ എത്തുവാൻ നമ്മുടെ ആളുകൾക്ക് മടിയാണ്. അവിടേക്കാണ് സന്തോഷ് പാസ്റ്റർ എത്തുന്നത്. എല്ലാ വ്യാഴാഴ്ചയും ഹോംലസ്സ് ആളുകൾക്കായി നടത്തുന്ന കൂടിവരവുകളിൽ ശരാശരി 60 ആളുകൾ എത്താറുണ്ട്. രക്ഷിക്കപ്പെടുന്നവരെയും താല്പ്പര്യം പ്രകടിപ്പിക്കുന്നവരെയും മെൻ ഓഫ് നെഹമ്യാവ് എന്ന സംഘടനയുടെ ക്ലാസിലേക്കും ഷെൽറ്ററിലേക്കും എത്തിക്കുന്നു. ആത്മീയജീവിതം തുടങ്ങുന്ന ഇവരിൽ മാറ്റം പ്രകടമാകുന്നു. ജീവിതം കരുപ്പിടിപ്പിക്കുവാൻ ചിലരെയെങ്കിലും ഇവർക്ക് സഹായിക്കാനാകുന്നുണ്ട്. സ്വന്തപണവും മറ്റുള്ളവർ നൽകുന്ന സഹായവും ഇവർക്ക് ആഹാരവും മറ്റു ആവശ്യങ്ങളും നിർവ്വഹിപ്പാനുമായി ചെലവഴിക്കുന്നു. ഒരു വർഷത്തിൽ മൂന്നോ, നാലോ തവണ നടത്തുന്ന സേക്രട്ട് ഹാന്റ്സ് ഓഫ് ഔട്ട്റീച്ചിലൂടെ നൂറുകണക്കിനാളുകളെ ഒന്നിച്ചുകൂട്ടി ഭക്ഷണം നൽകുകയും സുവിശേഷം പങ്കിടുകയും ചെയ്യുന്നു. ആദ്യ ഭാഗത്ത് സൂചിപ്പിച്ച സോളമനും ബ്ലെയ്ക്കുമെല്ലാം സന്തോഷ് പൊടിമല എന്ന സുവിശേഷകന്റെ കരം പിടിച്ച് ജീവിതത്തിലേക്കു മടങ്ങി വന്നവരാണ്. സന്തോഷ് പാസ്റ്ററിലൂടെ അവർ അറിഞ്ഞത് ക്രിസ്തുവിനെയാണ്.



വ്യത്യസ്തമായ ഈ ശുശ്രൂഷയെ ഉൾക്കൊള്ളുവാനും അംഗീകരിപ്പാനും കംഫർട്ട് സോണിൽ മാത്രം ഇരിക്കാനാഗ്രഹിക്കുന്ന മലയാളികൾക്കു ബുദ്ധിമുട്ടുള്ളപ്പോഴും ധാരാളം യുവജനങ്ങൾ ഈ പ്രവർത്തനത്തെ സഹായിപ്പാൻ മുമ്പോട്ടു വരുന്നത് ശുഭോദർക്കമാണ്. അമേരിക്കയിലെ തെരുവോരങ്ങളിൽ മാത്രമല്ല ഭാരതത്തിലും ഫിലിപ്പൈൻസിലും ഈ ശുശ്രൂഷ വ്യാപിച്ചിരിക്കുന്നു. ഇൻഡ്യയിൽ പഞ്ചാബ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലി ഇന്നു വളർച്ചയുടെ പാതയിലാണ്. നൂറുകണക്കിനാളുകൾ രക്ഷകനെ അറിയുന്നു. തെരുവിൽ നിന്നുള്ള കുഞ്ഞുങ്ങൾക്കായി ഓർഫനേജുകൾ, ബൈബിൾ ട്രെയിനിംഗ് സെന്റർ, തയ്യൽ സ്കൂൾ, ആരാധന ഇവയെല്ലാം ഇതിന്റെ ഭാഗമായി നടക്കുന്നു. ഫിലിപ്പെൻസിലും ആരുമില്ലാത്തവരും പാവപ്പെട്ടവരുമായ കുട്ടികളുടെ ക്ഷേമത്തിനായി സന്തോഷ് പൊടിമലയുയെ നേതൃത്വത്തിലുള്ള സേക്രട്ട് ഹാന്റ്സ് ഓഫ് ഇന്ത്യൻ മിനിസ്ട്രീസിനു സാധ്യമാകുന്നു.

അമേരിക്കയിലെ സുഖസൗകര്യങ്ങളിൽ ഒതുങ്ങി

06






സേക്രട്ട് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസിന്റെ ഹോംലെസ്സ് ആളുകളുടെ ഇടയിലെ പ്രവർത്തന ദൃശ്യങ്ങൾ

# അനുഭവത്തിന്റെ കരുത്തുമായി ബ്രദർ രാജൻ ആര്യപ്പള്ളിൽ ഐ. പി. സി. ജനറൽ ട്രഷറർ സ്ഥാനത്തേക്ക്

**അറ്റ്ലാന്റാ:** പെന്തെക്കോസ്ത് പൊതുപ്രവർത്തന രംഗത്ത് മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ബ്രദർ രാജൻ ആര്യപ്പള്ളിൽ ഈ വരുന്ന ഐ. പി. സി. തെരഞ്ഞെടുപ്പിൽ ജനറൽ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നു. തെരഞ്ഞെടുപ്പ് രംഗത്ത് കണ്ടുവരുന്ന പാനൽ, ഗ്രൂപ്പ് ഇവയ്ക്ക് അധീതമായി പൊതു താല്പര്യപ്രകാരം ആണ് ഇദ്ദേഹം മത്സരിക്കുവാൻ തയ്യാറായത്. മൂല്യങ്ങൾക്കു വേണ്ടിയും ഉപദേശങ്ങൾക്കുവേണ്ടിയും ശക്തമായ നിലപാടുള്ള ഇദ്ദേഹം തന്റെ അനുഭവ സമ്പത്തും സംഘാടക മികവും ഐ. പി. സി. പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും ഉതകും എന്ന ഉത്തമ വിശ്വാസത്തോടെയാണ് മത്സരരംഗത്ത് ഉറച്ച് നിൽക്കുന്നത്. ഇനി കൂടുതൽ സമയം ഇന്ത്യയിലെ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുവാൻ ഇവിടെ കൂടുതൽ സമയം ഉണ്ടാകും എന്ന് ഇദ്ദേഹം ഉറപ്പു നൽകുന്നു. മികച്ച സംഘാടകൻ എന്ന നിലയിൽ വിവിധ പ്രവർത്തനങ്ങൾക്ക് ചുമതല വഹിച്ചിട്ടുള്ള ഇദ്ദേഹം അനുഭവത്തിന്റെ കരുത്തുമായാണ് മത്സരരംഗത്ത് എത്തിയിരിക്കുന്നത്. പ്രശസ്തമായ അമേരിക്കൻ മലയാളി കോൺഫറൻസിന്റെ സെക്രട്ടറിയായി രണ്ടു തവണ പ്രവർത്തിച്ചിട്ടുള്ള രാജൻ ഐ. പി. സി. ഫാമിലി കോൺഫറൻസിന്റെ ട്രഷറർ പദവിയും വഹിച്ചു. ഒന്നിലധികം തവണ പിസിനാക്ക് സെക്രട്ടറി പദം അലങ്കരിച്ചിട്ടുള്ളത് രാജൻ ആര്യപ്പള്ളിൽ മാത്രമാണ്. വേൾഡ് മലയാളി പെന്തെക്കോസ്തൽ കോൺഫറൻസ് ജനറൽ സെക്രട്ടറി, നോർത്തമേരിക്കൻ സാഹിത്യ സമിതി പ്രസിഡന്റ് തുടങ്ങിയവയെല്ലാം ഇദ്ദേഹത്തിന്റെ സംഘാടക മികവിന് ഉദാഹരണങ്ങളാണ്. ജോർജ്ജിയ യൂത്ത് ഫെലോഷിപ്പ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഐ. പി. സി. നോർത്തമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ ജോയിന്റ് സെക്രട്ടറി, പി. വൈ. പി. എ. പ്രസിഡന്റ്, ജനറൽ കൗൺസിൽ അംഗം, അറ്റ്ലാന്റാ ഐ. പി. സി. സെക്രട്ടറി, ട്രഷറർ തുടങ്ങി താൻ വഹിച്ചിട്ടുള്ള പദവികളിലെല്ലാം സംഘാടക മികവുകൊണ്ട് ശ്രദ്ധേയനായി.



ഐ. പി. സി.യുടെ ചരിത്രത്തിൽ ഇടം നേടിയിട്ടുള്ള കുമ്പനാട് ആര്യപ്പള്ളിൽ കുടുംബത്തിൽ ജനിച്ച് ഇദ്ദേഹം 28 വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലേക്ക് കുടിയേറി. ഡാളസിൽ കോളജ് വിദ്യാഭ്യാസം നടത്തിയ താൻ കഴിഞ്ഞ 26 വർഷങ്ങളായി IBM എന്ന IT കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. കുടുംബമായി അറ്റ്ലാന്റായിൽ താമസിക്കുന്ന ഇദ്ദേഹം കേരളാ പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം സെക്രട്ടറി, പ്രസിദ്ധമായ ബിലീവേഴ്സ് ജേണൽ പത്രത്തിന്റെ ചെയർമാൻ പദവികൾ വഹിക്കുന്നു. മികച്ച എഴുത്തുകാരൻ, നല്ല സംഘാടകൻ, മികച്ച നേതൃത്വ പാടവത്തിനുടമ ഇങ്ങനെ പെന്തെക്കോസ്ത് ലോകത്ത് അറിയപ്പെടുന്ന രാജൻ ആര്യപ്പള്ളിൽ കുമ്പനാട് എലീം സഭയുടെ അംഗം കൂടിയാണ്.

ആര്യപ്പള്ളിൽ ശമുവേലിന്റെയും താന്നിക്കൽ കുടുംബാംഗമായ കുഞ്ഞമ്മയുടെയും മകനാണ്. പെന്തെക്കോസ്ത് ചരിത്രത്തിൽ ഇടം നേടിയ ആര്യപ്പള്ളിൽ അവറാച്ചന്റെ കൊച്ചുമകനുമാണ്. പെന്തെക്കോസ്തിലെ ആദ്യകാല നേതാക്കളിൽ പ്രമുഖനായിരുന്ന കൊടുന്തറ ഉമ്മച്ചന്റെ മകൾ ശോശാമ്മയെ വിവാഹം കഴിച്ചത് ഇദ്ദേഹത്തിന്റെ പിതൃസഹോദരനായ ആര്യപ്പള്ളിൽ ജോർജ്ജാണ്.

സഹധർമ്മിണി: റോസമ്മ, നിലമ്പൂർ പെരുമ്പലത്ത് കുടുംബാംഗമാണ്.

മക്കൾ: റോണി, റോഷ്, റേബ








# ജീവൻ ജ്യോതി

## പാരമ്പര്യ ഗൃഹചികിത്സ

കണ്ടത്തിൽപീടിക – കരുവൻചാൽ, ആലക്കോട്(വഴി) കണ്ണൂർ(ജില്ല), കേരളാ

Ph: 0460 2246214, www.jeevanjyothy.com, email@jeevanjyothy.com

ആയുർവ്വേദത്തിലെ
ത്രിദോഷസിദ്ധാന്തം;
പഞ്ചഭൂത സിദ്ധാന്തം ഇവയുടെ
അടിസ്ഥാനത്തിൽ ആവിഷ്കൃതവും
വികസിതവുമായ ചികിത്സാ രീതികൾ....
ആർഷഭാരതത്തിലെ
അമൂല്യങ്ങളായ ഔഷധസസ്യങ്ങൾ
കൊണ്ടുള്ള ചികിത്സാരീതികൾ....
മാറാരോഗങ്ങൾക്കുള്ള ഒറ്റമൂലി ചികിത്സകൾ...

NB: അൾസർ, പൈൽസ്, സോറിയാസിസ്, തീപ്പൊള്ളൽ തുടങ്ങിയവയ്ക്ക് ഫലപ്രദമായ പ്രത്യേക പച്ചമരുന്ന് ചികിത്സകൾ ലഭ്യമാണ്.

### ചികിത്സാ വിഭാഗങ്ങൾ

1 സുഖചികിത്സ
2 ഉഴിച്ചിൽ
3 പഞ്ചകർമ്മങ്ങൾ
4. നാഡീപിഴവുകൾ
5. മർമ്മ ചികിത്സ
6 നട്ടെല്ലിന്റെ ക്ഷതങ്ങൾ
7 നടുവേദന
8 കാൽമുട്ടുവേദന
9 സ്പോണ്ടിലോസിസ്
10 മൈഗ്രെയിൻ
11 കിഡ്നി സ്റ്റോൺ
12 മൂത്രാശയരോഗങ്ങൾ
13 അലർജി
14 വിട്ടുമാറാത്ത തലവേദന
15 താരൻ
16 മുടികൊഴിച്ചൽ
17 ആസ്മ
18 വെള്ളപ്പാണ്ട്
19 ലൈംഗിക ബലഹീനതകൾ

തുടങ്ങിയവയ്ക്ക് പാരമ്പര്യ ഗൃഹചികിത്സകൾ ലഭ്യമാണ്.

- സോറിയാസിസ്, പ്രമേഹം എന്നിവയ്ക്ക് പ്രത്യേക ചികിത്സാവിധികൾ
- ഹാർട്ട് ബ്ലോക്കിന് ശാശ്വതപരിഹാരം പച്ചമരുന്ന് ചികിത്സ

## “അനുഭവ സാക്ഷ്യങ്ങൾ മുഖമുദ്ര ആകുമ്പോൾ അവകാശവാദങ്ങൾ എന്തിന്?

*ദൈവനാമത്തിനു മഹത്വം!*

കർത്താവിൽ പ്രിയരെ, ദൈവകൃപയാൽ കഴിഞ്ഞ 40 വർഷങ്ങളായി ദൈവത്തിലാശ്രയിച്ച് ആയുർവ്വേദ പാരമ്പര്യ ചികിത്സകൾ നടത്തി വരുന്നു.

മരണത്തെ മുഖാമുഖം കണ്ട് ജീവിതത്തിൽ ആശ അറ്റവരുടെ ആത്മികവും ശാരീരികവുമായ രോഗസൗഖ്യത്തിന് ജീവൻ ജ്യോതി പാരമ്പര്യ ചികിത്സാ കേന്ദ്രം ആശ്വാസമേകുന്നു. മലയാളക്കരയിൽ നിന്നുമാത്രമല്ല പുറം നാടുകളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും നിരവധി ആളുകൾ ജീവൻ ജ്യോതിയിലെ ചികിത്സ മൂലം രോഗസൗഖ്യം പ്രാപിച്ച് സാക്ഷികളായി ഇന്നും ജീവിക്കുന്നു. ഹാർട്ട് ബ്ലോക്ക് (9944378168), ലിവർ സിറോസിസ് + ക്യാൻസർ (9447581273) 8 ദിവസത്തിൽ കൂടുതൽ ജീവിച്ചിരിക്കില്ല എന്നു പറഞ്ഞ് ഡോക്ടർമാർ ഉപേക്ഷിച്ച് വിട്ടവർ ഇവിടുത്തെ ചികിത്സയുടെ ഫലമായി ഇന്നും സുഖമായിരിക്കുന്നു. സോറിയാസിസ് പാടുപോലുമില്ലാതെ സുഖം (9995401798) പ്രാപിക്കുന്നു. നടുവേദന, പ്രമേഹം, അലർജി, ആസ്തമ തുടങ്ങിയവയ്ക്ക് പാർശ്വഫലമില്ലാതെ ഇവിടെ ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ആയുർവേദത്തിലെ ത്രിദോഷസിദ്ധാന്തം, പഞ്ചഭൂത സിദ്ധാന്തം ഇവയുടെ അടിസ്ഥാനത്തിൽ ആവിഷ്കൃതവും, വികസിതവുമായ ചികിത്സാ രീതികൾ; ആർഷഭാരതത്തിലെ അമൂല്യ ഔഷധങ്ങൾ കൊണ്ടുള്ള പച്ചമരുന്നു ചികിത്സകൾ, പാരമ്പര്യ ഗൃഹചികിത്സയുടെ തനിമകൾ, തികച്ചും പ്രകൃതി രമണീയമായ ഭൂപ്രദേശത്ത് ഒരുക്കിയിരിക്കുന്ന മികച്ച താമസസൗകര്യവും ഭക്ഷണവും.

ജീവൻ ജ്യോതിയിലെ ചികിത്സ കൊണ്ട് സൗഖ്യമായവരുടെ അനുഭവസാക്ഷ്യങ്ങൾ ഈ പ്രസ്ഥാനത്തിന് ഊർജ്ജം പകരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, ക്രിസ്തീയ സഭാപ്രവർത്തനങ്ങൾക്ക് നൽകുന്ന സഹായം, ഹാന്റ് മൈക് വിതരണം തുടങ്ങി വിവിധ നിലകളിൽ മലബാറിലെ സഭകളുമായി ജീവൻ ജ്യോതി പാരമ്പര്യ ഗൃഹചികിത്സാലയം സഹകരിക്കുന്നു. ദൈവ കൃപയാൽ പ്രവർത്തനം മേൽക്കുമേൽ അനുഗ്രഹമായി നടക്കുവാൻ സർവ്വശക്തൻ സഹായിക്കുന്നു. കണ്ണൂരിലെ പൗരാവലി നല്ല വൈദ്യനായി പൊന്നാട നൽകി അംഗീകരിച്ചു. എല്ലാ ദൈവീക ദാനങ്ങൾക്കും ദൈവത്തോട് നന്ദി പറയുന്നു. മാനവും മഹത്വവും സർവ്വശക്തന്. തുടർന്നും ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ചോദിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ

റ്റി. എ. ബാബു ഗുരുക്കൾ



T.A.BABU GURUKAL
Reg. No. 1343
Mob: 9446771361
Office No: 9400391361



വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

# സഭാ പുരോഗതി ലക്ഷ്യമിട്ട് ബ്രദർ സജി പോൾ

## ഐ. പി. സി. ജനറൽ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ബ്രദർ സജി പോൾ തന്റെ നിലപാടുകളും ലക്ഷ്യങ്ങളും വ്യക്തമാക്കുന്നു.

**കേ**രളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥരായിരുന്ന എം. എം. പൗലോസിന്റെയും ഏലിയാമ്മയുടെയും അഞ്ചു മക്കളിൽ മൂന്നാമനായി സജി പോൾ ജനിച്ചു. ഓർത്തഡോക്സ് കുടുംബാംഗങ്ങളായിരുന്നെങ്കിലും കാർട്ടേഴ്സ് ജീവിതകാലത്ത് വിവിധ പ്രയർഗ്രൂപ്പുകളുമായി ഉണ്ടായിരുന്ന ബന്ധം ഈ കുടുംബത്തെ പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് നയിച്ചു. മൂലേടം ഐ. പി. സി. അംഗങ്ങളായി. ചെറിയ പ്രായം മുതൽ സണ്ടേസ്കൂൾ പി. വൈ. പി. എ. തലങ്ങളിൽ സജീവമായിരുന്ന സജി പോൾ കോളജ് വിദ്യാഭ്യാസനന്തരം ബിസിനസ്സ് രംഗത്തെത്തി. 1987-1994 വരെ കോട്ടയത്ത് ബിസിനസ്സ് ഫീൽഡിൽ പ്രവർത്തിച്ചു. 1994-ൽ ബഹറനിൽ എത്തി. 1995-ൽ ദുബായിൽ എത്തിയ ഇദ്ദേഹം 2002 വരെ അവിടെ പ്രവർത്തിച്ചു. 2002 മുതൽ ദോഹ കേന്ദ്രമാക്കി വിവിധ ബിസിനസ്സ് രംഗത്ത് സജീവമായിരിക്കുന്നു. ദുബായ്, ഖത്തർ, മസ്കറ്റ് എന്നിവിടങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 9 കമ്പനികൾ ഇദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കൺസ്ട്രഷൻ, കേറ്ററിംഗ്, ട്രാൻസ്പോർട്ടിംഗ്, ട്രെയ്ഡിംഗ് മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് മുന്നേറുന്ന ഇദ്ദേഹത്തിന്റെ സ്ഥാപനത്തിൽ നൂറു കണക്കിന് ആളുകൾ ജോലി ചെയ്യുന്നു. ഭാര്യ: കോട്ടയം മണർകാട് വാക്കയിൽ കുടുംബാംഗമായ കുഞ്ഞുമോൾ. മകൻ: ഗോഡ്വിൻ ദുബായിൽ വിദ്യാർത്ഥിയാണ്.

ഐ. പി. സി. ജനറൽ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ അതിനെക്കുറിച്ച് തനിക്ക് വ്യക്തമായ പദ്ധതികളുണ്ട്. ഐ. പി. സി. സഭയിലെ രാഷ്ട്രീയം, സഭയുടെ ഇന്നത്തെ പോക്ക്, വളർച്ച ഇവ സംബന്ധിച്ച് തന്റെ നിലപാടുകളും വ്യക്തമാണ്.

പണക്കാർ ഐ. പി. സി. സ്ഥാനങ്ങൾ പിടിച്ചടക്കുന്നു എന്ന ആരോപണത്തെക്കുറിച്ച് ഇദ്ദേഹത്തിന് വ്യക്തമായ മറുപടിയുണ്ട്. പണമുള്ളവർ ഐ. പി.സി. പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും സ്വന്തം പണം പ്രസ്ഥാനത്തിനും ദൈവവേലയ്ക്കായും മുടക്കുന്നതിലും എന്താണ് തെറ്റ്. ദൈവീക നിയോഗമില്ലാതെ ആർക്കും ഇവിടെയെത്തുവാൻ കഴിയില്ല. പ്രസ്ഥാനത്തിന്റെ ലേബലിൽ പണമുണ്ടാക്കുന്നവരേക്കാൾ പ്രസ്ഥാനത്തിനായി ചെലവിടുന്നവരെയാണ് ഇന്നാവശ്യം. 45 വർഷമായി ഐ. പി. സി. ക്കാരനാണ് ഞാൻ. സഭയ്ക്കുവേണ്ടി പണം മുടക്കുവാൻ ആളുകൾ മുന്നോട്ട് വരുമ്പോൾ ഇത്തരം ആരോപണങ്ങൾ ഉയർത്തി അവരെ തടയുന്നത് ശരിയല്ല.

സഭയുടെ ഇപ്പോഴത്തെ സ്ഥിതിയിലും അമിതമായ രാഷ്ട്രീയവും ഗ്രൂപ്പും സ്വാധീനം ചെലുത്തുന്നതിൽ അതൃപ്തനാണ് ബ്രദർ സജി പോൾ. ഇത് സംബന്ധമായി തനിക്ക് ശക്തമായ നിലപാടാണ് ഉള്ളത്. "ഒരു ഗ്രൂപ്പിന്റെ വക്താവല്ല, അതിൽ എനിക്കു താല്പര്യവുമില്ല. സഭയുടെ നേതൃത്വനിരയിൽ നല്ലവരും യോഗ്യരും വരണം. സഭയുടെ നന്മയ്ക്കായി പ്രവർത്തിക്കുവാൻ മനസ്സുള്ളവർ വരണം. സഭയുടെ പ്രധാന സ്ഥാനങ്ങളിൽ ഒരാൾ തന്നെ തുടരുന്നത് ശരിയല്ല. മറ്റുള്ളവർക്കുവേണ്ടി മാറിക്കൊടുക്കുകയും കഴിവുള്ളവർക്ക് അവസരം നൽകുകയും വേണം. മരണത്താലല്ലാതെ സ്ഥാനം വിടുകയില്ലായെന്ന പ്രവണത മാറണം. സഭയുടെ ഇപ്പോഴത്തെ പോക്കിൽ ഞാൻ ഖിന്നനനാണ്. കാരണം ഇങ്ങനെ പോയാൽ പെന്തെക്കോസ്തിൽ ചില വർഷങ്ങൾ കഴിഞ്ഞാൽ ആളുണ്ടാകുമോ എന്ന് സംശയിച്ചുപോകുകയാണ്. കാരണം നമ്മുടെ യുവതലമുറ നമ്മിൽ നിന്ന് അന്യപ്പെട്ട് പോയിക്കൊണ്ടിരിക്കുകയാണ്. പുതിയ തലമുറയ്ക്ക് വേണ്ട പരിശീലനമോ വളർച്ചയ്ക്ക് ആവശ്യമായ ആത്മീയ അനുഭവങ്ങളോ ഇവിടെ ലഭിക്കുന്നില്ല. സഭയിൽ അവരെ ഉൾക്കൊള്ളുന്നില്ലായെന്നത് ദുഃഖരമാണ്. സഭയിൽ ഇന്ന് ആത്മീയ ശുശ്രൂഷകൾ അന്യം നിന്നിരിക്കുന്നു. ആത്മീയശുശ്രൂഷയിലൂടെ മാത്രമേ ജനം മുമ്പോട്ട് വരികയുള്ളൂ. ആത്മീയ ശുശ്രൂഷകൾ സഭകളിൽ നടക്കണം. രോഗശാന്തിയും കാത്തിരിപ്പുമൊക്കെ പണ്ടത്തെപ്പോലെ നമ്മുടെ സഭകളിൽ ഉണ്ടാകണം. അങ്ങനെ ഒരു മടങ്ങിവരവിലൂടെ മാത്രമേ നമ്മുടെ പ്രസ്ഥാനങ്ങൾ ശരിയായ ദിശയിൽ മുമ്പോട്ട് പോകുകയുള്ളൂ".



സഭയുടെ ഭാവിസംബന്ധമായ തന്റെ ദർശനം താൻ ഇങ്ങനെ വിവരിക്കുന്നു. "ഓഫീസ് സംവിധാനം പാടെ മാറി കുറ്റമറ്റതാക്കണം, സഭയ്ക്ക് ബഡ്ജറ്റ് സംവിധാനം ഉണ്ടാകണം, എല്ലാ സ്റ്റേറ്റ് - റീജിയൻ - ലോക്കൽ തലങ്ങളിൽ ഉള്ള സഭകളുമായി കേന്ദ്ര ഓഫീസിന് ബന്ധമുണ്ടാകണം. സഭാവളർച്ചയ്ക്കായി വ്യക്തമായ പദ്ധതി ആവിഷ്കരിക്കണം, ശുശ്രൂഷകരുടെയും വിശ്വാസികളുടെയും ക്ഷേമത്തിനായും ചർച്ച് ഗ്രോത്തിനായും ഫണ്ട് കണ്ടെത്തുകയും അവ ക്രമമായി നടപ്പിലാക്കുകയും വേണം. സഭാ സംബന്ധമായ കേസുകളും പരസ്പരം അധിക്ഷേപിച്ച് എഴുതുന്നതുമൊക്കെ ഒഴിവാക്കണം. ഗ്രൂപ്പുകൾക്ക് അതീതമായി ഐക്യതയും സമാധാനവും സഭയിൽ ഉണ്ടാകണം. എല്ലാ സഭകളെയും ഏകോപിപ്പിക്കും. ഫണ്ട് റെയ്സിംഗ് വ്യക്തിയധിഷ്ഠിതമെന്ന നിലയിൽ നിന്ന് സഭയ്ക്കായി എന്ന നിലയിലേക്ക് മാറണം. കാശുള്ളതുകൊണ്ടുള്ള രാഷ്ട്രീയം എനിക്കില്ല. ദൈവം ആണ് പണം നൽകിയത്. പണം ഉള്ളതുകൊണ്ട് മാത്രം സഭാപ്രവർത്തനങ്ങളിൽ നിന്ന് മാറിനിൽക്കേണ്ട കാര്യമില്ലല്ലോ. സഭയുടെ പുരോഗതിയും നന്മയും മാത്രം ലക്ഷ്യമാക്കുമ്പോൾ ബാക്കിയുള്ളതെല്ലാം അപ്രസക്തമാകും. മാറിയ കാലഘട്ടത്തിന്റെ ചുവരെഴുത്തു വായിച്ച് ഒരുമിച്ചു നിൽക്കുവാൻ സഭയെ സജ്ജമാക്കുന്നതിൽ പങ്കാളിത്വം വഹിക്കുക എന്ന എളിയ കടമയാണ് എനിക്കുള്ളത്. നമ്മുടെ പ്രവർത്തനങ്ങളിലൂടെ ദൈവനാമം മഹത്വപ്പെടുകയാണല്ലോ വേണ്ടത്".

# കുമ്പനാട് കൺവൻഷന് ഉജ്വല തുടക്കം

## വിശ്വാസികൾ ത്യാഗപൂർണ്ണമായ ജീവിതം നയിക്കണം: പാസ്റ്റർ ജേക്കബ് ജോൺ

**കുമ്പനാട്:** ലോകമെങ്ങും അസഹിഷ്ണത പടരുന്ന ഈ കാലത്ത് യേശു ക്രിസ്തുവിന്റെ മനസോടെ ത്യാഗപൂർണ്ണമായി ജീവിക്കുവാനുള്ള സമർപ്പണവും സമൂഹത്തിൽ നന്മ ചെയ്യാനുള്ള മനസ്സും വിശ്വാസികൾക്ക് ഉണ്ടാകണമെന്ന് ഇന്ത്യാ പന്തെക്കോസ്ത് ദൈവസഭ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു.

92-ാം കുമ്പനാട് കൺവൻഷൻ ഹെബ്രോൻപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ക്രിസ്തീയ മാർഗം ത്യാഗത്തിന്റെയും ആത്മസമർപ്പണത്തിന്റെയും അസഹിഷ്ണതയുടെയും വിശ്വാസപാതയാണ്. ക്രൈസ്തവ വിശ്വാസത്തിന്റെ ആരംഭം മുതൽ കഠിനമായ എതിർപ്പുകൾക്കും ക്രൂരമായ പീഡനങ്ങൾക്കും സഭ നേരിടേണ്ടി വന്നിട്ടുണ്ട്. ക്രിസ്തു നിമിത്തമുള്ള കഷ്ടതകൾ അഭിമാനത്തോടെയും സന്തോഷത്തോടെയും അനുഭവിക്കുക എന്നത് ബൈബിളിന്റെ അടിസ്ഥാന ആശയമാണെന്ന് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. സഭ ആക്ടിങ്ങ് സെക്രട്ടറി പാസ്റ്റർ സാം ജോർജ് അദ്ധ്യക്ഷത വഹിച്ചു. സഭ മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ പ്രാരംഭ പ്രാർത്ഥന നടത്തി.

ഐ.പി.സി സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ വചനം ശുശ്രൂഷിച്ചു. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ബേബി വർഗീസ്, ട്രഷറർ ഡോ. ജോൺ ജോസഫ്, ജോൺസൺ കെ. ശമുവേൽ എന്നിവർ പ്രസംഗിച്ചു. ബാബു കൊടുന്തറ, പാസ്റ്റർമാരായ ജോസഫ് കെ. മാത്യു, റോയി പൂവക്കാല എന്നിവരുടെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

കൺവൻഷൻ 24-ന് സമാപിക്കും. വിവിധ ദിവസങ്ങളിൽ രാവിലെ 5-ന് പ്രഭാത ധ്യാനം, 8 മണിക്ക് ബൈബിൾ ക്ലാസ്, മിഷനറി സമ്മേളനം, വൈകിട്ട് 5.30-ന് സുവിശേഷ സമ്മേളനം എന്നിവ നടക്കുമെന്ന് പബ്ലിസിറ്റി കൺവീനർമാരായ പാസ്റ്റർ ജേക്കബ് ജോർജ്, പീറ്റർ മാത്യു വല്ല്യത്ത്, ജോജി ഐപ്പ് മാത്യൂസ് എന്നിവർ അറിയിച്ചു.

ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് K.S.R.T.C സർവീസുകൾ നടത്തും. രാത്രിയോഗം കഴിഞ്ഞ് ബുധൻ മുതൽ മേപ്രാൽ, റാന്നി, ഓതറ, ആഞ്ഞിലിത്താനം, പത്തനംതിട്ട, തിരുവല്ല, ചെങ്ങന്നൂർ, മല്ലപ്പള്ളി എന്നിവിടങ്ങളിലേക്ക് K.S.R.T.C സർവീസുകൾ ഉണ്ടാകും. സമാപന ദിവസം ദീർഘ ദൂര സർവീസുകളും നടത്തും.

# രക്തസാക്ഷികളായ ദൈവദാസന്മാരുടെ കുടുംബത്തെ ആദരിക്കുന്നു

**കുമ്പനാട്:** സുവിശേഷവിരോധികളാൽ കൊല്ലപ്പെട്ട ദൈവദാസന്മാരായ ഡേവിഡ് ലുഗൂൺ (ഒഡീഷ), പാസ്റ്റർ ഗുരു (ഒഡീഷ), പാസ്റ്റർ ചാമു (ജാർഖണ്ഡ്) എന്നിവരുടെ കുടുംബത്തെ കുമ്പനാട് കൺവൻഷനിൽ ആദരിക്കുകയും സഹായം നൽകുകയും ചെയ്യുന്നു. 22-ാം തീയതി വൈകിട്ട് ഏഴുമണിക്കുള്ള മീറ്റിംഗിലാണ് ഇവർക്കുള്ള സഹായവിതരണം നടക്കുന്നത്. സുവിശേഷം നിമിത്തം പിഡകൾ അനുഭവിക്കേണ്ടി വന്ന സുവിശേഷകരെയും ഈ മീറ്റിംഗിൽ സഹായധനം നൽകി ആദരിക്കും. മാവോയിസ്റ്റ് മുൻ കമാണ്ടറും ഇപ്പോൾ സുവിശേഷകനുമായ എലൈജയും മകനും ഈ മീറ്റിംഗിൽ സംബന്ധിക്കും. പെർസിക്യൂഷൻ റിലീഫ് ഫാമിലിയുടെ സഹകരണത്തോടെയാണ് സഹായവിതരണം നടക്കുന്നതെന്ന് സുവിശേഷകൻ ഷിബു തോമസ് അറിയിച്ചു. ഐ. പി. സി. പ്രസ്ഥാനം നൽകുന്ന സഹായം കൂടാതെ പെർസിക്യൂഷൻ റിലീഫ് ഫാമിലിയുടെ സഹായമായി 1 ലക്ഷം രൂപ വീതം രക്തസാക്ഷികളുടെ കുടുംബത്തിനു നൽകും.

പൂവത്തൂർ പരുത്തൻപാറ കെ. ജെ. തോമസ്- അന്നമ്മ ദമ്പതികളുടെ മകനാണ് സുവിശേഷകൻ ഷിബു തോമസ്. റിയൽ എസ്റ്റേറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഇദ്ദേഹം ബിൽഡർ, GEI ഇൻഡസ്ട്രീസ് ഡയറക്ടർ, ഇന്റീരിയർ ഡിസൈനിംഗ് കോൺട്രാക്ടർ എന്നീ നിലകളിലെല്ലാം അറിയപ്പെടുന്ന വ്യക്തിയാണ്. ഭോപ്പാൽ ഐ. പി. സി. അംഗമായ ഇദ്ദേഹം ഗിദ്ദെയോൻ ഇന്റർനാഷണൽ, ഐ. സി. പി. എഫ്. ഇവയുടെ പ്രസിഡന്റായും പി. യു. പി. എഫ്. സെക്രട്ടറിയായും പ്രവർത്തിക്കുന്നു. ഡാളസ് ഐ. പി. സി. ശാലോം സഭാംഗമായ ഇദ്ദേഹത്തിന്റെ ഭാര്യ മിനി. മക്കൾ: അലൻ, അബീഗെയിൽ.

പെർസിക്യൂഷൻ റിലീഫ് ഫാമിലിയുടെ പ്രവർത്തനങ്ങളിൽ ഡോ. ജെൻസ് ബെഞ്ചമിനും പങ്കാളിത്തം വഹിക്കുന്നു.

# ഹെബ്രോൻപുരം വൻ വികസനത്തിന് ഒരുങ്ങുന്നു

**കുമ്പനാട്:** മുന്നൂറു പേർക്കിരിക്കാവുന്ന സ്ഥിരം സ്റ്റേജ്, 1500-പേരെ ഉൾക്കൊള്ളുന്ന എ. സി. ഓഡിറ്റോറിയം, പ്രെയർ ടവർ തുടങ്ങിയവ നിർമ്മിക്കുന്നു. റ്റി. ജി. ഉമ്മൻ മെമ്മോറിയൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി പാസ്റ്റർ പി. ഒ. ചെറിയാൻ (കാനഡ) ഒന്നരക്കോടി രൂപ ഇതിനായി സ്പോൺസർ ചെയ്തുകഴിഞ്ഞു. ഹൂസ്റ്റൺ ഐ. പി. സി.യാണ് പ്രെയർ ടവർ നിർമ്മാണത്തിനുള്ള പണം നൽകുന്നത്. കൂടാതെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റും കുറ്റമറ്റ നിലയിൽ നിർമ്മിക്കുമെന്ന് പാസ്റ്റർ ജേക്കബ് ജോൺ അറിയിച്ചു.

# ഗായകസംഘം

പാസ്റ്റർമാരായ ജോസഫ് കെ. മാത്യുവിനും റോയി പൂവക്കാലക്കുമൊപ്പം അമേരിക്കൻ മലയാളിയായ ബാബു കൊടുന്തറ കൺവീനറായെത്തിയ ഗായകസംഘത്തിൽ ഇക്കുറി വിദേശ മലയാളികൾ ധാരാളം. ബ്രദർ സാം കുഴിക്കാല ഗൾഫിന്റെ പ്രതിനിധിയായി അരങ്ങു തകർത്തപ്പോൾ സാം മാത്യു, റജി എൻ. എബ്രഹാം, ജിനു വർഗ്ഗീസ്, സോണി തോമസ് തുടങ്ങിയവർ തോമസ് ഉമ്മൻ അമേരിക്കൻ സഭയുടെ പ്രതിനിധികളായി ശ്രദ്ധ പിടിച്ചുപറ്റി.

# കേരളാ സൂപ്രണ്ടിനെ പരിഗണിക്കുന്നതിനുവേണ്ടിയുള്ള പ്രഥമ കരട് നിർദ്ദേശത്തിന്റെ മലയാള പരിഭാഷ

**കേരളത്തെ മൂന്നു റീജിയനുകളായി വിഭജിക്കുകയും ഓവർസിയർമാർക്കും കൗൺസിലുകൾക്കും മുകളിൽ സൂപ്രണ്ടിനെയും സൂപ്രണ്ടന്റിന്റെ കൗൺസിലിനെയും അവരോധിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ഫീൽഡ് ഡയറക്ടർ റവ. ബിഷപ്പ് കെൻ ആൻഡേഴ്സൻ ഓവർസിയർമാർക്കും കൗൺസിൽ അംഗങ്ങൾക്കും അയച്ച രൂപരേഖയുടെ മലയാള പരിഭാഷയാണ് ദൈവസഭയിലെ വായനക്കാരുടെ മുമ്പിൽ ചർച്ചയ്ക്കായി അവതരിപ്പിക്കുന്നത്. ഓവർസിയർമാരുടെയും കൗൺസിലുകളുടെയും എക്സിക്യൂട്ടീവ് അധികാരങ്ങളെയും ശുശ്രൂഷപരമായ അധികാരങ്ങളെയും കവർന്നെടുക്കുന്ന നിർദ്ദേശങ്ങൾക്കെതിരെ ഇതിനോടകം എതിർപ്പുകൾ ഉയർന്നു കഴിഞ്ഞു. സൂപ്രണ്ട് സ്ഥാനത്തിനുവേണ്ടി ചിലർ നടത്തുന്ന വഴിവിട്ട നീക്കങ്ങളുടെ ഭാഗമാണിത്. കരട് നിർദ്ദേശത്തിന്റെ പ്രസക്ത ഭാഗങ്ങൾ വായിച്ച് വായനക്കാർ വിലയിരുത്തട്ടെ.**

## 1 എന്താണ് കേരളാ സൂപ്രണ്ട് ഓഫീസ്?

A. ചർച്ച് ഓഫ് ഗോഡ് അന്തർദ്ദേശീയ നേതൃത്വം നിയമിക്കുന്ന സൂപ്രണ്ട്, മലയാളവും ഇംഗ്ലീഷും സംസാരിക്കുന്ന വ്യക്തിയായിരിക്കും. ഇദ്ദേഹം ഇന്റർനാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ എക്ലീസിയാസ്റ്റിക്കൽ അധികാരത്തിന്റെ കീഴിലും ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ സൊസൈറ്റിയുടെ നിയമപരമായ അധികാരത്തിൻ കീഴിലുമായിരിക്കും. മാസംതോറുമുള്ള ദശാംശത്തിന്റെ ദശാംശവും റിപ്പോർട്ടുകളും ചെന്നൈയിലെ നാഷണൽ ഓഫീസിലേക്കും അതിന്റ കോപ്പി ജനറൽ ഓവർസിയർക്കും അയയ്ക്കേണ്ടതാണ്.

B. എല്ലാ ശുശ്രൂഷകരുടെയും സ്വത്തുക്കളുടെയും സ്ഥാവരജംഗമ വസ്തുക്കളുടെയും ചുമതല സൂപ്രണ്ടിനായിരിക്കും. സൂപ്രണ്ടിന്റെ ആസ്ഥാനം മുളക്കുഴ ആയിരിക്കും. ബൈബിൾ സ്കൂൾ പ്രോഗ്രാമുകൾ, മിഷൻ പ്രവർത്തനങ്ങൾ എന്നിവയുടെ ചുമതലയും സൂപ്രണ്ടിനായിരിക്കും.

C. സൗത്ത് ഏഷ്യൻ സൂപ്രണ്ട് തുടങ്ങി ആഗോളസഭയുടെ സൂപ്രണ്ടുമാർക്ക് തുല്യപദവിയുള്ള വ്യക്തിയായിരിക്കും കേരളാ സൂപ്രണ്ട്.

D. അടിസ്ഥാന ബഡ്ജറ്റ്, അലോട്ടുമെന്റുകളും അതാത് ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് സ്വീകരിക്കുന്നതാണ്. വേൾഡ് മിഷന്റെ സാമ്പത്തിക നയമനുസരിച്ചായിരിക്കും പ്രത്യേക പ്രൊജക്ടുകൾക്കും അടിയന്തിര ആവശ്യങ്ങൾക്കും വിഭവ സമാഹരണം നടത്തുന്നത്. ഇതിന് വേൾഡ്മിഷന്റെ നേരിട്ടുള്ള നിയന്ത്രണമില്ലായിരിക്കും. എന്നാൽ വേൾഡ് മിഷന്റെ അക്കൗണ്ടിംഗ് സമ്പ്രദായം ഉപയോഗിക്കുന്നതിനുള്ള അവസരം ലഭ്യമായിരിക്കും.

### E. സൂപ്രണ്ടിന്റെ എക്സിക്യൂട്ടീവ് അധികാരങ്ങൾ:

i. ഓവർസിയർമാർ, എഡ്യുക്കേഷണൽ ഡയറക്ടേഴ്സ്, മിഷനറിമാർ എന്നിവരുടെ നിയമനത്തിന് ഇന്റർനാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശുപാർശ നൽകുക.

ii. ശുശ്രൂഷകന്മാരുടെ ക്രഡൻഷ്യൽ സംബന്ധിച്ച അപേക്ഷാഫാറങ്ങൾ ഓവർസീയർമാരിൽനിന്നും സ്വീകരിച്ച് ഇന്റർനാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുക.

iii. എല്ലാ ബോർഡുകളിലും കൗൺസിലുകളിലും വർക്കേഴ്സ് കോൺഫറൻസുകളിലും എക്സ്-ഒഫീഷ്യോ (അദ്ധ്യക്ഷൻ) ചെയർമാനായിരിക്കും.

iv. അന്തർദ്ദേശീയ ഓഫീസിന്റെ അഭ്യർത്ഥന സ്വീകരിച്ച് അടിയന്തിര ആവശ്യങ്ങൾ, പ്രത്യേക പ്രൊജക്ടുകൾ എന്നിവ നടപ്പിലാക്കുക.

v. മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ, പ്രവിശ്യകൾ എന്നിവിടങ്ങളിൽ ഇൻർനാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച് ശുശ്രൂഷകന്മാരെ നിയമിക്കുക.

vi. ലോകത്തെവിടെയും പ്രത്യേകിച്ച് ഇന്ത്യയിലും കേരളത്തിലും മറ്റ് സൂപ്രണ്ടുമാരുമായും ഓവർസിയർമാരുമായും സഹകരിച്ച് സഭാസ്ഥാപനം, പുതിയ മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

### F. മേൽനോട്ട ചുമതലകൾ:

i. സ്ഥലം വാങ്ങൽ, പണികൾ, ക്രയവിക്രയങ്ങൾ, കെട്ടിട നിർമ്മാണങ്ങൾ തുടങ്ങിയവയ്ക്ക് അനുവാദം നൽകുക.

ii. ഓവർസിയർമാരുടെയും എഡ്യുക്കേഷൻ ഡയറക്ടർമാരുടെയും പൊതുവായ ജോലികൾക്ക് ഉപദേശം നൽകുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.

### G. ഭരണപരമായ അധികാരങ്ങൾ:

i. കേരളത്തിലെ സഭകളുടെ സൊസൈറ്റീസ് ലീഗൽ റെപ്രെസന്റേറ്റീവായി പ്രവർത്തിക്കുക.

ii. കേരളാ സൂപ്രണ്ട് താഴെ പറയുന്ന തന്റെ കൗൺസിൽ അംഗങ്ങളുമായി സൗഹാർദ്ദപരമായി പ്രവർത്തിക്കുക.

### സൂപ്രണ്ടിന്റെ കൗൺസിൽ

**കേരളാ സൂപ്രണ്ട് ഉൾപ്പെടെ 14 പേർ**



First Draft Proposal for Consideration

Kerala Superintendence

December 31, 2015

From: Ken Anderson, Regional Superintendent, Church of God in South Asia

To: Kerala Overseers, Reverends P. J. James and Joseph T. Sam, and Council Members for Kerala State and Kerala Region

Dear Ministers of the Gospel of Christ,

Receive my heartiest greeting, love, and respect for your personal lives, your families, and the ministry ...ich our Lord Jesus has placed under your care. I am writing in response to our past meetings in Ke... ...ovember 5 and 6 of this year. If God grants life and health, and if our Lord tarries, I plan to se... ...ring convention time during the last week of January, 2016. We may further discuss thi... ...' want all of you to participate in a planning and restructuring process. I ask for ... ...and place for a joint meeting with your respective council members ... ...of January 28 to 31. On February 1 early morning, I pl... ...for discussion, so what is written...

1. കേരളാ ഓവർസീയർമാർ മൂന്നുപേരും (3).
2. മൂന്ന് കൗൺസിലിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു പ്രതിനിധികൾ വീതം (6).
3. നോർത്തമേരിക്കൻ ചർച്ച് ഓഫ് ഗോഡ് പ്രതിനിധി (NACOG) (1).
4. മധ്യപൂർവ്വ പ്രദേശത്തുനിന്നും പ്രതിനിധി (1).
5. യൂറോപ്പിൽ നിന്ന് പ്രതിനിധി (1).
6. ഗവേണിംഗ്ബോഡി ചെയർമാൻ (എക്സ്-ഒഫീഷ്യോ അംഗമാണ്)

iii. രണ്ടുവർഷത്തേക്കുള്ള ബഡ്ജറ്റ്, പ്ലാൻഫണ്ട്, ഓഫീസ് കലണ്ടർ (ഈയർപ്ലാൻ) എന്നിവ തയ്യാറാക്കുക. സ്റ്റേറ്റ് കൗൺസിലുകൾ ഇത് നടപ്പിലാക്കേണ്ടതാണ്.

1. ദർശനം, ദൗത്യ തന്ത്രങ്ങൾ, സഭാസ്ഥാപനം, ശിഷ്യത്വം, ശുശ്രൂഷാപരിശീലനം ഇവ വികസിപ്പിക്കാനും പ്രയോഗത്തിൽ വരുത്താനും സൂപ്രണ്ടിന്റെ കൗൺസിൽ സഹായിക്കും.
2. കേരളത്തിലെ മിഷനറിമാർക്കുവേണ്ടിയുള്ള ഫണ്ട് സമാഹരണം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, കാര്യവിചാരകത്വ പദ്ധതികൾ എന്നിവയെ പ്രോത്സാഹിപ്പിക്കുക.
3. സൂപ്രണ്ടിന്റെ വിവേചനാധികാരത്തിൽ മറ്റ് ഏത് പ്രത്യേകതരം കർത്തവ്യങ്ങളും ചെയ്യും.

iv. സാമ്പത്തിക കാര്യങ്ങളുടെ രേഖകൾ സൂക്ഷിക്കേണ്ടതും കണക്കുകൾ മാസംതോറും വാർഷികമായും നാഷണൽ ഓഫീസിൽ അയയ്ക്കുകയും അതിന്റെ കോപ്പി ജനറൽ ഓവർസിയർക്ക് അയയ്ക്കേണ്ടതുമാണ്. എല്ലാ സാമ്പത്തിക ഇടപാടുകളും സൂപ്രണ്ടിന്റെ ഓഫീസ് കേന്ദ്രീകരിച്ചായിരിക്കും. കേരളത്തിൽ ഒരു ഓഡിറ്റ് മാത്രമായിരിക്കും.

v. ദശാംശം നൽകൽ, പ്രത്യേക ഓഫറിംഗ്, ജീവകാരുണ്യ പദ്ധതികൾ എന്നിവ സഭയുടെ കീഴ്വഴക്കം അനുസരിച്ച് നടപ്പിലാക്കും.

vi. മാസംതോറുമുള്ള റിപ്പോർട്ടുകളും ദശാംശവും എല്ലാ ശുശ്രൂഷകന്മാരിൽനിന്നും സഭകളിൽനിന്നും സ്വീകരിച്ച്, മൂന്നു ഓവർസീയർമാർക്കും പ്രവർത്തനങ്ങൾക്കുമായി നിശ്ചിത ശതമാനം വിതരണം ചെയ്യുക. ഓരോ ഓവർസിയർമാരുടെയും നിശ്ചിത ശതമാനം നിർണ്ണയിക്കുന്നത് സൂപ്രണ്ടിന്റെ കൗൺസിലാണ്.

vii. സൊസൈറ്റി നിയമങ്ങളുടെ ആവശ്യകത അനുസരിച്ച്, ഗവേണിംഗ് ബോഡി ചെയർമാനെ സഹായിക്കുക.

viii. ഓവർസിയർമാരുടെയും ശുശ്രൂഷകന്മാരുടെയും ആവശ്യപ്രകാരം ഓർഡിനേഷൻ ശുശ്രൂഷകളിലും മറ്റ് കാർമ്മിക ശുശ്രൂഷകളിലും സഹായിക്കുക.

ix. എല്ലാ റിപ്പോർട്ടുകളും, ലെഡ്ജർ (പേരേട്), ഫിനാൻസ് സ്റ്റേറ്റ്മെന്റ്, ചെക്കുബുക്കുകൾ, മിനിറ്റ്സ്, കൗൺസിൽ തീരുമാനങ്ങൾ, പ്രധാനപ്പെട്ട ഫയലുകളെല്ലം തന്റെ പിൻഗാമികളുടെ അറിവിനും പഠനത്തിനുമായി ഓഫീസിൽ സൂക്ഷിക്കണം.

x. എല്ലാ ശുശ്രൂഷകസ്ഥാനികളും ഓഫീസുകളും സൊസൈറ്റി ആവശ്യപ്പെടുന്നതിനനുസരിച്ചുള്ള വാർഷിക ഓഡിറ്റ് അഥവാ മറ്റേതെങ്കിലും രേഖ സമർപ്പിക്കേണ്ടതാണ്.

xi. മൂന്നു വർഷത്തേക്കുള്ള പദ്ധതികളും ബഡ്ജറ്റും തയ്യാറാക്കാൻവേണ്ടി ഓവർസീയർമാരെ സഹായിക്കുക.

xii. ശുശ്രൂഷകന്മാർക്കുവേണ്ടി ഉന്നത ബിരുദ, ബിരുദാനന്തര വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിൽ എഡ്യുക്കേഷൻ ഡയറക്ടർമാരോട് ഒരുമിച്ച് പ്രവർത്തിക്കുക.

xiii. ഓഫീസിലേക്ക് വരുന്ന ദശാംശത്തിന്റെ 10% നാഷണൽ ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്.

### H. പൊതുവായ കർത്തവ്യങ്ങൾ:

i. ഓവർസീയർമാരുടെ അധികാരപരിധിയിലുള്ള റീജിയനുകളിൽ സന്ദർശിക്കാനും പ്രസംഗം, കൗൺസിലിംഗ്, പ്രോത്സാഹനം, സഹായം എന്നിവ നൽകാനുള്ള അവകാശം.

ii. കേരളത്തിൽ ആകമാനമായി നടത്തുന്ന ജനറൽ കൺവൻഷന്റെ തീയതി തീരുമാനിക്കാനും അന്തർദ്ദേശിയ നേതൃത്വത്തിന്റെ പരിപാടികൾ നടപ്പിലാക്കാനും ഓവർസീയർമാരോടൊപ്പം ചേർന്ന് പ്രവർത്തിക്കുക.

iii. പ്രത്യേക സുവിശേഷീകരണയജ്ഞങ്ങളെ പ്രോത്സാഹിപ്പിക്കുക.

iv. ബൈബിൾ കോൺഫറൻസുകൾ ക്രമീകരിക്കുക.

v. ദർശന രൂപീകരണത്തിനും ലക്ഷ്യപ്രാപ്തിക്കുമായുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനായി നേതൃത്വ വികസിത സെമിനാറുകൾ നടത്തുക.

### I. നിയമന കാലാവധി

സൂപ്രണ്ടിന്റെ നിയമനം നാലു വർഷത്തേക്കും കാലാവധി 12 വർഷത്തേക്കുമാണ്. (3 ടേം)

### J. എന്ന് നടപ്പാക്കും?

ഇത് സംബന്ധിച്ച പ്രാഥമിക ചർച്ച സൗത്ത് ഏഷ്യൻ സൂപ്രണ്ടും കൗൺസിൽ മെമ്പേഴ്സും തമ്മിൽ 6/5/2015-ൽ നടന്നു. തുടർ ചർച്ചയ്ക്കായി കരട് നിർദ്ദേശം ഡിസംബർ 31 ന് സ്റ്റേറ്റ്/റീജിയൻ ഓഫീസിലേക്ക് അയച്ചു. അടുത്ത ചർച്ച ജനുവരി 28 - 31 തീയതികളിൽ നടക്കും. ജൂണിൽ നടക്കുന്ന ഗവേണിംഗ്ബോഡിയിൽ അംഗങ്ങളുടെ അഭിപ്രായം ആരായും. പുതുക്കിയ അവസാന നിർദ്ദേശങ്ങൾ അടങ്ങിയ ഔദ്യോഗിക റിപ്പോർട്ട് ഇന്റർനാഷണൽ ഓഫീസിൽ നവംബറിൽ സമർപ്പിക്കും. തീരുമാനങ്ങൾ 2017 ജനുവരി 1ന് നടപ്പിലാക്കും.

### K. എങ്ങനെ നടപ്പാക്കും ?

i. കേരളാ സൂപ്രണ്ട്, മൂന്ന് കേരളാ ഓവർസീയർമാർ എന്നിവരെ ഈ വർഷം അവസാനം നിയമിക്കും. വടക്ക്, തെക്ക് മേഖലകളുടെ ഭൂമിശാസ്ത്രപരമായ വിഭജനം സ്റ്റേറ്റ് നേതൃത്വവും കൗൺസിലും തയ്യാറാക്കണം. പൊതുഫണ്ട് സൂപ്രണ്ടിന്റെ ഓഫീസിൽ സമാഹരിച്ച് അതാത് റീജിയൺന്റെ ബഡ്ജറ്റ് അനുസരിച്ച് സൂപ്രണ്ടിന്റെ ഓഫീസ് വിതരണം ചെയ്യുന്നതാണ്.

ii. പാക്കിൽ ആസ്ഥാനമായുള്ള കേരളാ റീജിയനെ “റീജിയൻ കമ്മ്യൂണിറ്റി” എന്ന് അറിയപ്പെടും.

iii. മൂന്ന് ഓവർസീയർമാർക്കും തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ ഉണ്ടായിരിക്കും.

iv. മൂന്ന് ഓവർസീയർമാരുടെയും അഡിമിനിസ്ട്രേറ്റീവ് ഓഫീസ് മുളക്കുഴ ആയിരിക്കും. വേണമെങ്കിൽ റീജിയൻ ഓഫീസ് സ്ഥാപിക്കാം. (അവസാനിച്ചു.)

## വാൽകഷണം

അധികാര വികേന്ദ്രീകരണം, സഭാ വളർച്ച, നേതൃത്വ വിന്യാസം എന്നിവയുടെ മറവിൽ ഏകാധിപത്യം അടിച്ചേൽപ്പിക്കുന്ന രഹസ്യ അജണ്ടയാണിത്. നാളിതുവരെ നാം അനുഭവിച്ചു വന്ന ജനാധിപത്യപരവും പ്രാദേശികവുമായ സ്വാതന്ത്ര്യവും ബൈബീളികമായ ആത്മീയ അധികാരങ്ങളും അടിയറവു വയ്പ്പിക്കുന്ന പുതിയ അധിനിവേശത്തിനെതിരെ ശുശ്രൂഷകന്മാർ രംഗത്തുവരണം. ഇന്ത്യയിലെ ദൈവസഭ ഭാരതീയമാകണം. ദേശീയ അടിസ്ഥാനത്തിൽ ജനാധിപത്യപരമായി സഭ പുനഃസംഘടിപ്പിക്കണം. നേതാക്കന്മാരെ ശുശ്രൂഷകന്മാർ തെരഞ്ഞെടുക്കണം. ദൈവസഭയുടെ സ്വയം ഭരണം, സ്വാശ്രയത്വം, പ്രാദേശീക സഭയുടെ സ്വാതന്ത്ര്യം, സഭയുടെ സിവിൽ അധികാരങ്ങൾ, ഓവർസിയറുടെ എക്സിക്യൂട്ടീവ് അധികാരങ്ങൾ, കൗൺസിലിന്റെ പാർലമെന്ററി അധികാരങ്ങൾ ഇവ ഹനിക്കാൻ പാടില്ല. ശുശ്രൂഷകന്മാരുടെ മൗലിക അവകാശങ്ങൾ ചവിട്ടി മെതിക്കുന്ന കരട് നിർദ്ദേശത്തിലെ കരിനിയമങ്ങൾക്കെതിരെ എല്ലാവരും പ്രതിഷേധിക്കണം. ഗൗരവമായ സംവാദങ്ങൾ ഉയർന്നുവരും എന്നു പ്രതീക്ഷിക്കുന്നു.

# കൺവൻഷൻ

**തിരുവനന്തപുരം:** വിഴിഞ്ഞം ചർച്ച് ഓഫ് ഗോഡിന്റെ ആഭിമുഖ്യത്തിൽ ഗോസ്പൽ ഫെസ്റ്റിവെൽ ഫെബ്രുവരി 3 മുതൽ 7 വരെ മുക്കോല കുഴിപ്പള്ളം ഗ്രൗണ്ടിൽവെച്ച് നടക്കും. പാസ്റ്റർ സി.എം. വത്സലദാസ്(ഡി.പി. തിരുവനന്തപുരം ടൗൺ ഡിസ്ട്രിക്ട്) ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ജോൺതോമസ് (ഹൂസ്റ്റൺ), ജെയ്സ് പാണ്ടനാട്, പി.എ.ജെറാൾഡ്, ശിവകുമാർ, പ്രഭാഷ് പി. ഡേവിഡ് എന്നിവർ പ്രസംഗിക്കും. റീമാ ഗോസ്പൽ, തിരുവനന്തപുരം ഗാനശുശ്രൂഷ നിർവ്വഹിക്കും.

**അടിമാലി:** 15-ാമത് മുനിയറ ബൈബിൾ കൺവൻഷൻ ഫെബ്രുവരി 8,9,10 തീയതികളിൽ മുനിയറ അംഗനവാടിക്കു സമീപമുള്ള ഗ്രൗണ്ടിൽവെച്ച് നടക്കും. പാസ്റ്റർ ജിജോ സി.എം. ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ അജി ആന്റണി, ജെയ്സ് പാണ്ടനാട്, ഷമീർ കൊല്ലം എന്നിവർ പ്രസംഗിക്കും. മുനിയറ കൺവൻഷൻ ഗായകസംഘം ഗാനങ്ങളാലപിക്കും

**മണിമല:** ശാലേം ചർച്ച് ഒരുക്കുന്ന കരിക്കാട്ടൂർ സെന്റർ കൺവൻഷൻ ഫെബ്രുവരി 2 മുതൽ 6 വരെ നടക്കും. പാസ്റ്റർമാരായ പി.സി. ചെറിയാൻ, കെ.ഒ. തോമസ്, ജെയ്സ് പാണ്ടനാട്, ബിജു മുളവന, ഷൈജുതോമസ് ഞാറയ്ക്കൽ എന്നിവർ പ്രസംഗിക്കും. ഗിലെയാദ് ഗോസ്പൽ വോയ്സ് ഗാനങ്ങളാലപിക്കും.

**ചിങ്ങവനം:** ഫെയ്ത്ത് ഗോസ്പൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 5,6,7 തീയതികളിൽ കൺവൻഷൻ മാളികക്കടവ്, പാത്താമുട്ടം ഗ്രൗണ്ടിൽവെച്ച് നടക്കും. പാസ്റ്റർമാരായ ബി. മോനച്ചൻ, സുഭാഷ് കുമരകം, ജെയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും.പാസ്റ്റർ കെ.എ. റോയി ബെൻ ഉദ്ഘാടനം നിർവ്വഹിക്കും. വോയ്സ് ഓഫ് ഗോഡ് ഗാനങ്ങളാലപിക്കും.

## സെന്റർ കൺവൻഷൻ

**കൊല്ലം:** ഐ.പി.സി കൊല്ലം നോർത്ത് സെന്റർ കൺവൻഷനും സംഗീതവിരുന്നും ജനുവരി 28 മുതൽ 31 വരെ കാരളിമുക്ക് (ആദിക്കാട്) തുരുത്തിയിൽ ഓഡിറ്റോറിയത്തിൽ നടക്കും. 28 ന് വൈകിട്ട് ആറിന് സഭ സ്റ്റേറ്റ് പ്രസ്ബിറ്റർ പാസ്റ്റർ ജോസ് കെ.ഏബ്രഹാം ഉദ്ഘാടനം ചെയ്യും. വിവിധ ദിവസങ്ങളിൽ പാസ്റ്റർമാരായ കെ.ജെ. മാത്യു, ബി. മോനിച്ചൻ, അജി ആന്റണി, ജേക്കബ് ജോർജ്, സിനോജ് ജോർജ് എന്നിവർ പ്രസംഗിക്കും. 31 ന് സംയുക്തസഭായോഗം നടക്കും. ഹാർവെസ്റ്റേഴ്സ് കൊട്ടാരക്കര ഗാനശുശ്രൂഷ നടത്തും. പാസ്റ്റർമാരായ കെ.ജോയി (സെക്രട്ടറി), എം.ജെ.ജെയിംസ് (ജനറൽ കൺവീനർ), റ്റി. രാജൻ, കോശി മാത്യു, ദാനിയേൽ ജോർജ്, എൻ.ബിജു, സാന്റി മാത്യു എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി പ്രവർത്തിക്കുന്നു.

**റാന്നി:** ഐ.പി.സി റാന്നി വെസ്റ്റ് സെന്റർ 92-ാമത് കൺവൻഷൻ ഫെബ്രുവരി 3 ബുധൻ മുതൽ 7 ഞായർ വരെ റാന്നി വളയനാട്ട് ഓഡിറ്റോറിയത്തിൽ നടക്കും. റാന്നി വെസ്റ്റ് സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ.കെ.ചെറിയാൻ പ്രാർത്ഥിച്ച് ആരംഭിക്കുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ തോമസ് മാമ്മൻ (കോട്ടയം), വർഗീസ് ഏബ്രഹാം, കെ.കെ.ചെറിയാൻ (റാന്നി) തുടങ്ങിയവർ പ്രസംഗിക്കും. ലിവിംഗ് വോയ്സ്, മല്ലപ്പള്ളി ഗാനശുശ്രൂഷ നിർവ്വഹിക്കും. ബുധൻ മുതൽ ശനിവരെ വൈകിട്ട് 6 മുതൽ 9 വരെയാണ് പൊതുയോഗങ്ങൾ. കൺവൻഷനോടനുബന്ധിച്ച് വ്യാഴം രാവിലെ 10 മുതൽ സോദരീ സമാജം വാർഷികവും വെള്ളി ശനി രാവിലെ 10 മുതൽ പകൽയോഗങ്ങളും, ശനി ഉച്ചയ്ക്ക് 2 മുതൽ സണ്ടേസ്കൂൾ പി.വൈ.പി.എ സംയുക്ത വാർഷികവും നടക്കും. സമാപനദിനമായ ഞായറാഴ്ച രാവിലെ 8 മുതൽ ഉച്ചയ്ക്ക് 1 മണി വരെ സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും പൊതുയോഗവും നടക്കും.

## വേങ്ങൽ സംയുക്ത കൺവൻഷൻ

**വേങ്ങൽ:** വിവിധ പെന്തക്കോസ്തു സഭകളുടെ സഹകരണത്തോടെയുള്ള സംയുക്ത പെന്തക്കോസ്തു കൺവൻഷൻ 2016 ഏപ്രിൽ 1 മുതൽ 3 വരെ വേങ്ങൽ ഐ.പി.സി എബനേസർ സഭയുടെ ആതിഥേയത്തിൽ നടക്കും.

പാസ്റ്റർമാരായ കെ.സി.ജോൺ, പി.സി.ചെറിയാൻ, പോൾ ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിക്കും. ഭക്തവൽസലൻ (ബാംഗ്ലൂർ), ഡോ. ബ്ലെസൻ മേമന എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വംനൽകും. പാസ്റ്റർ സാം. പി.ജോസഫ് ചെയർമാനായി കമ്മിറ്റി പ്രവർത്തിക്കുന്നു.

## ദുരുപദേശ ഖണ്ഡന സെമിനാർ

**മാങ്ങാനം:** ഗ്രേസ് മിഷൻ ഓഫ് ഇന്ത്യ ഒരുക്കുന്ന ദുരുപദേശ ഖണ്ഡന സെമിനാർ ഫെബ്രുവരി 3 ന് രാവിലെ മുതൽ ആനത്താനം ചർച്ച് ഓഫ് ഗോഡ് ഹാളിൽവെച്ച് നടക്കും. പാസ്റ്റർമാരായ പി.റ്റി. തോമസ്, രാജു ആനിക്കാട്, ജെയ്സ് പാണ്ടനാട് എന്നിവർ ക്ലാസെടുക്കും. സമൃദ്ധിയുടെ സുവിശേഷം, ഹൈപ്പർ ഗ്രേസ് തിയറി, ശാപം മുറിക്കൽ, ആത്മവിവശത, അഗ്നി അഭിഷേകം, ഊതിവീഴ്ത്തൽ, ന്യൂജനറേഷൻ പ്രവണതകൾ എന്നീ വിഷയങ്ങളെ ആധാരമാക്കി ചർച്ചകൾ നടക്കും പാസ്റ്റർമാരായ ഏബ്രഹാം സ്ക്കറിയ, ഇ.കെ. ഷേണായി, കെ.ജെ.മാത്തുക്കുട്ടി, റ്റി.ജെ. രാജു എന്നിവർ നേതൃത്വം നൽകും. ഫോൺ: 9847714282

## ഭാരവാഹികൾ

**പത്തനംതിട്ട:** ടൗൺ ഐ.പി.സി സീയോൻ സഭാ ഭാരവാഹികൾ. പാസ്റ്റർ ജിജി ചാക്കോ (പ്രസിഡന്റ്), ജിജി ഏബ്രഹാം (സെക്രട്ടറി), രാജൻ ജോർജ് (ട്രഷറർ), പി.എസ്. ഏബ്രഹാം, സി.ജി. രാജൻ, വി.ജി. മാത്യു, ജോർജ് ചാക്കോ (കമ്മറ്റി അംഗങ്ങൾ), അലക്സാണ്ടർ വർഗീസ് (ചാരിറ്റി കൺവീനർ), സാമുവൽ ഫിലിപ്പോസ്, അഡ്വ. അജി തോമസ് (ഓഡിറ്റേഴ്സ്).

# ബിലീവേഴ്സ് ജേണൽ സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ അടയ്ക്കുക

**പ്രിയ വായനക്കാരുടെ ശ്രദ്ധയ്ക്ക്**

ബിലീവേഴ്സ് ജേണൽ 9-ാം വർഷത്തിലേക്ക് പ്രവേശിച്ചു. കഴിഞ്ഞ 8 വർഷങ്ങളിൽ നിങ്ങൾ നൽകിയ പിന്തുണയ്ക്കും സ്നേഹത്തിനും പ്രാർത്ഥനയ്ക്കും നന്ദി. ബിലീവേഴ്സ് ജേണൽ നടത്തിപ്പിന് യാതൊരുവിധ ഫണ്ടുകളോ വിദേശ സഹായമോ ഇല്ല. വരിസംഖ്യ, പരസ്യം ഇവയിലൂടെ ലഭിക്കുന്ന വരുമാനമാണ് ഇതിന്റെ ദൈനംദിന ചെലവുകൾക്കായി ഉപയോഗപ്പെടുന്നത്. എന്നാൽ വരിസംഖ്യ ക്രമമായി തന്ന് ഈ ശുശ്രൂഷയിൽ പങ്കാളികളാകുന്നവരുടെ എണ്ണം വളരെ കുറവാണ്. പ്രിന്റിംഗ് പോസ്റ്റിംഗ്, ഓഫീസ് ചെലവുകൾ ഗണ്യമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വരിസംഖ്യ അടയ്ക്കാത്തവർക്ക് തുടർന്ന് ജേണൽ അയയ്ക്കുവാൻ പ്രയാസമാണ്. മാർച്ച് 31 നകം വരിസംഖ്യ അടയ്ക്കാത്തവർക്ക് ജേണൽ തുടർന്ന് അയയ്ക്കുന്നതല്ല. ഏറ്റവും കൂടുതൽ വായനക്കാർ ഓൺ ലൈനിൽ ബിലീവേഴ്സ് ജേണൽ സൗജന്യമായി വായിക്കുന്നുണ്ട്. ഇതിന് യാതൊരുവിധ ഫീസും ഇതുവരെ ഈടാക്കിയിട്ടില്ല. ബിലീവേഴ്സ് ജേണൽ നടത്തിപ്പിന് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ നിങ്ങളുടെ വിലയേറിയ സഹകരണം അഭ്യർത്ഥിക്കുന്നു, വരിസംഖ്യയും സംഭാവനയും നൽകി ഈ ശുശ്രൂഷയിൽ സഹകരിക്കുമല്ലോ. ജനുവരി 17 മുതൽ 24 വരെ നടക്കുന്ന കുമ്പനാട് കൺവൻഷനിൽ ബിലീവേഴ്സ് ജേണൽ സ്റ്റാൾ സന്ദർശിച്ച് വരിസംഖ്യ പുതുക്കുകയും കുടിശ്ശിക അടയ്ക്കുകയും ചെയ്യുമല്ലോ.

സ്നേഹപൂർവ്വം

**പാസ്റ്റർ സാംകുട്ടി മാത്യു, റാന്നി**
**ചീഫ് എഡിറ്റർ**

# എക്സൽ വി. ബി. എസ്സ് ചിന്താവിഷയം തിരഞ്ഞെടുത്തു

**(ചിന്താവിഷയത്തിൽ ഉണ്ടായ മാറ്റത്തിൽ ഖേദിക്കുന്നു)**

**തിരുവല്ല:** ഇന്ത്യയിലെ പ്രമുഖ ബാലസുവിശേഷ പ്രവർത്തനമായ എക്സൽ വി. ബി. എസ്സ് 2016 ലേക്കുള്ള ചിന്താവിഷയം തിരഞ്ഞെടുത്തു. മർക്കോസ് 4: 35 അടിസ്ഥാനമാക്കി "Let's go" (നാം പോകുക) എന്നതാണ് ചിന്താവിഷയം. ഗ്രാമങ്ങളിലേക്കും, ഭവനങ്ങളിലേക്കും, കർത്താവിങ്കലേക്കും ചെല്ലുവാനുള്ള ഒരു ആഹ്വാനമാണ് ഈ ചിന്താവിഷയം.

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി 3000 ലധികം വി. ബി. എസ്സുകളും 200 ലധികം പരിശീലനങ്ങളും നടക്കും. കൂടാതെ ആൻഡമാൻ, നേപ്പാൾ, ഗൾഫ് രാജ്യങ്ങൾ, ഓസ്ട്രേലിയ, കാനഡ തുടങ്ങിയ രാജ്യങ്ങളിലും വി. ബി. എസ്സ് നടക്കും. അഭിനയഗാനങ്ങൾ, ഗെയിമുകൾ, ബൈബിൾ കഥകൾ, വിഡിയോകൾ, ആക്ടിവിറ്റീസ് ചേർന്ന പുതുമയാർന്ന സിലബസാണ് തയ്യാറാക്കുന്നത്. ഏകദേശം 4 ലക്ഷത്തിലധികം കുട്ടികൾ ഈ വർഷത്തെ വി. ബി. എസ്സിൽ പങ്കാളികളാകും.

ബിനു ജോസ്സഫ് വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ഷിബു ജോൺ കല്ലട, കെ. വി ജോൺ, ബാബു തോമസ് അങ്കമാലി, സ്റ്റാൻലി റാന്നി, ബെൻസൺ തോട്ടഭാഗം, ബ്ലസ്സൺ, ജോബി കെ. സി, സാംസൺ ആർ. എം, സജു ഫിലിപ്പ്, അഖിലാവ്, സിജോ ഇലന്തൂർ, ജോഷി ബാബു, കിരൺ കുമാർ, സനോജ്‌രാജ് എന്നിവർ നേതൃത്വം നൽകും.

ചിന്താവിഷയം അടിസ്ഥാനമാക്കിയുള്ള ഗാനങ്ങൾ, കഥകൾ, വി.ബി.എസ്സുകൾക്കായി വിളിക്കുക. ഫോൺ: 9495834994, 9496325026, e-mail; excelvbs@gmail.com.

# അഗപ്പെ ഗോസ്പൽ മിഷൻ ജനറൽ കൺവൻഷൻ ജനുവരി 27 മുതൽ

**നിലമ്പൂർ:** മലബാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അഗപ്പെ മിഷന്റെ 21-മത് ജനറൽ കൺവൻഷൻ 2016 ജനുവരി 27 മുതൽ 31 വരെ നിലമ്പൂർ അഗപ്പെ ഹിൽസിൽ വെച്ച് നടക്കും. മിഷൻ പ്രസിഡന്റ് സുവി. പി.എം അലക്സാണ്ടർ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബി മോനച്ചൻ, പാസ്റ്റർ അജി ആന്റണി, പാസ്റ്റർ കെ. ജെ. തോമസ് കുമളി, പാസ്റ്റർ ജോയി പാറക്കൽ, പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ, പാസ്റ്റർ എം. ഡി ജെയിംസ്, പാസ്റ്റർ രാജൻ എബ്രഹാം തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. എജിഎം മ്യൂസിക്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും

മിഷൻ ജനറൽ സെക്രട്ടറി പാസ്റ്റർ ജോസഫ് ഇടക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ നടന്നയോഗത്തിൽ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി മിഷൻ ഡയറക്ടർ ജോയി പാറക്കൽ ജനറൽ കൺവീനറായി വിപുലമായ കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ ജയിംസ് മാത്യു, പാസ്റ്റർ സന്തോഷ് ചെറിയാൻ, പാസ്റ്റർ ജോസ് എബ്രഹാം, പാസ്റ്റർ ജോയി. ടി. എബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകും. ദിവസവും വൈകുന്നേരം 6 മണിക്ക് പൊതുയോഗം ആരംഭിക്കും. 28 ന് രാവിലെ 10 ന് സഹോദരി സമ്മേളനത്തിൽ സിസ്റ്റർ ശ്രീലേഖ പ്രസംഗിക്കും. 2 മണിക്ക് ശുശ്രൂഷക സമ്മേളനം, 29 ന് രാവിലെ 10 ന് പൊതുയോഗം,2 മണിക്ക് പൂർവ്വവിദ്യാർത്ഥി സമ്മേളനം, 30 ന് രാവിലെ 9 മണിക്ക് യൂത്ത് & സണ്ടേസ്കൂൾ സമ്മേളനം, 2 മണിക്ക് ബൈബിൾ ക്ലാസ്, 31 ന് രാവിലെ 9 മണിമുതൽ 12.30 വരെ സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടക്കും. കേരളം കൂടാതെ തമിഴ്നാട്, കർണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള ദൈവദാസന്മാരും വിശ്വാസികളും പങ്കെടുക്കും.

BELIEVERS JOURNAL
Kandankeril Bulidings
Kumbanad P.O.
Thiruvalla - 689 457

Email:
beljourn@gmail.com
Website:
www.beljourn.com

**കുമ്പനാട്ട് വസ്തു വില്പനക്ക്**

കുമ്പനാട് ജംഗ്ഷനിൽ നിന്നും 1 കിലോമീറ്റർ ദൂരത്തിനുള്ളിൽ (നാഷണൽ ക്ലബിനു സമീപം) 91 സെന്റ് സ്ഥലം മൊത്തമായി വില്പനയ്ക്ക്. പ്ലോട്ടുകളായി തിരിക്കാവുന്ന ഭൂമി. NRI ക്ക് മുൻഗണന.

ബന്ധപ്പെടുക. 9447368795

# നിത്യതയിൽ



### പാസ്റ്റർ മാത്യു സാമുവേൽ (82)

**ന്യൂയോർക്ക്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ സീനിയർ ശുശ്രൂഷകനും പുല്ലാട് ബെഥേൽ വീട്ടിൽ പരേതരായ മത്തായി - കുഞ്ഞമ്മയുടെയും മകനായ പാസ്റ്റർ മാത്യു സാമുവൽ(82) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഐ.പി.സി ഈസ്റ്റേൺ റീജിയൺ മുൻ പ്രസിഡന്റും എലീം ഫുൾ ഗോസ്പൽ അസംബ്ലീ ന്യൂയോർക്കിന്റെ സീനിയർ ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ മാത്യു സാമുവേൽ തന്റെ ചെറുപ്രായത്തിൽ തന്നെ സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപിതനായിരുന്നു. തന്റെ വേദപഠനത്തിനു ശേഷം കേരളക്കരയിലെ വിവിധ കോണുകളിൽ സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഐ.പി.സിയുടെ കേരളാ സ്റ്റേറ്റ് പ്രിസ്ബിറ്ററി അംഗമായിരുന്ന പാസ്റ്റർ മാത്യു സമുവേൽ കേരളത്തിൽ ഐ.പി.സിയുടെ വിവിധ സഭകളുടെ ശുശ്രൂഷകനായിരുന്നു. ഐ.പി.സി ചെമ്പൂർ, മുംബൈ സഭയുടെ ആരംഭകാല ശുശ്രൂഷകനായിരുന്ന പാസ്റ്റർ സാമുവേൽ അറിയപ്പെട്ട കൺവൻഷൻ പ്രസംഗകൻ, വേദപണ്ഡിതൻ, ബൈബിൾ സ്കൂൾ അദ്ധ്യാപകൻ, എഴുത്തുകാരൻ മികച്ച നേതൃത്വ പാടവത്തിനുടമ ഇങ്ങനെ പെന്തെക്കോസ്ത് ലോകത്ത് അറിയപ്പെടുന്ന വിശ്വസ്തനായ ഉപദേശങ്ങൾക്കു വേണ്ടിയും ശക്തമായി നിലകൊണ്ടിരുന്ന പാസ്റ്റർ മാത്യു സാമുവേലിന്റെ വേർപാട് ഐ.പി.സി പ്രസ്ഥാനത്തിനു മറക്കാനാവാത്തതാണ്.സംസ്ക്കാരം നടത്തി. പൊതു ദർശനവും മെമോറിയൽ സർവീസും ഇന്ത്യാ പെന്തെക്കോസ്ത് അസംബ്ലി ചർച്ച്, 343 ജെറുസലോം അവന്യു,ഹിക്സ്വില്ല്, ന്യൂയോർക്ക് 1108 വെച്ചും ഞായറാഴ്ച്ച വൈകിട്ട് ന്യൂ ടെസ്റ്റമെന്റ് ചർച്ച് 79 പാർക്ക് അവന്യു, അമിറ്റിയാവിൽ, ന്യൂയോർക്ക് 11701 വെച്ചും നടത്തിയശേഷം ജനുവരി 10-ന് സംസ്കാരവും നടത്തി.

ഭാര്യ: സാറാമ്മ സാമുവേൽ

മക്കൾ: ഫേബാ & റെജി എബ്രഹാം, റോയി & ലോവീസ് സാമുവേൽ, സൂസൻ & മാത്യു കെ. മാത്യു, ഗ്രെയിസി & റോണി മാത്യു, ജോജി & ഷീബാ സാമുവേൽ, ബെന്നി & ലളിത സാമുവേൽ.



### ഏലിയാമ്മ (79)

**കുമ്പനാട്:** ഐ. പി. സി. സീനിയർ ശുശ്രൂഷകനും അഞ്ചൽ സെന്റർ മിനിസ്റ്ററും ആയിരുന്ന നാലാഞ്ചിറ വക്കേപടിക്കൽ (കുമ്പനാട്) പരേതനായ പാസ്റ്റർ വി. സി. ജോർജ്ജിന്റെ ഭാര്യ ഏലിയാമ്മ (79) നിത്യതയിൽ. പുന്തല പാറപ്പള്ളിൽ കുടുംബാംഗമാണ്. സംസ്കാര ശുശ്രൂഷയിൽ പാസ്റ്റർ കെ. സി. തോമസ്, പാസ്റ്റർ ഫിലിപ്പ് പി. തോമസ്, പാസ്റ്റർ ബിനു തോമസ് തുടങ്ങിയവർ നേതൃത്വം നൽകി. ശ്രീ. കെ. മുരളീധരൻ എം. എൽ. എ., എം. എ. വാഹിദ് എം. എൽ. എ. തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു. സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ വർഗീസ് മത്തായി നേതൃത്വം നൽകി.

മക്കൾ: സ്റ്റാൻലി, ഷെർളി, മിനി, പ്രിൻസ്, ചാൾസ്. മരുമക്കൾ: ഷെർളി, ജോയി, അലക്സ്.



### എം. ദാനിയേൽ (74)

**വാളകം:** ഐ.പി.സി. വാളകം ഈസ്റ്റ് ഹെബ്രോൻ സഭാംഗം പാറമൂല പുത്തൻ വീട്ടിൽ (മണ്ണാറുകുന്നിൽ) എം. ദാനിയേൽ (74) ജനുവരി 8ന് നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം 11-ാംതീയതി പാസ്റ്റർ വർഗീസ് മത്തായിയുടെ നേതൃത്വത്തിൽ സഭാ സെമിത്തേരിയിൽ നടന്നു. ഭവനത്തിലെ ശുശ്രൂഷകർക്ക് പാസ്റ്റർ എൽ.സൈമൺ നേതൃത്വം നൽകി. പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, ജോസഫ് മാത്യു, കെ.ടി. ഫിലിപ്പ്, ജോർജ് രാജൻ എന്നിവർ പ്രസംഗിച്ചു. ഭാര്യ. വാളകം കളയ്ക്കാട്ട് കുടുംബാഗം പരേതയായ ഏലിയാമ്മ. മക്കൾ: റോസമ്മ, ഷാജി ദാനിയേൽ, ലിസി, ഡെയ്സി, ഷിബു ദാനിയേൽ, പാസ്റ്റർ ഷിജു ദാനിയേൽ. മരുമക്കൾ: ജോൺ, മേരിക്കുട്ടി, പാപ്പച്ചൻ, രാജു, ആലീസ്, പ്രിയ.



### ഗ്രേസ് ഗ്ലാഡ്സൻ (47)

**വാളകം:** ഐ.പി.സി. വാളകം ഈസ്റ്റ് ഹെബ്രോൻ സഭാംഗം ഏബനേസർ ഹോമിൽ പാസ്റ്റർ ഗ്ലാഡ്സൻ ദാനിയേലിന്റെ ഭാര്യ റെയ്ച്ചൽ (ഗ്രേസ്-47) ജനുവരി 6ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. സംസ്ക്കാരം ഏഴിന് പാസ്റ്റർ വർഗീസ് മത്തായിയുടെ നേതൃത്വത്തിൽ വാളകം ഐ.പി.സി.ഹെബ്രോൻ സെമിത്തേരിയിൽ നടന്നു. ഭവനത്തിലും സഭാഹാളിലും നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ എൽ. സൈമൺ നേതൃത്വം നൽകി. സെന്റർ ശുശ്രൂഷകന്മാരായ വി.വൈ.തോമസ്, ദാനിയേൽ ജോർജ്, ഏബ്രഹാം മാത്യു, കെ.വി.ദാനിയേൽ കുട്ടി പാസ്റ്റർമാരായ ജോസഫ് മാത്യു, അലക്സ് വെട്ടിക്കൽ, ജോർജ് രാജൻ, കെ.ടി.ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. കുളക്കട ചക്കാല പടിഞ്ഞാറ്റതിൽ (ഇമ്മാനുവേൽ ഹൗസ്) സുവി. മത്തായി ശാമുവേലിന്റെ മകളാണ്. മക്കൾ: ഗിഫ്റ്റി (ദുബായ്) ഗ്രീറ്റി, ഗായോസ്.

## •സഹായിക്കുക

ചർച്ച് ഓഫ് ഗോഡ് കോഴഞ്ചേരി ഡിസ്ട്രിക്ടിൽ മാലക്കര സഭാ ശുശ്രൂഷകൻ പാസ്റ്റർ എ.എൻ. രാജു കരൾ സംബന്ധമായ രോഗത്താൽ ലെയ്ക്ഷോർ ഹോസ്പിറ്റലിൽ ചികിത്സയിലാണ്. കർത്തൃദാസന്റെ സൗഖ്യത്തിനായി പ്രാർത്ഥനയും സഹായവും അഭ്യർത്ഥിക്കുന്നു.



Pastor A.N. Raju
A/C.20450100001471
IFSC FDRL 0002045
Branch - Pandanad
Phone: 9961718359

## ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ കാട്ടാക്കട സെന്റർ 2016 ജനുവരി 2 -ാം തീയതി ശനിയാഴ്ച കല്ലയം ഫിലദെൽഫിയ സഭാഹാളിൽ ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാ.കെ.സി തോമസ് ഉദ്ഘാടനം ചെയ്തു .സെന്റർ പാസ്റ്റർ പാ.എച്ച്.റൂഫസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ഫിലിപ്പ് പി തോമസ്, രാജു പൂവക്കാല, സി.സി.എബ്രഹാം, റ്റി.എം. ജോർജ്ജ്, സി.എ തോമസ്, കെ.ശാമുവേൽ. ബ്ര.എൽ. കെ.റോയി .ബ്ര.ജയ്സൺ സോളമൻ, ബ്ര.പീറ്റർ മാത്യൂ കല്ലൂർ. ബ്ര.കുഞ്ഞച്ചൻ എന്നിവർ സന്ദേശങ്ങൾ നൽകി. വൈസ്.പ്രസിഡന്റ് പാ.പോൾഫ്രഡ് റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി.

## ലഹരി വിരുദ്ധ സന്ദേശം

**ചാത്തനൂർ:** പ്രെയർ ഫെലോഷിപ്പ് ചർച്ചും പ്രിസൺ ഗോസ്പൽ മിഷനും സംയുക്തമായി 2016 ജനുവരി 9 -ാം തീയതി ശനിയാഴ്ച കാരംകോട് ജംഗ്ഷനിൽ ലഹരി വിരുദ്ധ സന്ദേശവും സംഗീത ശുശ്രൂഷയും നടത്തി ബഹു.എം.എൽ.എ.ജി.എസ്. ജയലാൽ ഉദ്ഘടനം ചെയ്യുകയ്യും എക്സൈസ് ഇൻസ്പെക്ടർ ജെ.പി.ആൻഡ്രൂസ് ആശംസ അറിയിക്കുകയ്യും പ്രിസൺ ഗോസ്പൽ മിഷൻ പ്രവർത്തകരായ പാ.രാധാകൃഷ്ൺൻ ബ്ര.സദാശിവൻ, ബ്ര.കൃഷ്ണൻ നായർ എന്നിവർ ദൈവവചനം സംസാരിച്ചു. ബ്ര.സെബാസ്റ്റ്യൻ സ്വാഗതം അറിയിക്കുകയും, പാ.ബൈജു ജോസഫ് ശുശ്രൂഷകൾക്ക് നേതൃത്വം നൽക്കുകയ്യും ചെയ്തു.

## സുവിശേഷമഹയോഗവും സംഗീതവിരുന്നും

**കോട്ടയം:** കാരിത്താസ് അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ ആഭിമുഖ്യത്തിൽ ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെ കാരിത്താസ് ആശുപത്രിക്ക് സമീപം സുവിശേഷമഹയോഗവും സംഗീതവിരുന്നും നടക്കും.അസംബ്ലീസ് ഓഫ് ഗോഡ് കോട്ടയം സെക്ഷൻ പ്രിസ്ബറ്റർ പാസ്റ്റർ എ ഷാജി ഉത്ഘാടനം ചെയ്യും പാസ്റ്റർ ജോസ് ജേക്കബ് അദ്ധ്യക്ഷത വഹിക്കും.സിസ്റ്റർ അഞ്ജലി പോൾ(പന്തളം), പാസ്റ്റർ അജി അന്റണി (റാന്നി) പാസ്റ്റർ ഗോപിനാഥൻ ആചാരി (തിരുവല്ല) തുടങ്ങിയവർ പ്രസംഗിക്കും.1,2 തിയതികളിൽ രാവിലെ പത്ത് മുതൽ നടക്കുന്ന പകൽ യോഗങ്ങളിൽ പാസ്റ്റർ അശോക് മാത്യു,പാസ്റ്റർ മുരളിധരൻ തുടങ്ങിയവർ പ്രസംഗിക്കും. വോയ്സ് ഓഫ് ഫിലോ (പത്തനംതിട്ട ) ഗാനശുശ്രൂഷ നിർവഹിക്കും.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ....

കേരളത്തിന്റെ സമൃദ്ധമായ മേച്ചിൽപുറങ്ങളിൽ എല്ലാവരുടെ മേയാൻ ഇറങ്ങുന്നതിന്റെ ഉള്ളിലിരുപ്പ് വ്യക്തമാണ്. നൂറ് വർഷം പിന്നിട്ട ഇന്ത്യയിൽ സഭാ വളർച്ച മന്ദഗതിയിലാണ്. നേതൃത്വത്തിന്റെ പിടിപ്പുകേടാണ് ഇതിന്റെ പ്രധാന കാരണം. അധികാരം വെറും അലങ്കാരമായി കൊണ്ടു നടക്കുന്നവർ ഫീൽഡിൽ ഒന്നും ചെയ്യുന്നില്ല. ഇവരെ മാറ്റി മിഷൻ കാഴ്ചപാടുകളുള്ള സമർത്ഥരായ ലീഡർഷിപ്പിനെ രംഗത്തിറക്കണം.

1200 സഭകളുള്ള കേരളത്തിന് മാത്രമായി സൂപ്രണ്ടിനെ അവരോധിക്കുന്നതിന്റെ ആവശ്യമെന്താണ്. 60 വർഷം പിന്നിട്ട നോർത്ത് ഇന്ത്യയിലെ പ്രവർത്തനം ഒച്ചിഴയുന്ന വേഗത്തിലാണ് നീങ്ങുന്നത്. സെൻട്രൽ വെസ്റ്റ് റീജിയനിൽ 11 സംസ്ഥാനങ്ങളാണുള്ളത്. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഡൽഹി എന്നിവ ഇതിൽ ഉൾപ്പെടും. 200-ൽ താഴെ സഭകളെ ഇവിടെയുള്ളൂ. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ സഭകൾ വളരേണ്ട പശ്ചിമ തീരങ്ങളിൽ മിഷനറിമാരെ അയക്കേണ്ടേ. ലക്ഷദ്വീപിലും ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും ആത്മാക്കൾ രക്ഷിക്കപ്പെടേണ്ട വിതയും കൊയ്ത്തും ഇല്ലാത്ത ഈ ഊഷരഭൂമികളിൽ സഭാ വളർച്ചയുടെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാതെ കേരളത്തിൽ മാത്രം നിയമങ്ങളും നിയമനങ്ങളും അടിച്ചേല്പിക്കുന്നത് യുക്തിസഹമല്ല. കർണ്ണാടകയിൽ സുവിശേഷം എത്തിയിട്ട് നൂറ് വർഷം ആയിട്ടും പുരോഗതി ആർജിക്കാൻ കഴിഞ്ഞിട്ടില്ല. തമിഴ്നാട്ടിലും ആന്ധ്രയിലും സ്ഥിതി ഇതുതന്നെ. ഇന്ത്യയ്ക്ക് മൊത്താമായി എന്തുകൊണ്ട് സൂപ്രണ്ടിനെ നിയമിക്കുന്നില്ല. ആരോ എഴുതികൊടുത്ത തിരകഥ അനുസരിച്ച് വേൾഡ് മിഷൻ നാടകം കളിക്കുകയാണ്. ചർച്ച് ഓഫ് ഗോഡ് പൈതൃകം ഇല്ലാത്തവരും ശുശ്രൂഷകരല്ലാത്തവരും ഐ.ടി. പ്രഫഷണലുകാരും ബിസിനസുകാരും ഭാവിയിൽ നേതൃത്വം കയ്യാളാൻ ഇടവരും. മുകളിൽ നിന്നും നൂലിൽ കെട്ടി ഇറക്കുന്ന നേതൃത്വം ആവശ്യമില്ല.

3000 സഭകളുള്ള ഐ.പി.സി വിഭജിക്കുന്നില്ല. ഭരണ സൗകര്യത്തിനായി വെട്ടിമുറിച്ച ഏ.ജിയ്ക്ക് മലബാറിൽ കുതിച്ചുചാട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ചർച്ച് ഓഫ് ഗോഡിനെ തെക്കും വടക്കുമായി വെട്ടിമുറിച്ചിട്ട് ആസ്ഥാനം എന്തിനാണ് മുളക്കുഴയിൽ സ്ഥാപിക്കുന്നത്. ഓവർസിയർമാരുടെ എക്സിക്യൂട്ടീവ് അധികാരങ്ങൾ കവർന്നെടുക്കുന്ന സൂപ്രണ്ട് നിയമനം ജനാധിപത്യ വിഭജനമാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സഭകളുള്ള കേരളത്തിന് ഗവേണിംഗ് ബോഡിയിൽ പ്രാധാന്യം ലഭിക്കുന്നില്ല. ചെയർമാൻ സ്ഥാനം ലഭിക്കുന്നില്ല. വിരലിൽ എണ്ണാൻ മാത്രം സഭകളുള്ളവർക്കും രണ്ട് പ്രതിനിധികൾ ഗവേണിംഗ് ബോഡിയിലുണ്ട്. സഭകളുടെ എണ്ണമനുസരിച്ചും പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നു. ഉത്തരേന്ത്യൻ ലോബി തീരുമാനങ്ങൾ അടിച്ചേല്പിക്കുകയാണ്. ഗൗരവമായ നയനവീകരണമോ ചർച്ചയോ നടകുന്നില്ല. ഓവർസിയർമാരുടെ അവരുടെ അടുത്തൂൺ പറ്റികളും ചേർന്ന് നടത്തുന്ന പൊറാട്ട് നാടകം മാത്രമാണ് നടത്തുന്നത്. കേരളത്തെ വിഭജിക്കാതെ തന്നെ അധികാര വികേന്ദ്രീകരണം നടപ്പിലാക്കണം. സ്വതന്ത്ര ചുമതലയുള്ള രണ്ട് അസി. ഓവർസിയർമാരെ നിയമിക്കുക. സോണലുകളായി വിഭജിച്ച്, ഡയറക്ടർമാരെ പൂർണ്ണ അധികാരത്തോടെ നിയമിക്കുക, ഡിസട്രിക്ട് പാസ്റ്റർമാർക്ക് കൂടുതൽ അധികാരങ്ങൾ നല്കുക, മിഷൻ, സഭാസ്ഥാനം, സഭാ വളർച്ച, സുവിശേഷീകരണം എന്നീ മേഖലകൾ മിഷൻ ഡയറക്ടർക്ക് പ്രത്യേക ചുമതല നല്കുക, കൗൺസിൽ 20 ആയി വിപുലീകരിക്കുക, മലബാർ, ഹൈറേഞ്ച് മേഖലകൾക്ക് കൗൺസിലിൽ റിസർവേഷൻ ഏർപ്പെടുത്തുക, ചർച്ച് ഓഫ് ഗോഡിന്റെ പോളിസിയും ഉപദേശങ്ങളും അംഗീകരിക്കുന്ന എല്ലാവർക്കും അഫിലിയേഷൻ നല്കുന്ന ഫെഡറേഷൻ സംവിധാനം കൊണ്ടുവരിക, പ്രാദേശിക സഭകൾക്കും ഡിസ്ട്രിക്ടുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നല്കുക, മലബാറിലും തിരുവനന്തപുരത്തും 'അനക്സ്' ആരംഭിക്കുവാനും തുടങ്ങിയ നടപ്പിലാക്കാവുന്നതാണ്. 66% പാസ്റ്റർമാരും യുവാക്കളാണ്. ഇവർക്ക് 20% ഭാരവാഹിത്വം പോലും ഇല്ല. യുവാക്കൾക്ക് 50% ഭാരവാഹിത്വം ഉറപ്പുവരുത്തുക, വിശ്വാസികൾക്ക് കൗൺസിലിൽ പ്രാതിനിധ്യം നല്കി, ജോ. സെക്രട്ടറി, ട്രഷറാർ പദവികൾ നല്കണം. എല്ലാ എക്സിക്യൂട്ടീവ് പദവിയിലേക്കും നേരിട്ട് ഇലക്ഷൻ നടത്തണം, നോമിനേഷൻ സമ്പ്രദായം അവസാനിപ്പിക്കണം. പോളിസി പരിക്ഷകരണം, ഇലക്ഷൻ മാനുവൽ തയ്യാറാക്കണം. ജനാധിപത്യപരമായി പ്രസ്ഥാനത്തെ അടിമുടി അഴിച്ചു പണിയണം. സംഘടനാപരമായി പുനഃസംഘടിപ്പിക്കണം. ഇതാണ് ആവശ്യം.

ധ്യാനം

# മുൻനടപ്പുകാരുടെ ശാസന!!



ഷൈജു ഡാനിയേൽ, അടൂർ
shyjudani@gmail.com



ക്രിസ്തു സ്നേഹത്തിന്റെ ആഴത്തിലേക്കും അവിടുത്തെ അനന്തമായ സാധ്യതകളിലേക്കും എത്തിചേരുവാൻ അവസരം ലഭിക്കാത്ത ജനസമൂഹത്തെ എല്ലാവിധ പിന്തുണകളും കൈതാങ്ങുകളും നൽകി അവനിലേക്ക് ആനയിക്കുക എന്നത് സുവിശേഷീകരണ ദൗത്യത്തിൽ അതിപ്രാധാന്യമുള്ളതാണ്. പരിഷ്കൃത- അപരിഷ്കൃത, മേലാള-കീഴാള, സമ്പന്ന-ദാരിദ്ര്യ വിവേചനങ്ങൾ തെല്ലും ഇല്ലാതെ എല്ലാവരെയും തുല്ല്യരായി കണ്ടുകൊണ്ടു അവരുടെ ഉള്ളിൽ വസിക്കുന്ന മുഴുലോകത്തേക്കാൾ മൂല്യമുള്ള ആത്മാവിനെ മുൻകണ്ടുകൊണ്ട് മഹോന്നതനായ ദൈവത്തിങ്കലേക്കു മാർഗ്ഗമൊരുക്കുന്ന മഹനീയ കർത്തവ്യം നമ്മിലാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത്. "യേശുവിങ്കലേക്ക് കടന്നു വാ" എന്ന് കണ്ഠക്ഷോഭം ചെയ്യുകയും അപ്പോൾ തന്നെ "യേശുവേ" എന്നാരെങ്കിലും ഒന്നുറക്കെ വിളിച്ചാൽ അവന്റെ അധരമടപ്പിച്ച് അടക്കിയിരുത്തുന്ന അനാവശ്യ പ്രവണതകൾക്ക് എന്ത് ന്യായീകരണമാണ് നമുക്ക് നൽകാൻ കഴിയുക? പിന്നിൽ നിന്നും നിലവിളിക്കുന്ന സമൂഹമംഗീകരിക്കാത്ത അശരണന്റെ ആർത്തനാദം കേൾക്കുമ്പോൾ ക്രിസ്തുവിനോടൊപ്പം എന്ന കാരണത്താൽ ജനമധ്യത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ബഹുമാനാദരവുകളുടെ മറവിൽ മുന്നിൽ നടക്കുന്ന തലയെടുപ്പുള്ള പ്രമാണികളുടെ അതിനോടുള്ള അപഹാസ്യഭാവം ഏറെ അപകടം നിറഞ്ഞതാണ്. യേശുവേ എന്നു വിളിക്കുന്നവനെ വിലക്കുന്ന വിചാരശീലമില്ലാത്ത വിവേകശൂന്യത്വം പേറുന്ന മുൻനടപ്പുകാരുടെ പാരമ്പര്യമേധാവിത്വത്തിന്റെ ശാസനകൾ മൂലം അനവധിയാളുകൾ അവഗണിക്കപ്പെടുന്നുണ്ട് എന്നത് ഖേദകരം തന്നെ!!

ഒരിക്കൽ യേശു യെരിഹോവിലൂടെ കടന്നുപോകുമ്പോൾ വഴിയരികെ ഭിക്ഷാടനം നടത്തിക്കൊണ്ടിരുന്ന ഒരു കുരുടനായ മനുഷ്യന്റെ വിലാപം ശ്രദ്ധേയമാണ്. വലിയ പുരുഷാരത്തിന്റെ ആരവാരം ശ്രവിച്ച ആ മനുഷ്യൻ അതെന്ത് എന്നറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. യേശുവാണെന്നറിഞ്ഞതും തന്റെ പ്രശ്നം പരിഹരിക്കുവാൻ കഴിവുള്ളവനാണ് തനിക്കു മുന്നിലൂടെ കടന്നുപോകുന്നത് എന്നവൻ തിരിച്ചറിഞ്ഞു. ഉടനെ അവനൊരു നിലവിളി-"യേശുവേ ദാവീദുപുത്രാ കരുണ കാണിക്കണമേ". മടികൂടാതെ സഹായമരുളാൻ മനസുള്ളവനെ മനസ്സ് തുറന്നു വിളിക്കുന്നതിൽ എന്താണപാകത? പക്ഷെ ഈ കുരുടന്റെ ഹൃദയങ്കമായ ആവശ്യപെടൽ മുൻനടക്കുന്നവർക്കത്ര പിടിച്ചില്ല. തുടർന്ന് അധരം അടയ്ക്കാനുള്ള ശാസനയായി!! യേശുവിലൂടെയാണ് അടയാളങ്ങളും അത്ഭുതങ്ങളും നടക്കുന്നത് എങ്കിലും അതിന്റെ പേരിൽ അനാവശ്യമായ പ്രശംസ സ്വയമായി കരസ്ഥമാക്കി യേശുവിനെ മറച്ച് സ്വയം പ്രദർശിപ്പിച്ച് നടക്കുന്ന ശിഷ്യപ്രധാനിമാർക്കും പൗരപ്രമുഖന്മാർക്കും എളിയവന്റെ നിലവിളി കേവലം വിലയില്ലാത്തതായി തോന്നിയാൽ അതിൽ അത്ഭുതപ്പെടാനില്ല. എല്ലാ കാലത്തും ദൈവിക വിടുതലുകൾ ആഗ്രഹിക്കുന്നവരെ പ്രത്യക്ഷമായോ പരോക്ഷമായോ തടയുന്ന പ്രതിലോമ ശക്തികൾ അവിടവിടങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്. യേശുവിൽ നിന്നും ഒരു സഹായം പ്രതീക്ഷിച്ചു നിലവിളിക്കുന്ന വ്യക്തികളെ നിരുത്സാഹപ്പെടുത്തുന്ന പാരമ്പര്യവാദികളുടെ എണ്ണം വർദ്ധിക്കുകയാണ്. മറ്റുള്ളവർ വിശേഷാൽ സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരും ആരാലും ശ്രദ്ധിക്കപ്പെടാതെ ഈ ഭൂവിൽ ജീവിതം നയിക്കുന്നവരും ദൈവത്തെ സമീപിക്കുവാൻ ശ്രമിക്കുമ്പോൾ അവരെ അമർച്ച ചെയ്യുന്ന പ്രവണത നന്നല്ല.

രോഗികൾക്ക് സൗഖ്യവും അശരണർക്ക് ആശ്രയവും ദുഃഖിതർക്ക് ആശ്വാസവും നൽകി തന്നോടു നിലവിളിക്കുന്നവരുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കാൻ ഒരു മടിയുമില്ലാതെ തയ്യാറായി ക്രിസ്തു നിൽക്കുമ്പോൾ അവനിൽ നിന്നും ആവശ്യക്കാരന് വേണ്ടി പുറപ്പെടേണ്ട സഹായങ്ങളെ തടയാൻ ആർക്കാണധികാരമുള്ളത്? യേശുവേ എന്ന് വിളിക്കുന്നവന്റെ വായ്ക്കു വിലങ്ങു വയ്ക്കാൻ അധികാരമുണ്ടെന്ന ആത്മീയ ഹുങ്ക് പ്രദർശിപ്പിക്കേണ്ടത് നിസ്സഹായന്റെ നിലവിളിക്ക് മുമ്പിലോ? ആലയവാസം സമ്മാനിച്ച പാരമ്പര്യവും കാലപ്പഴക്കവും ആലയത്തിനുള്ളിലെത്തി ആവശ്യബോധത്തോടെ കർത്താവേ എന്ന് വിളിക്കുന്നവന്റെ ശബ്ദമടയ്ക്കാൻ ആകരുത്. കാലങ്ങളായി ക്രിസ്തുവുമൊത്തു നടക്കുന്നു എന്ന ഒറ്റ കാരണം കൊണ്ട് മുൻനടപ്പുകാരായി തീർന്നവർ ക്രിസ്തുവിനെ പിന്തുടർന്ന് നിലവിളിക്കുന്നവരെ ശാസിച്ചമർച്ച ചെയ്യാൻ അവകാശമില്ല. യേശുവിനോടൊപ്പമുള്ള നമ്മുടെ സഹവാസത്തിന്റെ പഴക്കം വർദ്ധിക്കുംതോറും പലരെയും ക്രിസ്തുവിങ്കലേക്ക് നയിക്കുന്ന ദൈവിക സ്വഭാവം നമ്മിൽ പ്രകടമാകേണ്ടതുണ്ട്. ആവശ്യക്കാരൻ നിലവിളിക്കുമ്പോൾ അവനെ നിശബ്ദനാക്കുകയില്ല മറിച്ച് അവനെ സഹായിപ്പാൻ കഴിയുന്ന നല്ല മനസ്സിന്റെ ഉടമകളാകാൻ നമുക്ക് കഴിയണം. മുൻനടപ്പുകാരുടെ അനാവശ്യ ഇടപെടലുകൾ നിമിത്തം പല ഇടങ്ങളിലും ആവശ്യക്കാരന് ദൈവസ്നേഹം നിഷേധിക്കപ്പെടുകയാണ്. യേശുവിന്റെ അടുക്കൽ ആര് എത്തണമെന്നും യേശുവിനെ ആര് അറിയണമെന്നും നിർഭാഗ്യവശാൽ പലയിടങ്ങളിലും തീരുമാനിക്കുന്നത് ഈ മുൻനടപ്പുകാരാണ് എന്നത് നമുക്ക് മീതെ നിഴൽ മൂടിയിരിക്കുന്ന ആത്മീക അരക്ഷിതാവസ്ഥയുടെ പ്രകടമായ ലക്ഷണമാണ്. യേശുവേ എന്നാരെങ്കിലും വിളിക്കുന്നത് നമ്മുടെ ശ്രദ്ധയിൽപെട്ടാൽ അവനെ വീണ്ടും വിളിക്കാൻ പ്രോത്സാഹിപ്പിക്കുക!! അവൻ ആഗ്രഹിക്കുന്നൊരു വിടുതൽ ലഭിക്കുന്നത് വരെ അല്ലെങ്കിൽ അവൻ ക്രിസ്തുവിന്റെ അടുക്കൽ എത്തുന്നത് വരെ അവനെ സഹായിക്കുന്ന യേശുവിന്റെ പ്രതിനിധികൾ ആയി നാം മാറേണം. കാലങ്ങൾക്കുമുമ്പു കർത്താവിനെ കാണുവാനും നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാനും ഭാഗ്യം ലഭിച്ച നമുക്ക് മറ്റുള്ളവരുടേയും ആവലാതികൾ ക്രിസ്തുവിന്റെ അടുക്കൽ എത്തിക്കുവാൻ കഴിയണം. അതാണ് സുവിശേഷീകരണത്തിന്റെ അടിസ്ഥാന തത്വം. മുൻനടപ്പുകാരുടെ ശാസന എന്ന പരീശത്വം നമ്മളിലിനി വാഴരുത്, പകരം നിലവിളിക്കുന്നവർക്ക് വേണ്ടി യേശുവിനെ പിടിച്ചു നിർത്താൻ കഴിയുന്ന വിശാല മനസ്സിന്റെ ഉടമകളായി നമുക്ക് മാറാം!!.

## 92-ാമത് കുമ്പനാട് കൺവൻഷന്റെ വിവിധ ദൃശ്യങ്ങൾ



പാസ്റ്റർ സാം ജോർജ്ജ്



പാസ്റ്റർ ബേബി വർഗീസ്



പാസ്റ്റർ ഫിലിപ്പ് പി. തോമസ്



പാസ്റ്റർ ജോയി എബ്രഹാം



പാസ്റ്റർ സാംകുട്ടി ചാക്കോ



കേരളാ സ്റ്റേറ്റ് നേതൃത്വം



വേദിയിൽ



വിശ്വാസി സമൂഹം





ഗായകസംഘം

ലേഖനം





# അന്ത്യകാലത്ത് ലോകത്തിന് എന്ത് സംഭവിക്കും

## ശാസ്ത്രപുരോഗതിയുടെ യുഗം

ഷൈജു തോമസ് ഞാറയ്ക്കൽ
9447313709

**ആണവയുദ്ധം:-** ലോകാവസാനത്തിന് കൽപ്പിക്കപ്പെടുന്ന മറ്റൊരു സാധ്യത ഒരിക്കൽ പൊട്ടിപ്പുറപ്പെടാവുന്ന ആണവയുദ്ധമാണ്. ആണവായുധങ്ങൾ നിർമ്മിക്കുവാനും ശക്തിതെളിയിക്കാനും ഒരോ രാജ്യങ്ങളും മത്സരിക്കുമ്പോൾ ഇനി ഉണ്ടായേക്കാവുന്ന ഒരു മൂന്നാം മഹായുദ്ധം ലോകം ഇല്ലാതാക്കുമെന്ന് ശാസ്ത്രലോകം പറയുന്നു. ഇതിനെക്കുറിച്ച് വിശുദ്ധ വേദപുസ്തകം പ്രസ്താവിച്ചിരിക്കുന്നു. “സെഖര്യാവ് 14:12 യെരൂശലേമിനോടു യുദ്ധം ചെയ്ത സകലജാതികളെയും യഹോവ ശിക്ഷിപ്പാനുള്ള ശിക്ഷയാവിതു: അവർ നിവിർന്നു നില്ക്കുമ്പോൾ തന്നേ അവരുടെ മാംസം ചീഞ്ഞഴുകിപ്പോകും; അവരുടെ കണ്ണു തടത്തിൽ തന്നേ ചീഞ്ഞഴുകിപ്പോകും; അവരുടെ നാവു വായിൽ തന്നേ ചീഞ്ഞഴുകിപ്പോകും. മലാഖി 4:1 ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.2 പത്രൊസ് 3:10 കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.”

ശാസ്ത്രപുരോഗതിയുടെ യുഗത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ പൂർവ്വികന്മാർ അസാധ്യമെന്നു കരുതിയിരുന്ന കാര്യങ്ങൾ മനുഷ്യൻ സാധിച്ചിരിക്കുന്നതായി നാം കണ്ടിരിക്കുന്നു. ശാസ്ത്രപുരോഗതിയുടെ ഗതിവേഗം നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ സൃഷ്ടിക്കപ്പെട്ട കാലം മുതൽ എ.ഡി.1750 വരെ മനുഷ്യൻ നേടിയിരുന്ന ശാസ്ത്രവിജ്ഞാനം വേഗം തന്നെ അടുത്ത 150 വർഷങ്ങൾക്കുള്ളിൽ, അതായത് എ.ഡി. 1900 ആയപ്പൊഴേക്കും ഇരട്ടിയായി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എ.ഡി.1900ൽ മനുഷ്യനുണ്ടായിരുന്ന വിജ്ഞാനം അടുത്ത 50 വർഷത്തിനുള്ളിൽ വീണ്ടും ഇരട്ടിയായി വർദ്ധിച്ചു. അപ്രകാരം 1950 വരെ മനുഷ്യൻ നേടിയിരുന്ന അറിവ് അടുത്ത പത്തു വർഷത്തിനുള്ളിൽ വീണ്ടും ഇരട്ടിയായി. ഓരോ രണ്ടര വർഷം കൂടുന്തോറും മനുഷ്യന്റെ ശാസ്ത്രജ്ഞാനം ദ്വിഗുണീഭവിച്ചുകൊണ്ടിരിക്കുന്നു.

ശാസ്ത്രീയ നേട്ടങ്ങൾ മനുഷ്യനന്മയ്ക്കു ഉപയോഗിക്കുന്നതുപോലെ തന്നെ വിനാശകാരികളായ ആയുധങ്ങൾ നിർമ്മിക്കുന്നതിനും ലോകം ഉപയോഗിക്കുന്നു. ഇന്ന് മനുഷ്യൻ നിർമ്മിച്ചെടുത്ത ഏറ്റവും പ്രധാനമായ ആയുധമാണ് അണുവായുധം. ലോകം ഭീതിയോടെ മാത്രം നോക്കി കാണുന്ന ഒന്ന്. അണുവിഘടനമോ (ന്യൂക്ലിയർ ഫിഷൻ) അണുസംയോജനമോ (ന്യൂക്ലിയർ ഫ്യൂഷൻ) കൊണ്ട് നശീകരണശക്തി ലഭിക്കുന്ന ആയുധങ്ങളേയാണ് ആണവായുധം അഥവാ അണുബോംബ് എന്നു വിളിക്കുന്നത്. ആണവപ്രവർത്തനങ്ങളിൽ വളരെ കൂടിയ അളവിൽ ഊർജ്ജം ഉൽപ്പാദിപ്പിക്കപ്പെടുന്നതിനാൽ ഇവ അതീവ നാശശക്തിയുള്ള ആയുധങ്ങളാണ്.

അണുബോംബ് വികസിപ്പിച്ചെടുക്കുന്നതിനുള്ള അമേരിക്കയുടെ പദ്ധതിയായിരുന്നു “മൻ ഹാട്ടൻ പ്രോജക്ട്”. ഇതിന്റെ തലവനായിരുന്ന റോബർട്ട് ഓപ്പൺ ഹെയ്മറിനെ “ആറ്റം ബോംബിന്റെ പിതാവ് എന്ന് വിളിക്കപെടുന്നു. ആദ്യമായി അണുബോംബ് പ്രയോഗിക്കപ്പെട്ടത് ജപ്പാനിലെ ഹിരോഷിമയിൽ 1945 ആഗസ്റ്റ് 6ന് രാവിലെ 8.15 നാണ്. “ലിറ്റിൽ ബോയ്” എന്ന പേരിലുള്ള ബോംബാണ്. ആഗസ്റ്റ് 9 ന് നാഗസാക്കിയിൽ പതിച്ച അണുബോംബിന്റെ പേരാണ് ഫാറ്റ്മാൻ. അണുവിഘടനം മൂലം പ്രവർത്തിക്കുന്ന ആയുധങ്ങളിൽ ആണവനിലയങ്ങളിൽ പ്രവർത്തിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ചെയിൻ റിയാക്ഷൻ അനിയന്ത്രിതമായ രീതിയിലാണ് നടക്കുന്നത്. അതായത് സെക്കന്റിന്റെ ഒരു ചെറിയ അംശം കൊണ്ട് വളരെയധികം അണുകേന്ദ്രങ്ങൾ വിഘടിക്കപ്പെടുന്നു. അങ്ങനെ ഒരു വലിയ പൊട്ടിത്തെറിയോടെ ഭീമമായ അളവിൽ താപം ഉല്പ്പാദിപ്പിക്കപ്പെടുന്നു. ഇതിനേക്കാൾ നശീകരണശേഷിയുള്ളവയാണ് അണുസംയോജനം അടിസ്ഥാനമാക്കിയുള്ള ആയുധങ്ങൾ. ഇത്തരം ആയുധങ്ങളിലും അണുസംയോജനം ആരംഭിക്കുന്നതിനാവശ്യമായ ഉയർന്ന താപം ഉണ്ടാക്കുന്നത് ഒരു അണുവിഘടനപ്രവർത്തനത്തിലൂടെയാണ്. അണുസംയോജനം അടിസ്ഥാനമാക്കിയുള്ള ആയുധങ്ങളെ ഹൈഡ്രജൻ ബോംബ് എന്നോ തെർമോന്യൂക്ലിയർ ആയുധങ്ങൾ എന്നോ പറയുന്നു

വെടിമരുന്ന്, ഡൈനമൈറ്റ്, ടി എൻ ടി, ആർ ഡി എക്സ് എന്നിവ ഈ ക്രമത്തിലാണ് ആവിർഭവിച്ചത്. പൊട്ടാസ്യം നൈട്രേറ്റ് മുഖ്യഘടകമായ വെടിമരുന്ന് ഒമ്പതാം നൂറ്റാണ്ടു മുതൽ ഉപയോഗത്തിലിരുന്നിരുന്നു. അതിനേക്കാൾ ശക്തി കൂടിയതായിരുന്നു സ്വീഡിഷ് രസതന്ത്രജ്ഞനായിരുന്ന ആൽഫ്രഡ് നോബൽ 1867ൽ കണ്ടുപിടിച്ച ഡൈനമൈറ്റ്. ഡൈനമൈറ്റിന്റെ മുഖ്യഘടകം നൈട്രോ ഗ്ലിസറിനാണ്. ഡൈനമൈറ്റിനേക്കാൾ ശക്തമാണ് ട്രൈ നൈട്രോ ടൊളുവീൻ എന്ന ടി എൻ ടി. 1863-ൽ കണ്ടുപിടിക്കപ്പെട്ട ടി എൻ ടി പിൽക്കാലത്ത് ബോംബു നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെട്ടു. ടി എൻ ടിയേക്കാൾ ഒന്നര മടങ്ങ് ശക്തമാണ് 1940-കളിൽ കണ്ടെത്തിയ ആർ ഡി എക്സ് എന്നറിയപ്പെടുന്ന സൈക്ലോ ട്രൈ മെത്തിലീൻ ട്രൈ നൈട്രമീൻ. അണുബോംബുകളല്ലാത്ത ബോംബുകളിൽ ടി എൻ ടി, ആർ ഡി എക്സ്, എന്നിവയാണ് രണ്ടാം ലോകമഹായുദ്ധകാലത്ത് ഉപയോഗിച്ചുകൊണ്ടിരുന്നത്. ടി എൻ ടിയും, ആർ ഡി

05

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ
9567759748



MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 02

# BELIEVERS JOURNAL

PUBLISHED ON 25/01/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Annual Sub. ₹150

www.fbcudaipur.com

"Equipping Leaders to know the Word and to move in the Spirit"



Building upon the legacy of the apostle Dr. Thomas Mathews

New Session begins on July 1st, 2016

Courses Offered
Diploma in Theology (Dip.Th)
Bachelor of Theology (B.Th)
Master of Divinity (M. Div)
*All programmes are accredited by ATA*

Send application fee (Non-refundable)
Rs.50/- for B.Th/Dip.Th and Rs.100/-for M.Div

For more information
The Director of Admissions,
Filadelfia, Sanjay Park
Rani Road, Udaipur 313 001, Rajasthan.
Phone: +91-294-2430362, Email: contact@fbcudaipur.com

M.A. in international Development Studies
in partnership with William Carey International
University, Pasadena

FILADELFIA BIBLE COLLEGE
Impacting the mission landscape of North India for the last 33 years

ലക്ഷങ്ങൾ ചിലവഴിക്കുന്നതിനുമുമ്പ് ഒരു നിമിഷം!

സർജ്ജറി ഒഴിവാക്കാം
പാർശ്വഫലങ്ങളില്ലാത്ത
ആയുർവേദ
ചികിത്സയ്ക്ക്

നവജ്യോതി
ആയുർവേദ ഹോസ്പിറ്റൽ



ഡിസ്ക് തകരാറുകൾ

വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

കാലപ്പഴക്കമേറിയ നടുവേദന മുതൽ ഡിസ്ക് തള്ളൽ, അകൽച്ച, തേയ്മാനം, നീർക്കെട്ട്, രക്തമില്ലായ്മ, വിട്ടുമാറാത്ത മുട്ടുവേദന, കഴുത്തു വേദന എന്നിവയ്ക്ക് ചുരുങ്ങിയ ദിവസം കൊണ്ട് ഫലപ്രാപ്തി

വാതരോഗങ്ങൾ, അൾസർ, പ്രമേഹം, കൊളസ്ട്രോൾ, ബ്ലഡ് പ്രഷർ, കൊഴുപ്പ്, സോറിയാസിസ്, പൈൽസ്, മൈഗ്രേൻ, താരൻ, വെള്ളപ്പോക്ക്, മുടികൊഴിച്ചിൽ, ആസ്മ തുടങ്ങിയവയ്ക്ക് പ്രത്യേകമായ പച്ചമരുന്ന് ചികിത്സകൾ ലഭ്യമാണ്.

തിരുമ്മു ചികിത്സയ്ക്ക് വരുന്നവർക്ക് താമസസൗകര്യം ക്രമീകരിക്കുന്നു.



ബിനോയി വൈദ്യർ

നവജ്യോതി ആയുർവേദ ഹോസ്പിറ്റൽ
പായിപ്പാട്, തിരുവല്ല,
ഹെഡ് ഓഫീസ്: പയ്യന്നൂർ, കണ്ണൂർ, 09496214000, 09048712570

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.